لا إله إلا الله محمد رسول الله

# സത്യദൂതൻ

**വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

**പുസ്തകം 71**
**ലക്കം 2**

ഫെബ്രുവരി 2003
തബ്‌ലീഗ് 1382
ദുൽക്കഅ്ദ് - ദുൽഹിജ്ജ 1423



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ് (ചെയർമാൻ)
കെ. വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. സലിം
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം. കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



**വരിസംഖ്യ - 100 ക.**
**ഒറ്റപ്രതി - 10 ക**



വിലാസം
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**


## ഉള്ളടക്കം


4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

**ലേഖനം**

6 ***ബൈത്തുല്ലാഹ്: അല്ലാഹുവിന്റെ പ്രഥമ ഭവനം***
കെ. ഏ. നദീർ, കോഴിക്കോട്

10 ***'ത്വവാഫ്': ദൈവാനുരക്തിയുടെ ഭ്രമണവൃത്തം***
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

12 ***കഅബ: തിരുനബി (സ)യുടെ ആഗ്രഹങ്ങൾ***
ഏ. എം. മുഹമ്മദ് സലിം

14 ***ഹസ്റത്ത് ഹംസ (റ)***
ഫുആദ് എ. ജലീൽ

21 **ദൈവം സർവ്വവ്യാപി അല്ലേ?**
എൻ. അബ്ദുർറഹീം

23 ***ദീർഘായുസ്സിന്റെ രഹസ്യം***
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

33 ***ഇസ്‌ലാമും ദേശീയതയും***
അസ്ഗറലി എഞ്ചിനീയർ

**പംക്തികൾ**

18 **കൊതിതീരാത്ത രക്തദാഹം**
കെ. പി. അഹ്മദ്

27 ***വഹ്‌യ് അഥവാ ദിവ്യവെളിപാട് തുടർന്നു ലഭിക്കുമെന്ന് വിശുദ്ധഖുർആൻ***
ഏ. പി. കുഞ്ഞാമു

31 ***ദൈവം യാതന സഹിക്കുമോ?***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**കവിത**

20 ***ദിവ്യധാര***
എസ്.വി. സുബൈദ, പഴയങ്ങാടി

**കുറിപ്പുകൾ**

36 ***റെയ്‌ലിയൻ വിശ്വാസികളുടെ 'ഹവ്വ' ജനിച്ചുവോ?***

38 ***ആഗോളവത്കരണത്തിനെതിരെ മറ്റൊരു ലോകം സാധ്യമാണ്***

41 ***ഇറാഖിന് ഏതാനും ദിവസങ്ങൾ മാത്രം***

42 ***വാർത്തകൾ, അനുസ്മരണം***


***മുഖചിത്രം: മസ്ജിദുന്നബ്‌വി***


Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

ഓർക്കുക, ഇബ്‌റാഹീമിനു നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം. (നാം അദ്ദേഹത്തോട് കൽപ്പിച്ചു) നീ എനിക്ക് ഒരു വസ്തുവിനെയും പങ്കാളിയാക്കിവെക്കരുത്. ത്വവാഫ് ചെയ്യുന്നവർക്കും നിന്നും കുനിഞ്ഞും കുമ്പിട്ടുംകൊണ്ട് ആരാധന നടത്തുന്നവർക്കുംവേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കിവെക്കുക. (22:27)


## നബിവചനം

നബിസ(സ) അരുളി: ''അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബ്ബന്ധമാക്കയിരിക്കുന്നു.'' അപ്പോൾ അഖ്‌റഉബ്‌നു ഹാബിസ് (റ) ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഓരോ കൊല്ലത്തിലും നിർബന്ധമാണോ?' റസൂൽ (സ) പ്രതിവചിച്ചു: ''ഞാൻ അങ്ങനെ പറഞ്ഞാൽ അത് നിർബ്ബന്ധമായിത്തീരും. ഹജ്ജ് ഒരു തവണ മാത്രമേ നിർബ്ബന്ധമുള്ളൂ. കൂടുതൽ തവണ ചെയ്യുന്നത് ഐച്ഛിക കർമ്മമാണ്." (മുസ്‌ലിം)

**യുഗശബ്ദം**

# ത്വവാഫിന്റെ യാഥാർത്ഥ്യം

**ഹസ്‌റത്ത് അഹ്‌മദ് (അ)**



കഅ്ബത്തുല്ലാഹ് ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയായുണ്ടാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു: 'നോക്കുക ഇതെ ന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്‌റുൽ അസ്‌വദാണ്'. ഈ കിൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയെയും സ്നേഹഭാവത്തെയും പ്രകടിപ്പിക്കുവാനാണ്. അതുകൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിനുള്ള പുണ്യസ്ഥലങ്ങളിൽ ചെന്നു ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ ചുറ്റുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജ്ജിച്ച് തലമുണ്ഡനം ചെയ്തു ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമലേശമില്ലാതെ പ്രേമാർത്ഥരെപ്പോലെ അവന്റെ ആസ്ഥാനത്തെ വലയംചെയ്യുന്നു. ഹജ്‌റുൽ അസ്‌വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്നുകരുതി സ്നേഹരൂപേണ അതിനെയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവുമായ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു. ശരീരം ദൈവത്തിന്റെ ഭവനത്തെ വലയം വെക്കുകയും അവന്റെ ആസ്ഥാനത്തിലെ കല്ലിനെ ചുംബിക്കുകയും ചെയ്യുമ്പോൾ ആത്മാവ് അവനോടുള്ള പ്രേമാതിരേകത്താൽ ആത്മീയമായും പ്രസ്തുത ഭവനത്തെ വലയം വെക്കുകയും ഹജറുൽ അസ്‌വദിനെ ചുംബിക്കുകയും ചെയ്യുന്നു. ഇതൊരിക്കലും ശിർക്കാകുന്നില്ല. ഒരു സ്നേഹിതൻ തന്റെ പ്രേമഭാജനത്തിൽനിന്നു ലഭിച്ച ലിഖിതത്തെ സ്നേഹവായ്പോടുകൂടി ചുംബിക്കുന്നില്ലേ? ഒരു മുസ്‌ലിമും കഅ്ബത്തുല്ലായെ വണങ്ങുന്നില്ല. അതേ പ്രകാരം ആരാധകർ ഹജ്‌റുൽ അസ്‌വദിനോട് സഹായമർത്ഥിക്കുന്നുമില്ല. ഈ ചടങ്ങുകളൊക്കെ ദൈവത്തോടുള്ള സ്നേഹപ്രകടനത്തിന്റെ പ്രതീകങ്ങൾ മാത്രമാണ്. നാം നമസ്കരിക്കുമ്പോൾ ഭൂമിയിൽ ശിരസ്സുവെച്ചു സുജൂദു ചെയ്യുന്നു. എന്നാൽ ആരും തന്നെ ഭൂമിയെ വണങ്ങുന്നില്ല. അതേപ്രകാരം ഹജ്‌റുൽ അസ്‌വദിനെ ചുംബിക്കുന്നതിന്റെ ഉദ്ദേശ്യം, യഥാർത്ഥത്തിൽ ആ കല്ലിനെ ചുംബിക്കുകയല്ല. കല്ലു കല്ലുതന്നെയാണ്. അത് ആർക്കും ഒരു നഷ്ടവും നേട്ടവും ഉണ്ടാക്കിക്കൊടുക്കുന്നില്ല.

***(ചശ്മയെ മഅ്‌രിഫത്ത് 100, 101)***

മുഖക്കുറിപ്പ്

# ചരിത്രം ആവർത്തിക്കുന്നു

എല്ലാ ആത്മീയ ജീവിതതത്ത്വശാസ്ത്രങ്ങളെയും അതിജയിച്ച് ലോകത്തിന്റെ നെറുകയിൽ വെന്നിക്കൊടി പാറിക്കുമെന്ന വിജയവാഗ്ദാനമുള്ള മതമാണ് ഇസ്‌ലാം. പതിനാല് നൂറ്റാണ്ടുകൾ പിന്നിട്ട മുസ്‌ലിം ചരിത്രം ഇന്ന് എത്തിനിൽക്കുന്നതെവിടെയാണ്? ദാരുണമായ ഒരു പതനത്തിലാണ് ഇന്ന് മുസ്‌ലിംലോകം. ലോകത്തിന്റെ ആദരം പിടിച്ചെടുത്തിരുന്ന മുസ്‌ലിംകൾ ഇത്രയും അരക്ഷിതരും, നിസ്സഹായരും, ഭയം ബാധിക്കപ്പെട്ടവരുമായ ഒരു കാല ഘട്ടമുണ്ടായിട്ടുണ്ടോ? ലോകമുസ്‌ലിംകളുടെ പ്രാതിനിധ്യം വഹിച്ച് ഹാജിമാർ അറഫയിൽ സമ്മേളിക്കുമ്പോൾ തൊട്ടടുത്ത് ഇറാഖിൽ തങ്ങളുടെ സഹോദരന്മാരെ കൊന്നൊടുക്കാനും ഭൂമി പിടിച്ചെടുക്കാനും ക്രൈസ്തവ-യഹൂദ സൈന്യങ്ങൾ മുസ്‌ലിം ഭരണാധികാരികളുടെ തട്ടകങ്ങളിൽ പാളയമടിക്കുകയാണ്. ഒരു ദശാബ്ദകാലത്തെ ഉപ രോധംകൊണ്ട് ഇറാഖിന്റെ ഇളംതലമുറ ഏറക്കുറെ മുഴുവനും നശിച്ചൊടുങ്ങി. ബാക്കിയായ ജീവച്ഛവങ്ങളെ കൂടി അവർക്ക് കൊന്നുതീർക്കേണ്ടിയിരിക്കുന്നു. അഫ്ഗാനിസ്താനിലെ നരമേധങ്ങൾക്കുശേഷം ഇറാഖാണ് ബലി പീഠത്തിൽ. തീർന്നില്ല, അതിന് ശേഷം പാക്കിസ്താൻ, ഇറാൻ, ലിബിയ മുതലായ രാജ്യങ്ങളിലേക്ക് ഇരമ്പിക്കയ റാനും കൊന്നുതീർക്കാനും പിടിച്ചെടുക്കാനുമുള്ള ആസൂത്രണങ്ങളും നിഗൂഢപദ്ധതികളുമായി ഈ ആസുര ശക്തി തക്കം പാർത്തിരിക്കുന്നു.

മുസ്‌ലിം സമുദായത്തിനുമേൽ നാശം വന്ന് ചുടലനൃത്തമാടുന്നത് നമ്മുടെ ഹൃദയം തകർക്കുന്ന ഒരു അനു ഭവ സത്യമാണ്. ഇത്തരത്തിലുള്ള ഭയാനകമായ യാഥാർത്ഥ്യങ്ങളിൽ ഗൗരവമായ ഗുണപാഠമുണ്ടെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: "ഇവർക്ക് മുമ്പ് പല തലമുറകളെയും നാം നശിപ്പിച്ചുവെന്ന കാര്യം ഇവർക്ക് മാർഗ്ഗദർശനം നൽകുന്നില്ലേ? അവരുടെ വാസസ്ഥലങ്ങളിൽ ഇവർ സഞ്ചരിക്കുന്നു. തീർച്ചയായും ഇതിൽ പല ദൃഷ്ടാന്തങ്ങളു മുണ്ട്. എന്നിട്ടവർ കേൾക്കുന്നില്ലേ? വരണ്ട ഭൂമിയിലേക്ക് നാം മഴവെള്ളത്തെ നയിച്ചുകൊണ്ട് പോകുന്ന കാര്യം അവർ കാണുന്നില്ലേ? എന്നിട്ട്, അതുവഴി നാം കൃഷി ഉത്പാദിപ്പിക്കുന്നു." (32:27,28).

അഭ്യന്തരമായും ബാഹ്യമായും സർവ്വവ്യാപകമായി ബാധിച്ച ഈ നാശത്തിൽ നിന്ന് എന്താണ് രക്ഷ? വരണ്ട് വന്ധ്യമായ ഭൂമിയെ ജീവജലം പകർന്ന് ഹരിതാഭമാക്കുന്നത്പോലെ ആത്മീയവർഷംകൊണ്ട് മനുഷ്യസമൂഹത്തെ പുഷ്‌ക്കലമാകുന്ന ഒരു ദൈവിക നിയമത്തെ സൂചിപ്പിക്കുകയാണിവിടെ. സനാതനമായ ഒരു ദൈവിക സമ്പ്രദാ യത്തിലൂടെയാണ് നാശവിമുക്തിയും ജീർണവിമോചനവും സംഭവിക്കുക. അതാണ് നാശത്തിൽ നിന്നുള്ള മാർഗ്ഗ ദർശനമായി ഖുർആൻ പറയുന്നത്. ഖുർആന്റെ ചരിത്ര വിവരണത്തിന്റെ സാരാംശമതാണ്. സനാതനമായ ഈ ചരിത്രനിയമം മാത്രം മുസ്‌ലിംകൾ ശ്രദ്ധിക്കുന്നില്ല. വിശുദ്ധഖുർആൻ പറയുന്നു: "ഒരു നാടിനേയും അതിന് താക്കീത്കാരനുണ്ടായിട്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല. ഉപദേശമെത്തിക്കാൻ വേണ്ടിയാണ് നാം അങ്ങനെ ചെയ്ത ത്. നാം അനീതി കാണിക്കുന്നവനല്ല തന്നെ". (26:209,210)

നുബ്ബൂവ്വത്ത് കൊണ്ട് അനുഗൃഹീതനായ ഒരു മഹാത്മാവിനെപ്പറ്റി മഹ്ദീ മസീഹിനെപ്പറ്റി എത്ര ശക്തവും വ്യക്തവുമായ രീതിയിലാണ് മുഹമ്മദ് നബി (സ) സുവിശേഷമറിയിച്ചത്. ആ മഹാത്മാവ്, ഹസ്റത്ത് അഹ്മദ് (അ) യഥാകാലം അവതരിച്ചു. പക്ഷേ, മുസ്‌ലിംലോകം അദ്ദേഹത്തെ നിഷേധിച്ചു; പരിഹസിച്ചുതള്ളി. തിരുനബി (സ)യുടെ വ്യക്തമായ പ്രവചനസാക്ഷാത്ക്കാരത്തെ അവഗണിച്ചുകൊണ്ട് നിഷേധികളായ മുസ്‌ലിം ലോകം ഒരിക്കലും കരകയറാൻ സാധ്യമല്ലാത്ത വിനാശത്തിന്റെ നിലയില്ലാക്കയങ്ങളിലേക്ക് നീങ്ങിക്കഴിഞ്ഞു. പരാജയ ങ്ങളിൽ നിന്നു വിജയങ്ങളിലേക്ക് മനുഷ്യസമൂഹങ്ങളെ വഴിനടത്തുന്നതും ആവർത്തിച്ചുകൊണ്ടിരിക്കുന്നതും സനാതനവുമായ ഒരു ചരിത്രനിയമം, ഖുർആൻ ഉണർത്തിയത് മുസ്‌ലിംലോകം ശ്രദ്ധിച്ചിരുന്നുവെങ്കിൽ!

"പല നാട്ടുകാരിൽ നിന്നും നാം ദിവ്യസന്ദേശം (വഹ്‌യ്) നൽകിക്കൊണ്ടിരുന്ന ചില പുരുഷന്മാരെയല്ലാതെ നിനക്ക് മുമ്പ് നാം പ്രവാചകനായി നിയോഗിച്ചിട്ടില്ല. എന്നാൽ ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് അവർക്ക് നോക്കിക്കാണാമായിരുന്നു. സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രികഭവനം ഏറ്റവും ഗുണകരമാണ്. എന്നിട്ട് നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അവസാനം ദൂതന്മാർ (ജനങ്ങളെക്കുറിച്ച്) നിരാശപ്പെടുകയും തങ്ങളോട് അസത്യം പറയപ്പെട്ടുവെന്ന് (ജനങ്ങൾ തെറ്റായി) ധരിക്കുകയും ചെയ്തപ്പോൾ അവർക്ക് (പ്രവാചകൻമാർക്ക്) നമ്മുടെ സഹായം വന്നുകിട്ടി. അപ്പോൾ നാം ഉദ്ദേശിച്ചിരുന്നവർ രക്ഷിക്കപ്പെട്ടു. കുറ്റവാളികളായ ജനങ്ങളിൽനിന്ന് നമ്മുടെ ശിക്ഷ തിരിച്ചുവിടപ്പെടുകയി ല്ല. അവരുടെ ചരിത്രവിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠമുണ്ട്. ഇത് കെട്ടിച്ചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച്, ഇതിന് മുമ്പുള്ളതിന്റെ സാക്ഷാൽക്കാരവും എല്ലാ കാര്യങ്ങൾക്കുമുള്ള വിശദീകരണവും സത്യവി ശ്വാസികൾക്ക് ഒരു മാർഗ്ഗദർശനവും ഒരു കാരുണ്യവുമാണ്" (12:110-112) ■

ലേഖനം

# ബൈത്തുല്ലാഹ്: അല്ലാഹുവിന്റെ പ്രഥമ ഭവനം

കെ.ഏ. നദീർ, കോഴിക്കോട്

## കഅബയുടെ നിർമ്മാണം ചരിത്രഘട്ടങ്ങളിലൂടെ

ലോക ചരിത്രത്തിന്റെ താളുകൾ മറിച്ചു നോക്കിയാൽ ഒരിടത്തും കാണാൻ കഴിയാത്ത പ്രസിദ്ധിയും, പരിശുദ്ധവുമായ ചരിത്രപശ്ചാത്തലവുമാണ് അല്ലാഹുവിന്റെ പ്രഥമ ഭവനത്തിനുള്ളത്. നൂറ്റാണ്ടുകളായി ഒരു സമുദായത്തിന്റെ അനുയായികൾ ചെയ്തുവന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളുടെയും അർപ്പണബോധത്തിന്റെയും പരിണിതിയെന്നോണമാണ് അല്ലാഹുവിന്റെ പ്രഥമ ഭവനം ഇന്നും നിലകൊള്ളുന്നത്. ഹസ്റത്ത് ആദം (അ) ആയിരുന്നു അല്ലാഹുവിന്റെ ഈ പരിശുദ്ധ ഭവനം ആദ്യമായി നിർമ്മിച്ചിരുന്നത് എന്ന് ഇസ്ലാമിക ചരിത്രഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുന്നു. ഇതെക്കുറിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അരുൾ ചെയ്യുന്നു: "വിവിധ രിവായത്തുകളുടെയും ഖുർആനിക വചനങ്ങളുടെ നിർവചനങ്ങളുടെയും അടിസ്ഥാനത്തിൽ എനിക്ക് മനസ്സിലാകുന്നത് ഹസ്റത്ത് ആദം (അ)ന്റെ ജീവിതകാലത്ത് ലോകത്തിന്റെ ചുരുങ്ങിയ ഒരു ഭാഗത്ത് മാത്രമായിരുന്നു ജനങ്ങൾ വസിച്ചിരുന്നത് എന്നും, തത്സമയം ഹസ്റത്ത് ആദം (അ) മുഖേനയാണ് അല്ലാഹു അവന്റെ പ്രഥമഭവനം പണികഴിപ്പിച്ച്കൊണ്ട് അതിനെ മനുഷ്യകുലവുമായി ബന്ധിപ്പിച്ചിരിക്കുന്നത് എന്നുമാണ്. പിന്നീട് മനുഷ്യർ വിവിധ വംശങ്ങളും, സമുദായങ്ങളുമായി പിരിയുകയും മനുഷ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ച്, അവിടങ്ങൾ തങ്ങളുടെ വാസസ്ഥലമാക്കുകയും ചെയ്തു. അതനുസരിച്ചാണ് അല്ലാഹു വിവിധ സ്ഥലങ്ങളിലേക്കും, സമുദായങ്ങളിലേക്കും വെവ്വേറെ നബിമാരെ നിയോഗിച്ചിരുന്നത്."

"ആദമിന്റെ സന്തതികൾ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് വ്യാപിച്ചുകൊണ്ട് പല പല സമുദായങ്ങളായി മാറിയപ്പോൾ ഒരു ലക്ഷത്തിലധികം നബിമാരെ വിവിധ സമുദായങ്ങളിലേക്കും, സ്ഥലങ്ങളിലേക്കുമായി അല്ലാഹു നിയോഗിച്ചിരുന്നുവെന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. ഇങ്ങനെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കുമായി വ്യാപിക്കേണ്ടിവന്ന സാഹചര്യത്തിൽ ആദം സന്തതികൾക്ക് മനുഷ്യകുലത്തിന്നാകമാനം അല്ലാഹു നിർമ്മിച്ച അവന്റെ ഭവനത്തെ (ബൈത്തുല്ലാ) പാടെ വിസ്മരിച്ച് ജീവിക്കേണ്ട സാഹചര്യം സംജാതമാകുകയും അങ്ങനെ അന്നത്തെ ജനങ്ങളുടെ ഈയൊരു അനാസ്ഥ കാരണം ബൈത്തുല്ലായുടെ അടയാളംപോലും നശിച്ചുപോവുകയുമാണുണ്ടായത്. അങ്ങനയാണ് ബൈത്തുല്ലായെ പുനർനിർമ്മിക്കാനും അതിനെ സംരക്ഷിക്കാനും അല്ലാഹു ഹസ്റത്ത് ഇബ്റാഹീം നബി (അ)യെയും അദ്ദേഹത്തിന്റെ സന്തതികളെയും ഭരമേൽപ്പിക്കാൻ തീരുമാനിച്ചത്". (തഅ്മീർ ബൈത്തുല്ല പേ:5)

ചുരുക്കത്തിൽ ബൈത്തുല്ലായുടെ ആദ്യനിർമ്മാണം ഹസ്റത്ത് ആദം (അ) മുഖേനയായിരുന്നു അല്ലാഹു നിർവ്വഹിച്ചത്. അതുകൊണ്ടാണ് കഅബയെ കുറിച്ച് ഖുർആനിൽ ബൈത്തുൽ അത്തീഖ് (സൂറ: ഹജ്ജ്: ആ. 30) അഥവാ പുരാതനഭവനം എന്നും 'അവ്വല ബൈത്ത്' ( അഥവാ (അല്ലാഹുവിന്റെ) പ്രഥമഭവനം സൂറ:ആലുഇംറാൻ-97) എന്നും വിവരിക്കപ്പെട്ടിട്ടുള്ളത്. ഇത് നിർമ്മിക്കാനുള്ള വാസ്തുദ്രവ്യങ്ങൾ (Building Materials) അല്ലാഹു ആകാശത്തുനിന്ന് ഇറക്കിയതാണ് എന്നും വെള്ള നിറത്തിലുള്ള ആ കല്ലുകൾ, അവ ഭൂമിയിലേക്ക് പതിച്ചപ്പോൾ കറുത്ത നിറമായി തീരുകയാണുണ്ടായതെന്നും വിശ്വസിക്കപ്പെടുന്നു. പ്രസ്തുത കല്ലുകൾ തന്നെയാണ് ആരംഭകാലത്ത് അല്ലാഹുവിന്റെ പ്രഥമഭവന നിർമ്മാണത്തിന്നുപയോഗിച്ചതെന്നും പിൽക്കാലത്ത് പരിശുദ്ധ കഅബക്ക് സംഭവിച്ച നാശത്തിൽ അവശേഷിച്ച ഒരു കല്ലാണ് 'ഹജ്റുൽ അസ്വദ്' അഥവാ 'കറുത്ത കല്ല്' എന്നുമാണ് കരുതപ്പെടുന്നത്. അല്ലാഹുവിന്റെ പ്രഥമഭവനത്തിന്റെ ഓർമ്മക്കായി ഇന്നും ഈ കല്ല് സുരക്ഷിതമായി അല്ലാഹുവിന്റെ ഭവനത്തിന്റെ മടിത്തട്ടിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

### ഹസ്റത്ത് ഇബ്റാഹീം നബി (അ)യുടെ കാലത്തുള്ള നിർമ്മാണഘട്ടം

അല്ലാഹു ഖുർആനിൽ ഇപ്രകാരം പറയുന്നു: "ഓർക്കു

ക, ഇബ്റാഹീമിന്ന് നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം. (നാം അദ്ദേഹത്തോട് കൽപ്പിച്ചു): നീ എനിക്ക് ഒരു വസ്തുവിനെയും പങ്കാളിയാക്കി വെക്കരുത്. ത്വവാഫ് ചെയ്യുന്നവർക്കും, നിന്നും, കുനിഞ്ഞും കുമ്പിട്ടുംകൊണ്ട് ആരാധന നടത്തുന്നവർക്കുംവേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക".

(സൂറ : ഹജ്ജ് : ആ : 27)

ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്തുത ആയത്തിന്ന് നൽകിയിരുന്ന പരിഭാഷയിൽ "ഹസ്റത്ത് ഇബ്റാഹീം നബി (അ)ക്ക് അല്ലാഹു കശ്ഫി (ദർശനം)ലൂടെ ബൈത്തുല്ലാ മുമ്പ് സ്ഥിതിചെയ്തിരുന്ന സ്ഥലം കാണിച്ച് കൊടുക്കുക യുണ്ടായി എന്നാണ് അരുൾ ചെയ്തിരിക്കുന്നത്. ഇതിൽനിന്നു മനസ്സിലാകുന്നത് പ്രസ്തുത കശ് ഫിന്റെ അടിസ്ഥാനത്തിലായിരുന്നു ഹസ്റത്ത് ഇബ്രാഹീം നബി (അ) തന്റെ പ്രിയപത്നിയെയും പിഞ്ചുകുഞ്ഞിനെയും (ഹസ്റത്ത് ഹാജറയെയും ഹസ്റത്ത് ഇസ്മാഈൽ നബി (അ)യെയും) വിജനമായ മരുഭൂമിയിൽ 'സഫ ,മർവ' പർവ്വതങ്ങളുടെ ഇടയിൽ വിട്ടേച്ചു പോന്നത് എന്നാണ്.

അതിന്ന് ശേഷമാണ് ഹസ്റത്ത് ഇബ്റാഹീം (അ) തന്റെ പുത്രനായ ഹസ്റത്ത് ഇസ്മാഈൽ (അ)ന്റെ സഹായത്തോടെ വീണ്ടും ബൈത്തുല്ലായുടെ നിർമ്മാണമാരംഭിച്ചത്. ഇതേക്കുറിച്ച് വിശുദ്ധ ഖുർആനിൽ വിവരിക്കുന്നതിപ്രകാരമാണ്.

"ഓർമ്മിക്കുക! ഇബ്രാഹീമും ഇസ്മാഈലും (മക്കയിലെ) ആ മന്ദിരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തുകയായിരുന്നപ്പോൾ, (അവർ പ്രാർത്ഥിച്ചു) 'ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്നു (ഈ സേവനത്തെ) സ്വീകരിക്കേണമേ! നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ" (സൂറ:ബഖറ: ആ:128)

ഖുർആനിൽ വീണ്ടും പറയുന്നു:

"അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്രാഹീമിന്റെ (നമസ്ക്കാര) സ്ഥാനമാണ് (അത്). അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടെയും യാതൊരു വിധ ആശ്രയവുമില്ലാത്തവനാണ് (എന്ന് മനസ്സിലാക്കിക്കൊള്ളട്ടെ)" (സൂറ : ആലുഇംറാൻ: ആ : 98)




*കഅബയുടെ നിർമ്മാണം വിവിധ കാലഘട്ടങ്ങളിൽ*

*1. ഇബ്റാഹിം നബി (അ)യുടെ കാലഘട്ടത്തിൽ. 2. തിരുനബിക്ക് മുമ്പ് (ഏ.ഡി. 370) 3. ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ (ഏ.ഡി. 610). 4. അമവിയ ഖിലാഫത്തിന്റെ കീഴിൽ (ഏ.ഡി. 710). 5. അബ്ബാസിയ കാലഘട്ടത്തിൽ (ഏ.ഡി. 923). 6. ഉസ്മാനിയ കാലഘട്ടത്തിൽ (ഏ.ഡി. 1800). 7. ആധുനികഘട്ടം*

കഅബത്തുല്ലായെ ഹസ്റ ത്ത് ഇബ്റാഹീം നബി (അ) നിർമ്മിച്ചിരുന്നത് ചുവന്ന കല്ലുകൾ കൊ ണ്ടായിരുന്നു. അത് സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് പലപ്പോഴായി ഉണ്ടായിക്കൊണ്ടിരുന്ന വെള്ളപ്പൊക്കത്തിൽ കഅബയുടെ ചുറ്റുമുള്ള സ്ഥലത്ത് നിന്ന് മണ്ണും കല്ലും ഒലിച്ച് പോയതിനാൽ വെള്ളപ്പൊക്കത്തിൽ നിന്ന് സുരക്ഷിതമായി സ്ഥിതിചെയ്തിരുന്ന കഅബത്തുല്ലയുടെ ചുറ്റുമുള്ള സ്ഥലം പിൽക്കാലത്ത് താഴ്ന്ന പ്രദേശമായി മാറുകയുണ്ടായി.

ഹസ്റത്ത് ഇബ്റാഹീം നബി (അ)ക്ക് ശേഷം ബനൂജർഹം, ഖസാഅ, ഖുറൈശ് എന്നീ ഗോത്രക്കാർ അവരവരുടെ ഭരണകാലഘട്ടങ്ങളിൽ കഅബത്തുല്ലായുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊണ്ടിരുന്നു. ആരംഭകാലഘട്ടങ്ങളിൽ കഅബയുടെ മുകളിൽ പുതപ്പിടാറില്ലായിരുന്നു. യമനിലെ രാജാവായിരുന്ന തബഅ് അസദ് അവർകൾ ഒരു ദർശനത്തിൽ കഅബയുടെ മുകളിൽ പുതപ്പ് ധരിപ്പിക്കുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹമാണ് ആദ്യമായി കഅബയുടെ മുകളിൽ

പുതപ്പ് ധരിപ്പിച്ചത്. പ്രസ്തുത ആചാരം ഇപ്പോഴും നില നിൽക്കുന്നുണ്ട്.

## ഖുറൈശികളുടെ കാലത്തുള്ള നിർമ്മാണഘട്ടം

ഹസ്റത്ത് നബി കരീം (സ)ന്റെ നുബുവ്വത്ത് വാദത്തിന്ന് മുമ്പ് പുണ്യ കഅബയെ ഖുറൈശ്കാർ പുനർനിർമ്മിച്ച സംഭവം ഇസ്ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവമാണ്. മക്കാ പട്ടണത്തിൽ വളരെ താഴ്ന്ന പ്രദേശത്തായിരുന്നു ബൈത്തുല്ലാ സ്ഥിതി ചെയ്തിരുന്നത്. അതുകൊണ്ട് പ്രതികൂലാവസ്ഥയിൽ ബൈത്തുല്ലാക്ക് എപ്പോഴും കേടുപാടുകൾ സംഭവിക്കാറുണ്ടായിരുന്നു. അതുകാരണം ഖുറൈശികൾ ബൈത്തുല്ലായുടെ പുനർനിർമ്മാണത്തിന്ന് വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന്ന് നിരവധി വർഷങ്ങൾതന്നെ എടുത്തുവെന്നാണ് ചരിത്രസംഭവങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. അല്ലാഹുവിന്റെ പ്രഥമഭവനത്തിന്റെ പുനർനിർമ്മാണത്തിന്നാവശ്യമായ സാധനസാമഗ്രികളെല്ലാം തയ്യാറായപ്പോൾ ബൈത്തുല്ലാ പൊളിച്ച് മാറ്റേണ്ട അവസരം വന്നു. തദവസരം ഖുറൈശികൾ അങ്ങേയറ്റം ഭയപ്പെട്ടിരുന്നു. കാരണം അതുമൂലം അവർക്ക് അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുമോയെന്ന ഭയമുണ്ടായിരുന്നു. അവസാനം ധൈര്യം സംഭരിച്ചുകൊണ്ട് വലീദ്ബ്നു മുഗൈറ ആയിരുന്നു പ്രസ്തുത കാര്യനിർവ്വഹണത്തിന്ന് ആരംഭം കുറിച്ചത്. പിന്നീട് എല്ലാ ഗോത്രക്കാരും നിർമ്മാണ പ്രവർത്തനത്തിൽ പങ്കുകൊള്ളുകയുണ്ടായി. ബൈത്തുല്ലായുടെ പഴയ കെട്ടിടം പൊളിച്ച് നീക്കാൻ തന്നെ കുറെ കാലമെടുത്തുവെന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത് ഹസ്റത്ത് നബികരീം (സ)ന്റെ ജീവിതകാലത്തായിരുന്നുവെന്നും, അങ്ങനെ കഅബയുടെ പുനർനിർമ്മാണ ജോലി ഹജ്റുൽ അസ്‌വദ് സ്ഥിതി ചെയ്തിരുന്ന ഭാഗത്തെത്തുമ്പോഴേക്ക് തന്നെ എത്രയോ വർഷങ്ങളെടുത്തുവെന്നും ഹജ്റുൽ അസ്‌വദിനെ അതിന്റെ യഥാർത്ഥ സ്ഥാനത്ത് വെക്കുന്ന കാര്യത്തിൽ ഖുറൈശി ഗോത്രക്കാരിൽ അഭിപ്രായഭിന്നതക്കും പരസ്പര ശത്രുതക്കും കാരണമായിതീരുകയുണ്ടായി എന്നും ചരിത്രത്തിൽ നിന്നു മനസ്സിലാകുന്നു. അവിടുത്തെ പ്രമുഖനായിരുന്ന അബൂ ഉമ്‌യാബിൻ മുഗൈറയുടെ അഭിപ്രായപ്രകാരം അടുത്ത ദിവസം രാവിലെ ആദ്യമായി ഹറം ശരീഫിൽ ആരാണോ പ്രവേശിക്കുന്നത് ആ ആളുടെ അഭിപ്രായം എല്ലാവർക്കും അംഗീകരിക്കാം എന്ന തീരുമാനത്തിലെത്തുകയാണുണ്ടായത്. അതനുസരിച്ച് അടുത്തദിവസം ഹറം ശരീഫിൽ ആദ്യമായി കടന്ന് വരുന്ന മുഹമ്മദ് നബി (സ)യെയാണ് ഖുറൈശികൾക്ക് കാണാൻ കഴിഞ്ഞത്. അദ്ദേഹത്തെ കണ്ട ഉടനെ ഖുറൈശികൾ 'ഇദ്ദേഹമാണ് അമീൻ (വിശ്വസ്തൻ). ഇദ്ദേഹത്തിന്റെ തീരുമാനം നമുക്ക് സമ്മതമാണെന്ന്' എന്നു പ്രഖ്യാപിക്കുകയും ചെയ്തു. അപ്പോൾ റസൂൽ (സ)ന്ന് 35 വയസ്സ് പ്രായമായിരുന്നു. അങ്ങനെ അതുവരെ കഅബയുടെ നിർമ്മാണ പ്രവർത്തനത്തിന്ന് തടസ്സമായിരുന്ന ഹജ്റുൽ അസ്‌വദിനെ റസൂൽ (സ) നിർദ്ദേശിച്ച സ്ഥലത്ത് വെക്കുകയുണ്ടായി. റസൂൽ (സ) തങ്ങളുടെ വിരിപ്പിൽ ഹജ്റുൽ അസ്‌വദ് വെക്കുകയും വിരിപ്പിന്റെ ഓരോ അറ്റവും ഖുറൈശി ഗോത്രക്കാരുൾപ്പെടെ എല്ലാവരും പിടിച്ചുകൊണ്ട് യഥാർത്ഥ സ്ഥാനത്ത് എത്തിയപ്പോൾ റസൂൽ (സ) തന്നെ അവിടുത്തെ പവിത്ര കരങ്ങളാൽ ഹജ്റുൽ അസ്‌വദിനെ യഥാസ്ഥാനത്ത് വെക്കുകയും ചെയ്യുകയാണുണ്ടായത് എന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

ഈ സംഭവങ്ങളെല്ലാം ഹസ്റത്ത് നബികരീം (സ)ന്റെ നുബുവ്വത്ത് വാദത്തിന് മുമ്പായിരുന്നു. ഇബ്റാഹീം നബിയുടെ കാലഘട്ടത്തിൽ കഅബ ഒരു വീടിന്റെ രൂപത്തിലുള്ളതായിരുന്നു എന്നും ഖുറൈശികൾ കഅബയെ പുനർനിർമ്മാണം ചെയ്തപ്പോൾ മുമ്പ് കഅബക്കുള്ളിൽ സ്ഥിതി ചെയ്തിരുന്ന 'ഹഥീം' എന്ന ഭാഗത്തെ ഒഴിവാക്കിക്കൊണ്ടായിരുന്നു അവർ പുനർനിർമ്മാണം പൂർത്തിയാക്കിയിരുന്നത് എന്നും ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നു. പ്രസ്തുത ഭാഗവും കഅബയുടെ ഭാഗം തന്നെയായിരുന്നു എന്നാണ് പിൽക്കാലത്ത് റസൂൽ (സ) അരുൾ ചെയ്തിരുന്നത്.

ഹസ്റത്ത് നബി കരീം (സ)ന്റെ വഫാത്തിന്ന് ശേഷം ഹിജ്റ വർഷം 64ൽ അന്നത്തെ മക്കാ ഭരണാധികാരിയായിരുന്ന അബ്ദുല്ലാബിൻ സുബൈർ (റ) കഅബയുടെ അറ്റകുറ്റപണികൾ നടത്തിയപ്പോൾ പ്രസ്തുത ഹഥീം എന്ന ഭാഗത്തെ കഅബയോട് ചേർത്ത് പണി തീർക്കുകയുണ്ടായി. പക്ഷെ അതിന്ന് ശേഷം അബ്ദുൽ മാലിക്ക് ബിൻ മർവാൻ മക്കയുടെ ഭരണാധികാരിയായപ്പോൾ, ഹസ്റത്ത് നബി കരീം (സ)ന്റെ കാലത്ത് അദ്ദേഹം ചെയ്യാതിരുന്ന പരിവർത്തനമാണ് അബ്ദുല്ലാബിൻ സുബൈർ ചെയ്തതെന്ന് മനസ്സിലാക്കി വീണ്ടും പഴയ സ്ഥിതിയിൽ തന്നെ പൊളിച്ച് നിർമ്മിക്കുകയുണ്ടായി. വാസ്തവത്തിൽ പ്രസ്തുത ഹഥീം എന്ന ഭാഗം കഅബയുടെ ഭാഗം തന്നെയാണെന്നാണ് നബി (സ) അരുൾ ചെയ്തിരുന്നത്. ഇപ്പോഴും ഹജ്ജാജികൾ തവാഫ് ചെയ്യുമ്പോൾ ഈ ഭാഗവും ഉൾപ്പെടുത്തിക്കൊണ്ടാണ് തവാഫ് ചെയ്യാറുള്ളത്. അതിന്ന് ശേഷം കഅബ വീണ്ടും പൊളിച്ച് നിർമ്മിക്കേണ്ടി വന്നിട്ടില്ലെങ്കിലും അറ്റകുറ്റപ്പണികൾ അതാത് കാലഘട്ടങ്ങളിൽ ചെയ്തുവന്നു. പക്ഷേ, 1000 വർഷങ്ങൾക്ക് ശേഷം (966 ഹിജ്റയിൽ) മക്കയിൽ വമ്പിച്ച വെള്ളപ്പൊക്കമുണ്ടാവുകയും അതിൽ പരിശുദ്ധ കഅബ പൊളിഞ്ഞുവീഴുകയും ചെയ്തു. അങ്ങനെ 1040 ഹിജ്റയിൽ സുൽത്താൻ മുറാദ്ഖാൻ ഉസ്മാനിയാണ് കഅബയെ വീണ്ടും പുനർനിർമ്മിച്ചത്. അതിനുശേഷം 1377 ഹിജ്റയിൽ സഊദ്ബിൻ അബ്ദിൽ അസീസ് രാജാവിന്റെ ഭരണകാലഘട്ടത്തിൽ കഅബയുടെ വിപുലമായ പുനർനിർമ്മാണം നടക്കുകയുണ്ടായി. എഞ്ചിനിയർമാരുടെയും വിദഗ്ധ ജോലിക്കാരുടെയും മേൽനോട്ടത്തിൽ നടന്ന പ്രസ്തുത നിർമ്മാണഘട്ടത്തിലായിരുന്നു പരിശുദ്ധ കഅബയിൽ മാർബിൾ പതിച്ചത്.

വിശുദ്ധ ഖുർആനിലും മസ്ജിദ് ഹറമിനെ കുറിച്ച് (കഅബ) വിവിധ സ്ഥലങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ

ഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

“നിന്റെ മുഖം (ശ്രദ്ധ) കൂടക്കൂടെ ആകാശത്തേക്ക് തിരിയുന്നത് നാം കാണുന്നുണ്ട്. തന്മൂലം, നീ തൃപ്തിപ്പെടുന്ന ഒരു ഖിബ്‌ലയുടെ നേർക്ക് തീർച്ചയായും നാം നിന്നെ തിരിക്കുന്നതാണ്. അതുകൊണ്ട് നിന്റെ മുഖം (പരിശുദ്ധമായി) മസ്ജിദുൽ ഹറമിനു നേരെ തിരിക്കുക. (മുസ്‌ലിം കളേ!) നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്ക് നിങ്ങൾ മുഖങ്ങൾ തിരിക്കുക. ഇത് (ഖിബ്‌ല മാറ്റുന്നതിനുള്ള കൽപ്പന) തങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണെന്ന് ഗ്രന്ഥം (തൗറാത്ത്) നൽകപ്പെട്ടവർക്ക് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ഒരിക്കലും അശ്രദ്ധനല്ല.” (സൂറ:ബഖറ, ആ: 145)

അല്ലാഹു ഖുർആനിൽ വീണ്ടും പറയുന്നു:

“നീ എവിടെനിന്ന് പുറപ്പെട്ടാലും ‘മസ്ജിദുൽ ഹറമി’ന്റെ നേർക്ക് നിന്റെ മുഖം (ശ്രദ്ധ) തിരിക്കുക. (മുസ്‌ലിംകളേ!) നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ മുഖങ്ങളെ അതിനുനേരെ തിരിക്കുക. ജനങ്ങൾക്ക്-അവരിൽനിന്ന് അധർമ്മം പ്രവർത്തിച്ചവരൊഴികെ-(മറ്റുള്ളവർക്ക്) നിങ്ങൾക്കെതിരായി ഒരു എതിർന്ന്യായവും ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി. അതുകൊണ്ട് നിങ്ങൾ അവരെ (അധർമ്മകാരികളെ) ഭയപ്പെടരുത്. എന്നെ ഭയപ്പെടുക. (ഈ ആജ്ഞയാകട്ടെ) എന്റെ അനുഗ്രഹം നിങ്ങളുടെ മേൽ ഞാൻ പൂർത്തീകരിക്കുന്നതിനും നിങ്ങൾ നേർവഴി പ്രാപിക്കുന്നതിനും വേണ്ടിയാകുന്നു.”

(സൂറ: ബഖറ, ആ: 151)

മറ്റൊരിടത്ത് ഖുർആനിൽ ഇപ്രകാരം പറയുന്നു: “അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം നിങ്ങൾ തീർച്ചയായും സമാധാനചിത്തരും തലമുണ്ഡനം ചെയ്തവരും മുടി മുറിച്ചവരുമായി നിർഭയം ആ ആദരണീയ ദേവാലയത്തിൽ (മസ്ജിദുൽ ഹറമിൽ) പ്രവേശിക്കുമെന്ന സ്വപ്നത്തെ അല്ലാഹു തന്റെ ദൂതന് സാക്ഷാത്കരിച്ചു കൊടുത്തിരിക്കുന്നു.”

(സൂറ: ഫത്തഹ്, ആ : 28)

അല്ലാഹു വീണ്ടും പറയുന്നു:

“നീ എവിടെ നിന്ന് പുറപ്പെട്ടാലും മസ്ജിദുൽ ഹറമിന്റെ നേർക്ക് നിന്റെ മുഖം തിരിക്കുക. നിശ്ചയമായും നിന്റെ നാഥനിൽ നിന്നുള്ള സത്യമാണിത്” (സൂറ: ബഖറ, ആ: 15).

ആരംഭകാലത്ത് കഅബയുടെ ചുറ്റും മതിലുകളോ, അതിന് ചുറ്റും വീടുകളോ ഒന്നും ഇല്ലായിരുന്നു. ആ ഭാഗം ഒരു തുറന്ന പ്രദേശമായിരുന്നു. കഅബയോടുള്ള ആദരവു കാരണം ജനങ്ങൾ കഅബയുടെ അടുത്തൊന്നും വീടുകൾ വെക്കാൻ ഇഷ്ടപ്പെട്ടാറില്ലായിരുന്നു. ഹസ്റത്ത് നബി കരീം (സ)ന്റെ ഉപ്പാപ്പയുടെ ഉപ്പയായിരുന്ന ഖുസിയബിൻ ഖലാബിന്റെ ഭരണകാലത്ത് ദാറുന്നദ്‌വ എന്ന വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കുകയും കഅബയുടെ നാലുഭാഗവും വീടുകൾ നിർമ്മിക്കുകയും ചെയ്തു. അങ്ങനെയാണ് ജനങ്ങൾ കഅബയുടെ സമീപസ്ഥരായിക്കൊണ്ട് താമസിക്കുവാൻ തുടങ്ങിയത്. ഏകദേശം ഈ കാലയളവിൽ തന്നെയായിരുന്നു കഅബക്ക് ചുറ്റും മതിലുകൾ ഉയർത്തപ്പെട്ടത്. ഇതിനെല്ലാം പുറമെ വിവിധ കാലഘട്ടങ്ങളിൽ വിവിധ ഭരണാധികാരികൾക്ക് അല്ലാഹുവിന്റെ ഈ പ്രഥമ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപണികളും ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. അതിൽ ചിലരുടെ പേരുകളും വർഷങ്ങളും ചുവടെ ചേർക്കുന്നു.

1. ഹസ്റത്ത് ഉമർ (റ) - 17 ഹിജ്റ
2. ഹസ്റത്ത് ഉസ്മാൻ (റ) 26 ഹിജ്റ
3. ഖലീഫ അബുജാഫർ മൻസൂർ - 138 ഹിജ്റ
4. ഖലീഫ മഹ്ദി അബ്ബാസി - 160 ഹിജ്റ
5. അബുജാഫർ അഹമദ് ബിൻ മുത്തവക്കൽ - 271 ഹിജ്റ
6. അബു അബ്ബാസ് അഹ്മദ് - 284 ഹിജ്റ
7. മുഹമ്മദ് ബിൻ മൂസ - 300 ഹിജ്റ
8. മലിക്ക് നാസർബിൻ ബർഖൂഖ് - 803 ഹിജ്റ
9. സുൽത്താൻ സലീംഖാൻ - 982 ഹിജ്റ
10. സുൽത്താൻ മുഖദ്ഖാൻ ഉസ്മാനി - 983 ഹിജ്റ
11. സുൽത്താൻ അബ്ദുൽ അസീസ് അൽ സഊദ് - 1077 ഹിജ്റ

ഏ.ഡി. 1940ന് ശേഷം സഊദി ഭരണാധികാരികളുടെ മേൽനോട്ടത്തിൽ ഹറമിന്റെയും, മസ്ജിദുന്നബ്‌വിയുടെയും വിപുലവും ഇന്നത്തെ എല്ലാവിധ സൗകര്യങ്ങളുമടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തുവന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പത്ത് വർഷത്തോളം തുടർച്ചയായി നടന്നുവെന്നാണ് കണക്ക് സൂചിപ്പിക്കുന്നത്. മുഴുവനും മാർബിളിൽ പണിതീർത്ത പുതിയ സ്ഥലത്ത് ആരംഭകാലത്ത് മൂന്ന് ലക്ഷം പേർക്ക് ഒരേ സമയത്ത് നമസ്ക്കരിക്കാനുള്ള സൗകര്യമൊരുക്കിയിരുന്നു. മുമ്പുണ്ടായിരുന്നതും ഇപ്പോൾ പുനർനിർമ്മിച്ചതുമായ സ്ഥലത്ത് അല്ലാഹുവിന്റെ ഈ ആത്മീയ ഭവനം കാണുമ്പോൾ വാസ്തവത്തിൽ ഒരു ആത്മീയ അനുഭൂതി തന്നെ നമുക്കനുഭവപ്പെടുന്നതാണ്. ഈ വിനീതന് സഊദി അറേബ്യയിൽ ജോലിചെയ്യുന്ന കാലത്ത് ഒന്ന് രണ്ട് തവണ ഉംറ നിർവ്വഹിക്കാനുള്ള സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഈ പ്രഥമ ഭവനത്തിന്റെ വിശാലമായ ആത്മീയമടിത്തട്ടിൽ അന്തിയുറങ്ങാനും പുലർച്ചെ എണീറ്റ് തഹജ്ജുദ് നമസ്ക്കരിക്കാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. പരിശുദ്ധ കഅബയെ ജീവിതത്തിൽ ആദ്യമായി കാണുമ്പോൾ ചെയ്യപ്പെടുന്ന ദുആ അല്ലാഹു വളരെ സന്മനസ്സോടെ സ്വീകരിക്കുമെന്നാണ് നബി (സ) അരുൾ ചെയ്തിരിക്കുന്നത്. അതിന്റെ സത്യസാക്ഷ്യവും ഈ വിനീതൻ നേരിട്ടനുഭവിച്ചതാണ്.

ഈ പരിഷ്ക്കരിച്ച കാലഘട്ടത്തിൽ ഭൗതികതയുടെ ലഹരിയിൽ മുഴുകിക്കഴിയുന്ന സഊദി ഭരണാധികാരികളെയും അവിടുത്തെ അറബികളെയും കാണുമ്പോൾ മുഴുവൻ സഊദി അറേബ്യതന്നെ അല്ലാഹുവിന്റെ കോപത്തിന്നിരയാവാതെ നിലനിൽക്കുന്നത് പരിശുദ്ധ കഅബയും

*ശേഷം പേജ് 40ൽ*

ലേഖനം

# 'ത്വവാഫ്':
# ദൈവാനുരക്തിയുടെ ഭ്രമണവൃത്തം

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## കഅ്ബയെ ചുറ്റിക്കൊണ്ടുള്ള 'ത്വവാഫ്' ദൈവത്തിനു ചുറ്റും സ്നേഹബലത്താൽ മനുഷ്യൻ ചെയ്യുന്ന ഭ്രമണവൃത്തത്തെ സൂചിപ്പിക്കുന്നു

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക് വേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവാരാധന രണ്ടുവിധത്തിലാണുള്ളത്. ഒന്ന്, അങ്ങേ അറ്റത്തെ വിനയവും കീഴ്വണക്കവും കാണിക്കുക. രണ്ട്, അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്ലാം വിനയത്തിന്റെയും കീഴ്വണക്കത്തിന്റെയും പ്രതീകമായി നമസ്ക്കാരാനുഷ്ഠാനത്തിന്നുള്ള കൽപ്പന നൽകുന്നു. നമസ്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തെയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണവിധേയമാക്കി തീർക്കുന്നു. അവന്റെ ഹൃദയം സുജൂദു ചെയ്യുന്നതോടൊപ്പം നമസ്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങനെ അവന്റെ ആത്മാവും ശരീരവും ഈ ദൈവാരാധനയിൽ ഒരുപോലെ പങ്കുചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർത്ഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. രണ്ടിലും അവന്ന് സൃഷ്ടികർത്താവാണെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്നു മറ്റൊന്നിൽ പ്രഭാവിതമാണ്. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവിന്റെ സുജൂദിനു ഉത്തേജനം നൽകുന്നു. അതേപ്രകാരം ചിലപ്പോൾ ആത്മാവിന്റെ സുജൂദ് ശരീരത്തിൽ സുജൂദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പര ബന്ധിതങ്ങളാണ്. ഉദാഹരണമായി, ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാതമാക്കുകയാണെങ്കിൽ ആ കൃത്രിമച്ചിരി യഥാർത്ഥ ചിരിയായി മാറുന്നു. ഇത് ആത്മാവിന്നുണ്ടാകുന്ന സന്തോഷത്തിന്റെ പ്രതികരണമാണ്. അതേപ്രകാരം കൃത്രിമമായി ഒരാൾ കരയുന്ന മുഖഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു. അതു ആത്മാവിന്നുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർപ്രകടനമാണ്. നാം ശാരീരികമായി, ബാഹ്യമായി ചെയ്യുന്ന വിനയാന്വിതമായ ദൈവാരാധനയുടെ പ്രതിഫലനവും ആത്മാവിലും ആത്മാവിലുണ്ടാകുന്ന വിനയഭാവത്തിന്റെ പ്രതിഫലനം ബാഹ്യമായ രീതിയിൽ ശരീരത്തിലുമുണ്ടാകുമെന്നു ഇതിൽനിന്നു മനസ്സിലാകുന്നു.

അതേപ്രകാരം ദൈവാരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫലനവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരികമായും ബാഹ്യമായും സംജാതമാകുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് എപ്പോഴും തന്റെ പ്രേമിയെ വലംവെച്ചുകൊണ്ടിരിക്കുന്നു. അവന്റെ ആസ്ഥാനത്തെ ചുംബിക്കുന്നു. അതേപ്രകാരം കഅ്ബത്തുല്ലാഹ്, ഭൗതികമായി ദൈവ പ്രേമികൾക്ക് ഒരു മാതൃകയായുണ്ടാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു, 'നോക്കുക ഇതെന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്വദാണ്'. ഈ കൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയെയും സ്നേഹഭാവത്തെയും പ്രകടിപ്പിക്കുവാനാണ്. അതുകൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിനുള്ള പുണ്യസ്ഥലങ്ങളിൽ ചെന്നു ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലം വെക്കുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജ്ജിച്ച് തലമുണ്ഡനം ചെയ്തു ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമലേശ

മില്ലാതെ പ്രേമാർത്ഥരെപ്പോലെ അവന്റെ ആസ്ഥാനത്തെ വലയംചെയ്യുന്നു. ഹജ്റുൽ അസ്‌വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്നു കരുതി സ്നേഹരൂപേണ അതിനെയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവും ആയ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു. ശരീരം ദൈവത്തിന്റെ ഭവനത്തെ വലയം വെക്കുകയും അവന്റെ ആസ്ഥാനത്തിലെ കല്ലിനെ ചുംബിക്കുകയും ചെയ്യുമ്പോൾ ആത്മാവ് അവനോടുള്ള പ്രേമാതിരേകത്താൽ ആത്മീയമായും പ്രസ്തുത ഭവനത്തെ വലയം വെക്കുകയും ഹജറുൽ അസ്‌വദിനെ ചുംബിക്കുകയും ചെയ്യുന്നു. ഇതൊരിക്കലും ശിർക്കാകുന്നില്ല. ഒരു സ്നേഹിതൻ തന്റെ പ്രേമഭാജനത്തിൽനിന്നും ലഭിച്ച ലിഖിതത്തെ സ്നേഹവായ്പോടുകൂടി ചുംബിക്കുന്നില്ലെ? ഒരു മുസ്‌ലിമും കഅ്ബത്തുല്ലായെ വണങ്ങുന്നില്ല. അതേ പോലെ ആരാധകർ ഹജ്റുൽ അസ്‌വദിനോട് സഹായമർത്ഥിക്കുന്നുമില്ല. ഈ ചടങ്ങുകളൊക്കെ ദൈവത്തോടുള്ള സ്നേഹപ്രകടനത്തിന്റെ പ്രതീകങ്ങൾ മാത്രമാണ്. നാം നമസ്കരിക്കുമ്പോൾ ഭൂമിയിൽ ശിരസ്സുവെച്ചു സുജൂദു ചെയ്യുന്നു. എന്നാൽ ആരും തന്നെ ഭൂമിയെ വണങ്ങുന്നില്ല. അതേ പ്രകാരം ഹജ്റുൽ അസ്‌വദിനെ ചുംബിക്കുന്നതിന്റെ ഉദ്ദേശ്യം, യഥാർത്ഥത്തിൽ ആ കല്ലിനെ ചുംബിക്കുകയല്ല. കല്ലു കല്ലുതന്നെയാണ്. അത് ആർക്കും ഒരു നഷ്ടവും നേട്ടവും ഉണ്ടാക്കിക്കൊടുക്കുന്നില്ല.

(ചശ്മയെ മഅ്‌രിഫത്ത് 100, 101)

ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യം ഒരാൾ തന്റെ വീട്ടിൽ നിന്ന് പുറപ്പെട്ട് സമുദ്രങ്ങൾ തരണം ചെയ്തു മക്കയിൽ ചെന്നു ആചാരാനുഷ്ഠാനമെന്നോണം ചില വചനങ്ങൾ ഉരുവിട്ടു ചില കടമകൾ നിർവഹിച്ചു തിരിച്ചുവരിക മാത്രമല്ല. വാസ്തവത്തിൽ ഹജ്ജ് പരിപൂർണ്ണമായ ദൈവസമർപ്പണത്തിന്റെ അവസാനത്തെ പരമോന്നത സ്ഥാനത്തിന്റെ പേരാണ്. മനുഷ്യൻ തന്റെ ആത്മാവിനെ ഭൗതികമായ എല്ലാ ബന്ധങ്ങളിൽ നിന്നും വിമുക്തനാക്കി ദൈവാനുരക്തിയിൽ തന്നെ അർപ്പണം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ സംജാതമാകുന്ന ദൈവസ്നേഹവും അനുരക്തിയും നിമിത്തം യാത്രാക്ലേശങ്ങൾക്കോ ജീവനും ധനവും നഷ്ടപ്പെടുമെന്ന ചിന്തകൾക്കോ ബന്ധുക്കളെയും സുഹൃത്തുക്കളെയും വിട്ടുപിരിയണമെന്ന വ്യാകുലതക്കോ അവിടെ ഒരു പ്രസക്തിയുമില്ല. ഒരു പ്രേമി തന്റെ പ്രേമഭാജനത്തിന്നായി തന്റെ ജീവൻ കൂടി ബലിയർപ്പിക്കുവാൻ സന്നദ്ധനാകുന്നത്പോലുള്ള അവസ്ഥ സംജാതമാകുന്നു. ഒരു പ്രണേതാവിന് ചുറ്റും വലയം വെക്കുന്നത്പോലെ ഹജ്ജിൽ ത്വവാഫു ചെയ്യുന്നു. വളരെ സൂക്ഷ്മമായ രഹസ്യമാണിത്. കഅ്ബത്തുല്ല എന്ന ദൈവഭവനം പോലെ തന്നെ അതിന്നു മുകളിലും ഒരുന്നത സ്ഥാനമുണ്ട്. ഏത് വരെ ഉപരിലോകത്തുള്ള ആ ആസ്ഥാനം ഹൃദയാത്മനാ വലയം വെക്കപ്പെടുന്നില്ലയോ അതുവരെ ഈ ത്വവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലയം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽവസ്ത്രങ്ങളണിയുന്നു. അതേപ്രകാരം ഉപരിലോകത്തുള്ള ഭവനത്തെ ത്വവാഫ് ചെയ്യുന്നത് ഭൗതികമായ ബന്ധങ്ങളെന്ന വസ്ത്രങ്ങളെ ഉപേക്ഷിച്ചുകൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടെയും ഭയഭക്തിയുടെയും വസ്ത്രമണിഞ്ഞുകൊണ്ടായിരിക്കണം. ത്വവാഫ് ദൈവാനുരക്തിയുടെ അടയാളവും പ്രതീകവും ആകുന്നു ഇതിന്റെ അർത്ഥം ദൈവപ്രീതിക്കു ചുറ്റും വലയം വെക്കുകയാണ്. മറ്റൊരുദ്ദേശ്യവും അവിടെ അവശേഷിക്കുന്നില്ല.

(മൽഫൂസാത്ത് Vol IX. P. 123, 124)

ഓരോ മഹല്ലയിലെ ജനങ്ങളും തങ്ങളുടെ മഹല്ലയിലെ പള്ളികളിൽ ദിവസവും അഞ്ചുനേരം സമ്മേളിക്കേണമെന്നു അല്ലാഹു കല്പിക്കുന്നു. അതിന്നുശേഷം പട്ടണത്തിലെ ജനങ്ങളെല്ലാവരും തന്നെ ഏഴാമത്തെ ദിവസം വെള്ളിയാഴ്ച വിശാലമായ ജാമിയ മസ്ജിദിൽ സമ്മേളിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അതിനുശേഷം വർഷത്തിലൊരിക്കൽ പട്ടണത്തിലും അതിന്നുചുറ്റുപാടുമുള്ള പ്രദേശങ്ങളിലും ഉള്ള ജനങ്ങൾ ഈദുഗാഹിൽ സമ്മേളിക്കേണമെന്ന് കല്പിക്കുന്നു. അതിന്നുശേഷം ചുരുങ്ങിയത് ജീവിതകാലത്തിലൊരിക്കലെങ്കിലും ലോകത്തെങ്ങുമുള്ള ജനങ്ങൾ പരിശുദ്ധമക്കയിൽ സമ്മേളിക്കേണമെന്നും കല്പിക്കുന്നു. അങ്ങനെ അല്ലാഹു കുറേശ്ശെക്കുറേശ്ശെയായി ഉമ്മത്തിന്റെ ഒത്തുചേരലിനെ ഹജ്ജിന്റെ അവസരത്തിൽ അതിന്റെ പരിപൂർണ്ണതയിലെത്തിക്കുന്നു. ആദ്യമായി മുസ്‌ലിംകൾ ഒത്തുചേരുന്നതിന്നായി ചെറിയചെറിയ അവസരങ്ങൾ ഏർപ്പെടുത്തുന്നു. പിന്നീട് ലോകത്തെങ്ങുമുള്ള മുസ്‌ലിംകളെ ഒരിടത്തിൽ സമ്മേളനിക്കുന്നതിന്നുള്ള സംവിധാനമുണ്ടാകുന്നു. ഇതു തന്നെയാണ് ദൈവികഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന സർവ്വകാലത്തേയും സമ്പ്രദായം. മനുഷ്യകുലത്തിന്റെ ഏകതക്കുള്ള വൃത്തം അല്പാൽപ്പമായുണ്ടാക്കി അതിന്റെ പരിപൂർണ്ണതയിലെത്തിക്കുകയാണ് അല്ലാഹു ഇച്ഛിക്കുന്നത്. ആദ്യമായി ചെറിയ ചെറിയ വൃത്തങ്ങളിൽ സമ്മേളിക്കുന്നതിന്നുള്ള സംവിധാനം സംജാതമാക്കപ്പെടുന്നു. അവസാനമായി ഹജ്ജ് വേളയിൽ എല്ലാവരെയും ഒന്നായിച്ചേർത്തുകൊണ്ട് ഐക്യതയെ അതിന്റെ പരിപൂർണ്ണതയിലെത്തിക്കുന്നു. ഇതും ഹജ്ജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു.

'വനുഫിഖ ഫിസ്സൂരി വജമഅ്നാഹും ജംആ' കാഹളത്തിൽ ഊതപ്പെടുമ്പോൾ നാം എല്ലാ ജനങ്ങളെയും ഒന്നായി ചേർക്കുന്നതാണ്. അങ്ങനെ അവസാനകാലത്ത് അല്ലാഹു തന്റെ ശബ്ദം മുഖേന സാത്വികരായ ജനങ്ങളെ ഒന്നായിച്ചേർക്കുന്നതാണ്. ആരംഭത്തിൽ ഒരേ മതത്തിൻ കീഴിൽ എല്ലാവരും സമ്മേളിച്ചിരുന്നതുപോലെ ആദ്യവും അന്ത്യവും തമ്മിൽ പരസ്പരബന്ധം സംജാതമാകുന്നതാണ്.

(ചശ്മയെ മഅ്‌രിഫത്ത് പേജ് 145, 146) ■

ലേഖനം

# കഅബ:
# തിരുനബി (സ)യുടെ ആഗ്രഹങ്ങൾ

**ഏ. എം. മുഹമ്മദ് സലിം**

**കഅബയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുനബി (സ)ക്ക് ചില ആഗ്രഹങ്ങളുണ്ടായിരുന്നു. തിരുദൂതർക്ക് അതിനുള്ള സമ്പൂർണ്ണ അധികാരങ്ങളുമുണ്ടായിരുന്നു. പക്ഷെ കഅബയോടുള്ള അറബികളുടെ ചിരപുരാതനമായ വൈകാരിക ബന്ധത്തെ മാനിച്ച് അവിടുന്ന് ആ നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടെന്നു വെക്കുകയായിരുന്നു**

മനുഷ്യവംശത്തോടും തന്റെ ജനതയോടും കാരുണ്യത്തിന്റെയും അനുകമ്പയുടെയും ഒരു മഹാസാഗരം തിരുനബി (സ)യുടെ ഹൃദയത്തിൽ അലതല്ലിയിരുന്നു. ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ അവിടുന്ന് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. കഅബയുമായി ബന്ധപ്പെട്ട തിരുമേനിയുടെ ആഗ്രഹങ്ങൾ ഖുറൈശികളുടെ ഹൃദയം വേദിനക്കുമെന്ന് കരുതി തിരുനബി (സ) വേണ്ടെന്ന് വെച്ചത് ഇതിനുദാഹരണമാണ്. മുസ്‌ലിംകൾക്ക് മാത്രമല്ല ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുന്ന വിവിധ മതസ്ഥർക്കും തിരുനബി (സ)യുടെ ഈ സമീപനത്തിൽ നിന്ന് ഒരുപാട് പാഠങ്ങൾ പഠിക്കാനുണ്ട്. ജനങ്ങളുടെ ഹൃദയം സ്നേഹം കൊണ്ട് കീഴടക്കിയായിരുന്നു തിരുനബി മക്കയിൽ പ്രവേശിച്ചത്. അവിടുത്തെ തിരുമുഖത്ത് നിന്നുവരുന്ന ഉദീരണങ്ങൾ തിരുവായ്ക്കെതിർവായില്ലാതെ അനുസരിക്കാൻ അനുചരവൃന്ദം പ്രവാചകനു ചുറ്റും കാതോർ ത്തുനിന്നു. എന്നിട്ടും തിരുദൂതർ (സ) തന്റെ അനുചരർക്കുണ്ടാകുന്ന നിസ്സാരമായ മനഃക്ലേശങ്ങളിൽപോലും ആകുലചിത്തനായിരുന്നു. അവിടുത്തെ ഈ പരജനകാംക്ഷയെ പറ്റി ഖുർആൻ തന്നെ പറയുന്നു. "സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ് (9:128)

ചിരപുരാതനമായ കഅബാലയത്തോടു ഖുറൈശികൾക്കുള്ള അനുരക്തി അവർണ്ണനീയമായിരുന്നു. ജാഹിലിയ്യത്തിൽ മുങ്ങിക്കുളിച്ച മക്കാപട്ടണം പലിശ, വ്യഭിചാരം, മദ്യപാനം മുതലായ ഹീനകൃത്യങ്ങളുടെ കൂത്തരങ്ങായിരുന്നു. ദുർവൃത്തരായ അറബി കുഫ്ഫാറുകളുടെ മദനോത്സവങ്ങൾക്ക് നടുവിൽ ആത്മീയതയുടെ ഒരു വിശുദ്ധ സ്മരണപോലെ കഅബത്തുല്ലാഹ് നിലകൊണ്ടു. തിരുനബി (സ)മിന്ന് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പേ കഅബക്ക് വെള്ളപ്പൊക്കത്തിൽ ഗണ്യമായ നാശം സംഭവിച്ചിരുന്നു. കഅബയുടെ രക്ഷാധികാരികളായിരുന്ന ഖുറൈശികൾ അത് പുനർനിർമ്മിക്കാനുള്ള കൂടിയാലോചനകളിൽ മുഴുകി, അജ്ഞാനവും അത്യാചാരങ്ങളും തങ്ങളുടെ സമൂഹത്തിൽ കൊടികുത്തിവാഴുന്നു എന്ന അവബോധമുണ്ടായിരുന്ന ഖുറൈശികൾ ആ കളങ്കങ്ങളിൽ നിന്നെല്ലാം കഅബത്തുല്ലായെ രക്ഷിച്ചു നിർത്താൻ ആവതും ശ്രമിച്ചു. പലിശ, വ്യഭിചാരം, മദ്യപാനം തുടങ്ങിയ ഹീനകൃത്യങ്ങളിൽ നിന്നും സമ്പാദിച്ച പണം കഅബയുടെ പുനർനിർമ്മാണത്തിന് ഉപയോഗിക്കേണ്ടതില്ല എന്നവർ ദൃഢപ്രതിജ്ഞ എടുത്തു. സാത്വികരുടെ ധർമ്മംകൊണ്ട് മാത്രം കഅബ പുനർ നിർമിക്കുക എന്നത് ആ ജാഹിലിയ്യാ കാലത്തെ ഒരഗ്നി പരീക്ഷണമാ

യിരുന്നു. അംഗുലീപരിമിതരും നിർധനരുമായ സദ്‌വൃത്തരുടെ പരിശുദ്ധധനം അവർ പരമാവധി സംഭരിച്ചു. പക്ഷെ കഅബ യുടെ ചുമർകെട്ട് പൂർത്തിയാക്കാൻ അത് തികഞ്ഞില്ല. ആ വിശുദ്ധ ഗേഹത്തിന്റെ ഒരു ഭാഗം പണിയാൻ സാധിക്കാതെ വേദനയോടും ദുഃഖത്തോടും ആ പുനർനിർമ്മാണ സംരംഭം അവർക്ക് അവസാനിപ്പിക്കേണ്ടിവന്നു. നിർമാണം പൂർത്തിയാകാത്ത, കഅ്ബയുടെ ഈ ഭാഗമാണ് 'ഹഥിം' എന്ന പേരിൽ അറിയപ്പെടുന്നത്. ജാഹിലിയ്യത്ത് താണ്ഡവമാടിയ ആ കാലത്തും അറബ് ജനത കഅബത്തു ല്ലായോടു കാണിച്ച ആദരം നിസ്സീമമായിരുന്നു. മതപരമായ മാർഗ്ഗദർശനം ലഭിക്കാത്ത അക്കാലത്ത് കഅബയിൽ ബിംബങ്ങൾ സ്ഥാപിച്ച് കടുത്ത ശിർക്കിൽ അവർ മുഴുകിയെങ്കിലും കഅബയുമായി ബന്ധപ്പെട്ട അറബികളുടെ ചില മൂല്യ സങ്കല്പങ്ങൾ പവിത്രങ്ങളായിരുന്നു. കഅബ പിൽക്കാലത്ത് സ്വർണ്ണവാതിൽകൊണ്ടും സ്വർണ്ണത്തിന്റെ വർഷജല കുഴൽകൊണ്ടും അലങ്കരിക്കപ്പെട്ടു. പക്ഷെ, കെട്ടിമുഴുമിക്കാത്ത കഅബത്തുല്ലായുടെ 'ഹഥീം' നിസ്വതയുടെ വിശുദ്ധസ്മാരകമായി ഇപ്പോഴും നിലകൊള്ളുന്നു.

ഘനചതുരാകൃതിയിലുള്ള കഅബക്ക് ഒരേയൊരു വാതിൽ മാത്രമേ ഉള്ളൂ. കിഴക്ക് ഭാഗത്ത് ഹജ്റുൽ അസ്‌വദിന് അഭിമുഖമായി നിൽക്കുന്ന ആ വാതിലാകട്ടെ തറനിരപ്പിൽ നിന്ന് ഏകദേശം ഏഴടി ഉയരത്തിലായിരുന്ന ഒരു ഏണിയുടെ സഹായമില്ലാതെ കഅബക്കകത്ത് പ്രവേശിക്കാൻ സാധ്യമല്ല. ഇങ്ങനെ ഉയർന്ന വിതാനത്തിൽ വാതിൽ വെക്കാനുള്ള കാരണം വരുന്നവർക്കെല്ലാം കഅബയിലേക്ക് സ്വച്ഛന്ദം കയറിപ്പോകാൻ ഖുറൈശികൾ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതായിരുന്നു. കഅബയുടെ രക്ഷാധികാരികളായ അവർക്ക് തൃപ്തിയുള്ളവരേയും യോഗ്യന്മാരേയും മാത്രമേ ഏണിവെച്ച് വിശുദ്ധ ഗേഹത്തിലേക്ക് പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. അതിന്നുള്ള ഒരു ഉപായമായിരുന്നു കഅബയുടെ ഒറ്റവാതിലിന്റെ ഈ ഉയർച്ച.

'ഹഥീം' കഅബയുടെ ഭാഗം തന്നെയാണെന്നും ഹജ്ജ് വേളയിലെ ത്വവാഫിൽ അത് ഉൾപ്പെടുത്തണമെന്നും പിന്നീട് തിരുനബി (സ) പറഞ്ഞിട്ടുണ്ട്. ഹഥീം കൂടി ഉൾപ്പെടുത്തി കഅബ പുതുക്കിപ്പണിയാനും കഅ്ബയുടെ ഉയർന്ന ആ വാതിൽ ഭൂനിരപ്പിലേക്ക് താഴ്ത്തിവെച്ച് ജനങ്ങൾക്ക് അതിലേക്കുള്ള പ്രവേശനം സുഗമമാക്കാൻ അവിടുന്ന് അഭിലഷിച്ചിരുന്നു. എല്ലാവർക്കും സുഖമായി പ്രവേശിക്കാൻ കഴിയുന്ന ജനങ്ങളുടെ കഅ്ബയായിരുന്നു തിരുദൂതർ (സ) ആഗ്രഹിച്ചത്. അതുപോലെ കഅബ യുടെ പടിഞ്ഞാറ് വശത്തും ഒരു വാതി ൽ സ്ഥാപിക്കാൻ തിരുനബി (സ) ഉദ്ദേശിച്ചിരുന്നതായി ഹദീസുകളിൽ കാണാം. പക്ഷേ തനിക്ക് മുമ്പിൽ അടിയറവ് പറഞ്ഞ തന്നെ അഗാധമായി സ്നേഹിക്കുന്ന ഒരു ജനതയാണ് തലമുറ തലമുറയായി ആദരിച്ചുവരുന്ന ആ വിശുദ്ധമന്ദിരത്തിന്റെ ചുറ്റും ജീവിച്ചിരുന്നത്. അതിന്റെ നിർമ്മിതിയിൽ നിർദ്ദോഷകരവും സൗകര്യപ്രദവുമായ എന്തെങ്കിലും ഭേദഗതികൾ വരുത്തുന്നത് ആ ജനതക്ക് മാനസിക പ്രയാസമുണ്ടാക്കുമെന്ന് അനുകമ്പയുടെയും കാരുണ്യത്തിന്റെയും പാരമ്യം കണ്ട ആ ലോകഗുരു കരുതി. ജനങ്ങൾക്ക് അത്തരത്തിലുള്ള നിസ്സാരമായ മനഃക്ലേശം വരുന്നത് പോലും തിരുമേനി (സ)ക്ക് അസഹ്യമായിരുന്നു. തന്റെ ജനതയുടെ മേൽ എല്ലാ അധികാരങ്ങളുമുണ്ടായിരുന്ന ആ പുണ്യാത്മാവ് കഅബയെ സംബന്ധിച്ച തന്റെ അഭിലാഷങ്ങൾ വേണ്ടെന്ന് വെക്കുകയായിരുന്നു. ജനങ്ങൾ വികാരവായ്പോടെ ആദരിക്കുന്ന ഒരു മന്ദിരത്തോട് അധികാരികൾക്കുണ്ടാവേണ്ട സമീപനമെന്തായിരിക്കണമെന്നതിന്ന് പ്രവാചകന്റെ ജീവിതം ഉത്തമമാതൃകയാണ്. ഇതിന് ഉപോൽബലകമായ രണ്ട് ഹദീസുകൾ ഉദ്ധരിച്ചുകൊ ണ്ട് ഈ ലേഖമനമവസാനിപ്പിക്കാം.

ആയിശ (റ) നിവേദനം 'ഹഥീമിനെക്കുറിച്ച് അത് കഅബയിൽപെട്ട താണോ എന്നു ഞാൻ തിരുമേനിയോട് ചോദിച്ചു. 'അതെ കഅബയിൽ പെട്ടതുതന്നെ' എന്നു തിരുമേനി (സ) അരുളി. "എങ്കിൽ എന്തുകൊണ്ട് അവർ (കഅബ പതുക്കിപ്പണിത പൂർവ്വികന്മാർ) അത് കഅബയിൽ ഉൾക്കൊള്ളിച്ചില്ല?" എന്നു ഞാൻ ചോദിച്ചു. "നിന്റെ ജനതക്ക് അതിനു ചിലവുചെയ്യാൻ കഴിവില്ലാതെ വന്നു എന്ന് തിരുമേനി (സ) അരുളി. 'അതിന്റെ വാതിൽ ഇത്രയധികം ഉയരത്തിൽ വെക്കാൻ എന്താണ് കാരണം?' എന്നു ഞാൻ ചോദിച്ചു. തിരുമേനി അരുളി: "നിന്റെ ജനത അങ്ങനെ ചെയ്തത് അവരുദ്ദേശിക്കുന്നവരെ അതിന്റെ അകത്ത് പ്രവേശിപ്പിക്കാനും അവരുദ്ദേശിക്കുന്നവരെ അതിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയാനുമായിരുന്നു. നിന്റെ ജനത അജ്ഞാതദശയിൽ നിന്നും ഇതാ അടുത്ത കാലത്താണ് മുക്തരായത്. അക്കാരണത്തിൽ 'ഹഥിം' കഅബയുടെ ചുമരിന്നുള്ളിൽ ഉൾക്കൊള്ളിക്കുന്നതും കഅബയുടെ വാതിൽ ഭൂനിരപ്പിൽ താഴ്ത്തിവെക്കുന്നതും നിന്റെ ആളുകൾക്ക് വെറുപ്പായിത്തീരുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതില്ലെങ്കിൽ ഈ രണ്ടു കാര്യവും ഞാൻ നിർവ്വഹിക്കുമായിരുന്നു" (ബുഖാരി).

ആയിശാ (റ) മറ്റൊരു നിവേദനത്തിൽ പറയുന്നു: തിരുമേനി അരുളി. "നിന്റെ ജനത കിരാതയുഗത്തിൽ (ജാഹിലിയ്യത്ത്) നിന്ന് അടുത്തകാലത്ത് മാത്രമാണ് മാറിക്കഴിഞ്ഞത്. അങ്ങനെയല്ലായിരുന്നെങ്കിൽ കഅബ പൊളിക്കുകയും പിന്നീട് അതിന് പുറത്തുള്ള ഭാഗംകൂടി അതിൽ ഉൾപ്പെടുത്തുകയും അതിന്റെ വാതിൽ ഭൂമിക്കൊപ്പം താഴ്ത്തിവെക്കുകയും ചെയ്യുമായിരുന്നു. മാത്രമല്ല ഞാനതിനു രണ്ടു വാതിൽ വെക്കും. ഒന്നു കിഴക്കുഭാഗത്തും ഒന്ന് പടിഞ്ഞാറുഭാഗത്തും. അങ്ങനെ ഇബ്റാഹിം നബി (അ) യുടെ തറക്കൊപ്പിച്ച് ഞാനത് പണിയുമായിരുന്നു" (ബുഖാരി).■

ലേഖനം

# ഹസ്റത്ത് ഹംസ (റ)

ഡോ. ഫുആദ് എ. ജലീൽ

## നബിതിരുമേനി (സ) യുടെ ബന്ധുവും അനുചരനുമായിരുന്ന ഇസ്‌ലാമിന്റെ ധീരകേസരിയുടെ ചില ജീവിതചിത്രങ്ങൾ

'ഹംസ' ഒരു കാലത്ത് മക്കാ മുശ്‌രിക്കുകളെ കിടിലം കൊള്ളിച്ചിരുന്ന പേരായിരുന്നു അത്. കഴിഞ്ഞ 14 നൂറ്റാണ്ടുകളായി കോടാനുകോടി സത്യവിശ്വാസികൾ ഭയഭക്തി ബഹുമാനത്തോടെ ഉരുവിട്ടുവരുന്ന ഒരു നാമവും. പുകൾപെറ്റ യോദ്ധാവും, സേനാനായകനുമായിരുന്ന ആ മഹാത്മാവിന്റെ ഹ്രസ്വമായ ജീവിതം നമുക്കൊന്ന് പരിശോധിക്കാം.

## കുടുംബം, ബാല്യം

നബിതിരുമേനി(സ)യുടെ പിതൃസഹോദരനായിരുന്നു ഹംസ. ഹസ്റത്ത് അലി (റ)ന്റെ പിതാവായിരുന്ന അബുതാലിബും, പിൽക്കാലത്തെ അബ്ബാസിയ ഖിലാഫത്തിന്റെ പ്രശസ്തിക്ക് കാരണഭൂതനായ അബ്ബാസ് (റ), സുബൈർ (റ), റസൂൽ (സ) തിരുമേനിയുടെ പിതാവ് അബ്ദുല്ലയുമായിരുന്നു, ഹംസയുടെ സഹോദരങ്ങളായി പേരുകൊണ്ട് ചരിത്രത്തിലുള്ളവർ. (വേറെ ആറ് സഹോദരങ്ങളും നാലു സഹോദരിമാരും ഉണ്ടായിരുന്നതായി കാണാം).

ഇളയാപ്പ ആയിരുന്നെങ്കിലും നബിയുടെ സമപ്രായക്കാരനായിരുന്നു ഹംസ. അതിനാൽതന്നെ നബിയുടെ ബാല്യകാല സുഹൃത്തും പോരാത്തതിന്, ഒരേ സ്ത്രീയുടെ മുല കുടിച്ചുവളർന്ന കുട്ടികൾ എന്ന നിലയിൽ വളർത്തുസഹോദരങ്ങളുമായിരുന്നു അവർ. വിഛേദിക്കാനാവാത്ത ബന്ധമായിരുന്നു ശൈശവത്തിൽ തന്നെ മുഹമ്മദ് (സ)മും ഹംസയും തമ്മിൽ സ്ഥാപിതമായിരുന്നത്. നബിതിരുമേനയുടെ ഇളയാപ്പയും, സ്വസഹോദരനും, സുഹൃത്തും എല്ലാമായിരുന്നു ഹംസ. ഈ അപൂർവ്വ അവസ്ഥാവിശേഷം കൊണ്ട് തന്നെ മറ്റാർക്കും അറിയുമായിരുന്നതിനേക്കാൾ നന്നായി ഹംസക്ക് മുഹമ്മദ് (സ)മിനെ അറിയുമായിരുന്നു. ബാല്യം പിന്നിട്ട് കൗമാരത്തിലേക്ക് കടന്ന ഇരുവരും പക്ഷേ വിപരീത ദിശകളിലേക്കാണ് നീങ്ങിയത്. ഹംസ തിരഞ്ഞെടുത്തത് വിനോദത്തിന്റെയും, ആയോധനകലയുടെയും, നായാട്ടിന്റെയും പാതയായിരുന്നെങ്കിൽ, മുഹമ്മദ്(സ) ഏകാന്തതയുടെയും, ഏകാഗ്രതയുടെയും വഴിയിലായിരുന്നു. എന്നാൽ സ്വഭാവ ശുദ്ധി കൊണ്ടും, കരുണാമനോഭാവം കൊണ്ടും ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെടാൻ മുഹമ്മദിന്റെ ആ കൗമാരം ധാരാളമായിരുന്നു. ഹംസയാകട്ടെ അറിയപ്പെടുന്ന നായാട്ട് വിദഗ്ധനായി. ഖുറൈശി യുവനേതൃത്വ നിരയിലേക്ക് മെല്ലെ നീങ്ങിത്തുടങ്ങി.

അങ്ങനെയിരിക്കെ മുഹമ്മദ് (സ) "ദൈവമാർഗ്ഗത്തിലേക്ക്" തന്റെ ജനതയെ ക്ഷണിക്കുവാൻ തുടങ്ങി. അതുണ്ടാക്കിയ കോലാഹലം വിവരിക്കേണ്ടതില്ലല്ലോ. വീടുകളിലും, തെരുവുകളിലും, അങ്ങാടികളിലും മുഹമ്മദ്(സ) സംസാര വിഷയമായി. അത്ഭുതത്തോടെ ചിലരും, ഭീതിയോടെ മറ്റു ചിലരും, പരിഹാസത്തോടെ മൂന്നാമതൊരു കൂട്ടരും സംഭവങ്ങൾ വീക്ഷിച്ചുവന്നു.

ഒരുനാൾ ഹംസ ഏതാനും ചില ഖുറൈശി നേതാക്കളോടൊപ്പം വർത്തമാനം പറഞ്ഞിരിക്കുകയായിരുന്നു. സ്വാഭാവികമായും ഹംസയുടെ ജേഷ്ഠപുത്രൻ സംസാരവിഷയമായി. മുഹമ്മദ് (സ)മിനെപറ്റി പറയുമ്പോൾ ഖുറൈശി നേതാക്കൾ ഭയപ്പെട്ടിരുന്നതായി ഹംസയ്ക്ക് തോന്നി. ചെറിയതോതിലാണെങ്കിലും തിരുമേനിക്ക് ലഭിച്ചുവരുന്ന ജനപിന്തുണ അവരെ പരിഭ്രാന്തരാക്കിയിരുന്നതായി ഹംസ മനസ്സിലാക്കി. അവർ ഹംസയോടു പറഞ്ഞു "ഞങ്ങളിലാർക്കും അറിയാവുന്നതിനേക്കാൾ എത്രയോ നന്നായി താങ്കൾക്ക് മുഹമ്മദ് (സ)മിനെ അറിയാമല്ലോ. നമ്മൾ ഇപ്പോൾ ഇതിന് തടയിട്ടില്ലെങ്കിൽ അധികം താമസിയാതെ നമ്മുടെ ആളുകൾ മുഴുവൻ മുഹമ്മദ്(സ)മിന്റെ വരുതിയ്ക്കുള്ളിലാകും." ഇതുകേട്ട് ഹംസ പുഞ്ചിരി തൂകിയതേയുള്ളൂ. എന്നാൽ ഈ സംഭാഷണം ഹംസയ്ക്ക് ചിന്തയ്ക്ക് വക നൽകി. തിരിച്ചു വീട്ടിലെത്തിയ അദ്ദേഹം വർത്തമാനകാല സംഭവങ്ങളെ വിലയി

രുത്തിത്തുടങ്ങി. മുഹമ്മദ്(സ)മിന്റെ സന്ദേശവും, അതിന് ലഭിച്ച സ്വീകരണവും തിരസ്ക്കരണവും, അതിനെതിരിലുള്ള അണിയറ നീക്കങ്ങളുമെല്ലാം ഹംസയെ ഇരുത്തി ചിന്തിപ്പിച്ചു.

## ഇസ്‌ലാമിലേക്ക്

നാളുകൾ കടന്നുപോയിക്കൊണ്ടിരുന്നു. ഒരു ദിവസം നായാട്ട് കഴിഞ്ഞെത്തിയ ഹംസയെ ഒരു സ്ത്രീ വഴിയിൽ തടഞ്ഞുനിർത്തി ചോദിച്ചു "അല്ലയോ അബൂഅമ്മാറ! താങ്കളറിഞ്ഞില്ലേ താങ്കളുടെ ജേഷ്ഠ പുത്രന് എന്തെല്ലാം സംഭവിച്ചെന്ന്? ആ അബുൽ ഹക്കമും കൂട്ടരും മുഹമ്മദ്(സ)മിനെ ഉപദ്രവിക്കുകയും, അവഹേളിക്കുകയും ചെയ്യുന്നു" ഇത് കേട്ട മാത്രയിൽ തന്നെ ഹംസ അബുൽ ഹക്കമിനെ തേടി കഅബയ്ക്കരികിലേക്ക് നടന്നു. അബുൽഹക്കം ഇസ്‌ലാമിന്റെ ആദ്യകാല ശത്രുക്കളിൽ മുമ്പനും, അബുജഹൽ എന്ന പരിഹാസ്യനാമത്തിനുടമയായും ഇന്ന് സ്മരിക്കപ്പെടുന്നു.

കഅബയ്ക്കരികിൽ ഏതാനും ഖുറൈശി നേതാക്കളോടൊപ്പം ഇരിക്കുന്ന അബുൽ ഹക്കമിനെ ഹംസ കണ്ടെത്തി. ഒന്നും ചോദിക്കാനോ പറയുവാനോ നിൽക്കാതെ, തന്റെ കയ്യിലുള്ള വില്ല്കൊണ്ട് ഹംസ അബുജഹലിനെ ഒരുതവണ പ്രഹരിച്ചു. തൊലിപ്പുറം പൊട്ടി ചോര പൊടിഞ്ഞു. എന്നിട്ട് മാത്രമേ ഹംസ സംസാരിച്ചുള്ളൂ. അദ്ദേഹം അബു ജഹലിനോട് ചോദിച്ചു. "ഞാൻ മുഹമ്മദ്(സ)മിനെ പിൻപറ്റുകയും, മുഹമ്മദ് (സ) പറയുന്നത് ഏറ്റു പറയുകയും ചെയ്യുമ്പോൾ അദ്ദേഹത്തെ അപമാനിക്കുവാൻ നിനക്കെങ്ങനെ ധൈര്യം വന്നു? നിനക്ക് അത്രയ്ക്ക് തന്റേടമുണ്ടെങ്കിൽ ഞാൻ നൽകിയ ഈ പ്രഹരത്തിന് ഇപ്പോൾ പ്രതികരിക്കുക" ഹംസയുടേത് ഒരു ചോദ്യമായിരുന്നില്ല. ഒരു വെല്ലുവിളിയും ആയിരുന്നില്ല. അത് പൗരുഷത്തിന്റെ പ്രഖ്യാപനമായിരുന്നു. ഒരു മുസൽമാന്റെ ഉറച്ച വിശ്വാസപ്രഖ്യാപനം. വീണ്ടുവിചാരമില്ലാത്ത ഒരു എടുത്തുചാട്ടമെന്നോ, അപക്വമായ ആവേശമെന്നോ അതിനെ വിശേഷിപ്പിക്കുന്നവരുണ്ടാകാം. കാര്യം എന്തുതന്നെയായിരുന്നാലും അവിടെ കൂടിനിന്നവർ സ്തബ്ധരായിപ്പോയി. തങ്ങളുടെ മുതിർന്ന നേതാക്കളിൽ ഒരാളായ അബുൽഹക്കമിനെ വെറും യുവാവും യുവനേതാവുമായ ഹംസ മർദ്ദിച്ചു എന്നത് അവർ തെല്ല് നേരത്തേക്ക് മറന്നുപോയി. കാരണം അതിനെക്കാൾ എത്രയോ ഗുരുതരമായിരുന്നു ഹംസയുടെ പ്രഖ്യാപനം!! ആ പ്രഖ്യാപനത്തിന്റെ വാർത്ത പരന്നപ്പോൾ ഖുറൈശികൾ വിരണ്ടുപോയി എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല.

ആധ്യാത്മിക കാര്യങ്ങളിൽ വലിയ തൽപരനൊന്നുമല്ലാതിരുന്ന ഹംസപോലും മുഹമ്മദ്(സ)മിന്റെ വലയിൽ കുരുങ്ങിയത് മക്കയിലെ നേതാക്കളിൽ പരിഭ്രാന്തി ഉളവാക്കിയില്ലെങ്കിലല്ലേ അതിശയിക്കേണ്ടൂ! ഹംസയുടെ ബൈഅത്ത് മറ്റ് യുവാക്കൾക്കും പ്രേരകമാകും എന്നതായിരുന്നു ഏറ്റവും വലിയ വിപത്തായി അവർ കണ്ടത്. ഹംസയും കൂട്ടരും വിചാരിച്ചാൽ തങ്ങളുടെ ബിംബങ്ങളെയെല്ലാം തച്ചുടയ്ക്കും എന്നും മറ്റും അവർ ഭയപ്പെട്ടു.

ഖുറൈശി നേതാക്കളെ സാക്ഷി നിർത്തി തന്റെ വിശ്വാസ പ്രഖ്യാപനം ഹംസ നടത്തിയെങ്കിലും, തിരികെ വീട്ടിലെത്തിയപ്പോൾ ആ മനസ്സ് പ്രക്ഷുബ്ധമായിരുന്നു. താനെന്താണ് ഈ ചെയ്തത്? മുഹമ്മദ് (സ) അവഹേളിക്കപ്പെട്ടപ്പോൾ തനിക്കുണ്ടായ അപമാനമോർത്ത് എന്തോ വിളിച്ചുപറഞ്ഞതാണോ? മുഹമ്മദി(സ)ന്റെ ഉദ്ദേശശുദ്ധിയെ താൻ ലവലേശംപോലും സംശയിക്കുന്നില്ല. എന്നാൽ തലമുറകളായി തന്റെ പിതാമഹൻമാർ ആരാധിച്ചുവന്ന ദൈവങ്ങളെ കൈവിടാൻ താൻ കണ്ടെത്തിയ സമയവും, സാഹചര്യവും ശരിയോ? ഇങ്ങനെ പോയി ആ നവ മുസൽമാന്റെ ചിന്തകൾ. ശാന്തമായി, സമചിത്തതയോടെ അടുത്തദിവസങ്ങളിൽ ഹംസ ചിന്ത തുടർന്നു. ഒടുവിൽ ഒന്നു തീരുമാനിച്ചു. അന്തിമമായി ഒരു തീരുമാനത്തിലെത്താൻ താൻ മാത്രം വിചാരിച്ചാൽ സാധിക്കില്ല. അദ്ദേഹം കഅ്ബയിലേക്ക് പോയി. പ്രപഞ്ചത്തിലെ യഥാർത്ഥ ശക്തിയെ അഭിസംബോധന ചെയ്തുകൊണ്ട് ഉള്ളുരുകി പ്രാർത്ഥിച്ചു. നേർമാർഗ്ഗം തിരിച്ചറിയുവാനുള്ള മനഃസ്ഥൈര്യം വന്ന ഹംസ അടുത്ത ദിവസം മുഹമ്മദി(സ)നെ കണ്ട് തന്റെ ബൈഅത്ത് ആവർത്തിച്ചു.

ആദ്യകാല ബൈഅത്തുകളിൽ കോളിളക്കം സൃഷ്ടിച്ച രണ്ട് ബൈഅത്തുകളായിരുന്നു ഹംസയുടേതും, ഉമർബിനുൽ ഖത്താബിന്റേതും. ഇവർ ഇരുവർക്കും പിന്നാലെ നിരവധി ഗോത്രങ്ങൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുകയുണ്ടായി. ഹിജ്റയ്ക്ക് ഏറെ മുമ്പ്തന്നെ ഇസ്‌ലാമിൽ പ്രവേശിച്ചെങ്കിലും, ഹിജ്റയ്ക്ക് ശേഷമാണ് ഹംസ ചരിത്രപുരുഷന്റെ വേഷമണിയാനിടവന്നത്. അത് ബദർ യുദ്ധത്തിലായിരുന്നു. നബിതിരുമേനി ആദ്യമായി ഒരു യുദ്ധത്തിന് ഇസ്‌ലാമിന്റെ കൊടിക്കൂറ നൽകി സൈനിക ഉത്തരവാദിത്തം ഏൽപിക്കുന്നത് ഹംസയെയായിരുന്നു. ഇസ്‌ലാമിലെ ആദ്യ പടനായകൻ എന്ന അപൂർവ്വ ബഹുമതി അങ്ങനെ ഹംസയ്ക്കു വന്നുചേർന്നു. തന്റെ നേതൃത്വപാടവത്തിൽ നബിതിരുമേനി അർപ്പിച്ച വിശ്വാസം പ്രവൃത്തികൊണ്ട് തെളിയിക്കുവാനും ദൃഢീകരിക്കുവാനും പോന്ന തരത്തിലുള്ളയാളായിരുന്നു ബദർ യുദ്ധത്തിൽ ഹംസ കാഴ്ചവെച്ച ആയോധന പാടവം. "അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും സിംഹം" എന്ന നബിതിരുമേനി കൽപ്പിച്ചുനൽകിയ വിളിപ്പേരിനെ അന്വർത്ഥമാക്കിക്കൊണ്ട് ഹംസ ഇതിഹാസമായി മാറിക്കൊണ്ടിരിക്കയായിരുന്നു ബദർ യുദ്ധത്തിന്നുശേഷം.

ഐതിഹാസികമായ ഒരു യുദ്ധമായിരുന്നു ബദറിലേത് എന്ന് പറയേണ്ടതില്ലല്ലോ. ആ യുദ്ധത്തെ വിലയിരുത്തിയിട്ടുള്ള പിൽക്കാല പാശ്ചാത്യ പണ്ഡിതന്മാരുടെയും, ഇസ്‌ലാംമത വിരോധികളുടെയും നിഗമനം ഒരു പക്ഷെ ഹംസക്കുള്ള ഉപഹാരമായി കാണാം. ആ നിഗമനം ഇതായിരുന്നു. ബദർ യുദ്ധത്തിൽ മുഹമ്മദിന്റെ സൈന്യം വിജയം വരിക്കാൻ കാരണം രണ്ടേ രണ്ട് വ്യക്തികളുടെ പ്രകടനമായിരുന്നു. ഹംസയുടേതും അലിയുടേതും. ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ആ പക്ഷപാതമതികൾ മറന്നില്ല. ബദർ യുദ്ധവിജയം അബ്ദുൽ മുത്തലിബിന്റെ കുടുംബക്കാരുടെ വിജയമായിരുന്നു. (അലിയുടെ പിതാവും, ഹംസ

യുടെയും മുഹമ്മദിന്റെ(സ) പിതാവുമെല്ലാം അബ്ദുൽ മുത്ത ലിബിന്റെ മക്കളായിരുന്നല്ലോ). ബദർ യുദ്ധത്തിൽ ഖുറൈ ശികൾക്ക് വന്ന നഷ്ടം എണ്ണത്തിലും വണ്ണത്തിലും കഠിനത രമായിരുന്നു. മുൻനിരപോരാളികളായിരുന്ന അബുജഹൽ, ഉത്ത്ബ, ഷെയ്ബ, ഉമയ്യബിൻ ഖലാഫ് ഉഖുബ തുടങ്ങിയ 'വൻതോക്കു'കളായിരുന്നു നിഗ്രഹിക്കപ്പെട്ടത്. ബദർ വിജയ ത്തിലെ നായകനും, ഇതിഹാസ തുല്യനും യുദ്ധഗീതങ്ങ ളിലെ വീരപുരുഷനും ഒക്കെ ആയിത്തീർന്നെങ്കിലും, ആ കാരണം കൊണ്ട് തന്നെ അദ്ദേഹം നോട്ടപുള്ളിയുമായി. രണാങ്കണത്തിൽ വീണ്ടും കണ്ടുമുട്ടേണ്ടിവരും എന്നറിയാമാ യിരുന്നു ഖുറൈശിനേതാക്കൾക്ക്. ലക്ഷ്യമിടാൻ രണ്ടേ രണ്ട് പേർ മാത്രം മതിയായിരുന്നു അവർക്ക്. മുഹമ്മദ(സ)ും ഹംസയും. ആ അവസരത്തിനായി അവർക്ക് ഏറെയൊന്നും കാത്തിരിക്കേണ്ടിവന്നില്ല. ഹംസയുടെ രക്തത്തിനായി ഏറെ ദാഹിച്ച ഒരു വ്യക്തി അബൂസുഫിയാന്റെ ഭാര്യ ഹിന്ദ് ആയി രുന്നു. ബദറിൽ കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ അവരുടെ പിതാവും, മകനും, സഹോദരനും അമ്മാവനും ഉണ്ടായിരു ന്നു. അബ്സീനിയൻ അടിമയായിരുന്ന വഹ്ഷിയെയായി രുന്നു മക്കക്കാർ ഹംസയുടെ അന്തകനായി കണ്ടുവെച്ചത്. ഒരിക്കലും ഉന്നം പിഴയ്ക്കാതെ കുന്തം എറിഞ്ഞ് ഏത് ലക്ഷ്യ ത്തിലും എത്തിക്കാൻ കഴിവുള്ള പ്രഗത്ഭനായ യോദ്ധാവാ യിരുന്നു വഹ്ഷി. ഹംസയുടെ 'കഥ കഴിച്ചാൽ' തന്നെ മോചി പ്പിക്കുമെന്ന് വഹ്ഷിയുടെ യജമാനൻ അയാൾക്ക് ഉറപ്പ് നൽകി (ബദറിൽ തന്റെ പിതൃസഹോദരനെ നഷ്ടപ്പെട്ടത് മൂലം ഹംസയുടെ രക്തത്തിനായി ദാഹിച്ചിരുന്ന മറ്റൊരു വ്യക്തിയായിരുന്നു വഹ്ഷിയുടെ യജമാനനായിരുന്ന ജുബൈർബിൻ മുത്ഇം). ഹിന്ദ് ആകട്ടെ, ഹംസയുടെ ജീവ നുപകരം വഹ്ഷിക്ക് വാഗ്ദാനം ചെയ്തത് തന്റെ രത്ന ങ്ങളും ആഭരണങ്ങളുമാണ്.

അണിയറയിൽ ഇത്രയും ഒരുക്കങ്ങളെല്ലാം നടന്നുകഴിഞ്ഞ പ്പോഴേക്കും ഇവരെല്ലാം ആഗ്രഹിച്ച അവസരം വന്നെത്തി. ഉഹദ്‌യുദ്ധം. ആ യുദ്ധത്തിന്റെ പ്രസക്തഭാഗത്തെ വിവരിച്ചു കൊണ്ടുള്ള വഹ്ഷിയുടെ ഒരു രിവായത്ത് ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ആദ്യഭാഗം ഇപ്രകാരമാണ്

"ഉബൈദില്ലാ (റ) പറയുന്നു: അദ്ദേഹം ഒരിക്കൽ 'വഹശി' (റ)യോട് ചോദിച്ചു: ഹംസ (റ)യുടെ വധത്തെപ്പറ്റി താങ്കൾ ഞങ്ങൾക്ക് വിവരിച്ചുതരുമോ?" അദ്ദേഹം പറഞ്ഞു: "അതെ! ബദർ യുദ്ധത്തിൽവെച്ച് ഹംസ തുഐമത്തിനെ വധിച്ചു. എന്റെ യജമാനൻ (ജുബൈറുബ്നുമുത്ത് ഇം) പറഞ്ഞു: "എന്റെ പിതൃവ്യന്നു (തുഐമക്ക്) പകരമായി ഹംസയെ നീ വധിക്കുന്നപക്ഷം, ആ ദിവസം മുതൽ നീ സ്വതന്ത്രനാണ്." പിന്നീട് ഉഹ്ദ് സംഭവ വർഷം, ജനങ്ങളോടൊപ്പം ഞാനും പുറപ്പെട്ടു. ഇരുപക്ഷവും യുദ്ധത്തിന്നായി അണിനിരന്നു കഴി ഞ്ഞപ്പോൾ 'സിബാഅ്' മുന്നോട്ടുവന്ന് പോർ നടത്തി. യുദ്ധ ത്തിന്നിറങ്ങാൻ ആരെങ്കിലും ഒരുക്കമുണ്ടോ?" ഹംസ അവന്റെ നേരെ വന്നിട്ട് സിബാഅ് ഉമ്മുഅമ്മാറിന്റെ പുത്രാ!" എന്നു വിളിച്ചുകൊണ്ടു അവനെ പരിഹാസപൂർവ്വം അഭിസം ബോധന ചെയ്തുകൊണ്ട്, "അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും നേരെ നീ ശത്രുത പുലർത്തുകയാണോ?"എന്നു ചോദിച്ചു. അദ്ദേഹമവന്റെ നേരെ ചാടി. അതോടെ അവന്റെ കഥയും കഴിഞ്ഞു. ഞാൻ ഒരു പാറക്കല്ലിൻകീഴിൽ ഹംസായെ പ്രതീക്ഷിച്ചു പതിയിരിക്കുന്നുണ്ടായിരുന്നു. എന്റെ അടുത്തെത്തിയ പ്പോൾ അദ്ദേഹത്തെ എന്റെ കുന്തം കൊണ്ടു ഞാൻ കുത്തി. നാഭിയിലാണു കുത്തിയത്. എന്നിട്ടത് രണ്ടു വരിക്കിടയിൽക്കൂടി പുറത്തുകടന്നു. അങ്ങനെയാണ് ഹംസ യുടെ പര്യവസാനമുണ്ടായത്".

ഹംസ വധിക്കപ്പെട്ടെന്ന് ഉറപ്പായപ്പോൾ അദ്ദേഹത്തിന്റെ കരൾ കൊണ്ടുവരുവാൻ ഹിന്ദ് ആവശ്യപ്പെട്ടു. വഹ്ഷിതന്നെ അതും അനുസരിച്ചു. വലതുകൈകൊണ്ട് കരൾ ഹിന്ദിന്ന് കൊടുക്കുകയും ഇടതുകൈകൊണ്ട് ആഭരണങ്ങൾ കൈപ റ്റുകയും ചെയ്യുകയായിരുന്നത്രേ അയാൾ. പ്രതികാരദാഹ ശമനത്തിന്റെ ലഹരിയിലായിരുന്നു ഹിന്ദ് അപ്പോൾ. ആ കരൾ ചവയ്ക്കാൻ തുനിഞ്ഞ അവർ അതിന്റെ കാഠിന്യം കാരണം അത് തുപ്പിക്കളഞ്ഞുകൊണ്ട് ഒരു പദ്യം ഉറക്കെ ചൊല്ലിപോ ലും. ആ പദ്യത്തിന്റെ ഉള്ളടക്കം എന്തായിരുന്നുവെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ.

യുദ്ധം അവസാനിച്ചപ്പോൾ രണഭൂമിയിലൂടെ നബിതിരു മേനി നടന്നുനീങ്ങി. തനിക്കുവേണ്ടി, തന്റെ ആജ്ഞാനുസ രണം ജീവൻ ബലിയർപ്പിച്ച ഓരോ സുഹൃത്തിന്റെയും, അനു യായിയുടെയും മൃതദേഹം അദ്ദേഹം നേരിൽ കണ്ടുവരിക യായിരുന്നു. പെട്ടെന്നായിരുന്നു ഹംസയുടെ വികൃതവും വികലവും ആക്കപ്പെട്ട ശരീരം നബിയുടെ ദൃഷ്ടിയിൽ പതി ഞ്ഞത്. യുദ്ധത്തിലാണെങ്കിൽ പോലും, ഇത്ര കഠിനമായ ഒരു ക്രൂരകൃത്യം ചെയ്യാൻ തന്റെ ജനതയ്ക്ക് സാധിക്കും എന്ന് നബിതിരുമേനി വിചാരിച്ചിരുന്നില്ല. ഒരു നിമിഷം പല്ലുകൾ ഇറുമ്മി, ഇമകളടച്ചുനിന്നുപോയ നബി, കണ്ണുകൾ മെല്ലെ തുറന്നുകൊണ്ടു അരുളി "(അല്ലയോ ഹംസ) ഞാൻ ജീവി ച്ചിരിക്കെ ഇനി, താങ്കളുടെ വേർപാടിനെക്കാൾ വലിയൊരു നഷ്ടം എനിക്കുണ്ടാവില്ല. ഇപ്പോൾ എന്നിലുണ്ടാവുന്ന കോപത്തേക്കാൾ തീവ്രമായ കോപം എനിക്ക് മുമ്പ് അനുഭ വപ്പെട്ടിട്ടുമില്ല."

ഹംസയുടെ വേർപാട് അദ്ദേഹത്തിൽ ജനിപ്പിച്ച വികാരം നമുക്ക് ഊഹിക്കാവതല്ലേ? സഹാബത്ത് ഏറ്റുപറഞ്ഞു. "യാ റസൂലുല്ലാഹ്, നാം എന്ന് അവരെ (ഖുറൈശികളെ) കീഴട ക്കുന്നുവോ, അന്ന് ഒരറബിയും ഇതുവരെ ചെയ്തിട്ടില്ലാത്ത രീതിയിൽ ഞങ്ങളവരെ തുണ്ടങ്ങളാക്കും". പ്രതികാര ശപഥം നടക്കുന്ന ഈ വേളയിലാണ് ഖുർആനിലെ 16:127, 128 ആയത്തു കൾ ഇറങ്ങിയതത്രെ. അവ ഇപ്രകാരമാണ് "നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ ആക്രമിക്കപ്പെട്ടത് ഏതു അള

വിലാണോ, അതിന് തുല്യമായിക്കൊണ്ടുമാത്രം നിങ്ങൾ പ്രതികാരം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ ക്ഷമാശീലർക്ക് അത് ഏറ്റവും നല്ലതുതന്നെ. ക്ഷമിക്കുക നിന്റെ ക്ഷമ നിനക്ക് കൈവന്നത് അല്ലാഹുവിന്റെ സഹായത്താൽ മാത്രമാണ്. നീ അവർക്കുവേണ്ടി വ്യസനിക്കേണ്ട. അവർ തന്ത്രം ഉപയോഗിക്കുന്നതിനാൽ നീ ഞെരുക്കത്തിലാവരുത്." (16:127,128). പ്രതികാരത്തിന്റെ പേരിലുള്ള അതിക്രമങ്ങൾ തടഞ്ഞുകൊണ്ടുള്ള ഈ ആയത്ത് ഒരു വേള ഹംസ (റ) ക്കുള്ള മരണാനന്തര ബഹുമതിയായി നമുക്ക് കരുതാം. ഉഹദ് ഭൂമിയിൽ തന്നെ ജനാസ നമസ്ക്കരിക്കപ്പെടുവാൻ തുടങ്ങി. ഹംസ മരണമടഞ്ഞ സ്ഥലത്തു അദ്ദേഹത്തിന്റെ ജനാസ കൊണ്ടുവന്നു വച്ച് നബി നമസ്കരിച്ചു. ശേഷം രണ്ടാമത്തെ ജനാസ അവിടെ കൊണ്ടുവന്നുവച്ചു നമസ്ക്കരിച്ചു. പിന്നീട് രണ്ടാമത്തെ ജനാസ കൊണ്ടുപോയി. മൂന്നാമത്തേത് കൊണ്ടുവന്നു. അങ്ങനെ 70 ജനാസകൾ നമസ്ക്കരിക്കപ്പെടുമ്പോഴും ഹംസയുടെ ജനാസ അവിടെയുണ്ടായിരുന്നു. ഹംസക്ക് മാത്രം നൽകപ്പെട്ട ഈ ബഹുമതിയിൽ നിന്നും ഹംസക്ക് നബിയുടെ പക്കലുണ്ടായിരുന്ന സ്ഥാനം നമുക്ക് മനസ്സിലാക്കാം. ഹംസയുടെ ജീവിതത്തിനു വിരാമമിടാൻ കാരണഭൂതനായ അടിമ വഹ്ഹി പിന്നീട് ഇസ്‌ലാമിലേക്ക് വരികയുണ്ടായി. മേലുദ്ധരിച്ച ബുഖാരിയിലെ ഹദീസിന്റെ ബാക്കി ഭാഗത്ത് വഹിഫി പറയുന്നത് കേൾക്കുക:

"അവസാനം മറ്റുള്ളവരോടൊപ്പം ഞാനും മക്കയിലേക്കു മടങ്ങി. (മക്കാനഗരം മുസ്‌ലിംകൾക്ക് കീഴടങ്ങി) ഇസ്‌ലാം സർവ്വത്ര പ്രചരിക്കുംവരേക്കും അവിടെത്തന്നെ ഞാൻ താമസിച്ചു. അവസാനം ഞാൻ താഇഫിലേക്കു പോയി. താഇഫുമാർ നബി (സ)യുടെ അടുക്കലേക്ക് ദൂതനെ അയച്ചപ്പോൾ, നബി ദൂതന്മാരെ ദ്രോഹിക്കുകയില്ലെന്ന് എന്നോട് ആളുകൾ പറഞ്ഞു. ഞാനും അവരോടൊപ്പം ചേർന്നു തിരുമേനിയുടെ അടുക്കലേക്ക് പോയി. എന്നെ കണ്ടപ്പോൾ "നീയാണോ വഹ്ഷി?" എന്നു തിരുമേനി ചോദിച്ചു. "അതെ"യെന്നു ഞാനുത്തരം പറഞ്ഞപ്പോൾ "ഹംസായെ കൊന്നത് നീയാണോ?"യെന്നു തിരുമേനി വീണ്ടും ചോദിച്ചു. "അങ്ങേക്ക് ലഭിച്ച വാർത്തകളെല്ലാം യഥാർത്ഥമാണെ"ന്നു ഞാൻ മറുപടി പറഞ്ഞു. "നിന്റെ മുഖത്തെ എന്റെ ദൃഷ്ടിയിൽനിന്നകറ്റി നിറുത്തുവാൻ നിനക്ക് കഴിയുമോ?" തിരുമേനി ചോദിച്ചു. ഉടനെ ഞാനവിടം വിട്ടുപോന്നു. പിൽക്കാലത്ത് തിരുമേനി പരലോക പ്രാപ്തനാവുകയും 'മുസൈലിമത്തുൽകദ്ദാബ്' (കള്ളപ്രവാചകൻ) പുറപ്പെടുകയും ചെയ്തപ്പോൾ ഞാൻ മുസൈലിമത്തിന്റെ നേരെ പുറപ്പെടാൻ തീരുമാനിച്ചു. ഒരുപക്ഷെ അവനെ കൊല്ലാൻ കഴിഞ്ഞെങ്കിൽ ഹംസായെ കൊന്നതിന്ന് അതു പ്രായശ്ചിത്തമായെങ്കിലോ, എന്നാണ് ഞാനോർത്തത്. മറ്റുള്ളവരോടൊപ്പം ഞാൻ മുസൈലിമത്തിന്റെ അടുക്കലേക്കു പുറപ്പെട്ടു. അവന്റെ സ്ഥിതി മുമ്പ് കേട്ടിരുന്നപോലെ തന്നെ. യുദ്ധക്കളത്തിൽ ഒരു മനുഷ്യനതാ (മുസൈലിമ) ഒരു മതിൽ പൊട്ടിയ സ്ഥലത്തു നിൽക്കുന്നു. മുടി പാറിപ്പറന്നു നിൽക്കുന്നുണ്ട്. ഒറ്റ നോട്ടത്തിൽ തവിട്ടു നിറത്തിലുള്ള ഒരൊട്ടകം പോലെയുണ്ട്. ഞാനയാളുടെ നെഞ്ചിൽ കുന്തംകൊണ്ട് ഒരു കുത്തുകൊടുത്തു. ആ കുന്തം രണ്ടു ചുമലിന്നിടയിലൂടെ പുറത്തേക്ക് കടന്നു. അതിന്നിടക്ക് ഒരു അൻസാരി അവന്റെ നേരെ ചാടിയിട്ട് തന്റെ വാൾകൊണ്ട് അവന്റെ തലമണ്ടക്ക് ഒരു വെട്ടുകൊടുത്തു. (അതോടെ അവന്റെ കഥയും കഴിഞ്ഞു.)

യോദ്ധാവായ ഹംസ ആളൽപ്പം കുസൃതിക്കാരനുമായിരുന്നു. മദ്യം നിഷിദ്ധമാക്കപ്പെടുന്നതിന് മുമ്പ് ഒരവസരത്തിൽ ഹംസ ഒരു ഒട്ടകത്തെ കൊന്നു കുടൽ പുറത്തെറിഞ്ഞു. ഒട്ടകം അലി (റ)യുടേതായിരുന്നു. അലിയുടെ പരാതിയെ തുടർന്ന് കാര്യം തിരക്കാൻ ചെന്ന നബിയോട് മദ്യലഹരിയിൽ ആയിരുന്ന ഹംസ പരിഹാസപൂർവ്വം പെരുമാറിയതായ സംഭവം ബുഖാരി വിവരിക്കുന്നുണ്ട്. ഏറെ വിഷമത്തോടെ, എന്നാൽ ഒരക്ഷരം ഉരിയാടാതെ നബി തിരിഞ്ഞുനടന്നു. ഈ അവസരത്തിലാണ് മദ്യം നിഷിദ്ധമാക്കിക്കൊണ്ടുള്ള കൽപന ഇറങ്ങിയതത്രെ.

ഉഹ്ദിനെ തുടർന്നു മറ്റൊരു രസകരമായ സംഭവം കാണാം. ബനി അബ്ദുൽ അശൽ ഗോത്രത്തിലുള്ള ചില സ്ത്രീകൾ ഉഹ്ദിൽ ശഹീദായ തങ്ങളുടെ ഗോത്രക്കാരനെ ഓർത്ത് വിലപിക്കുന്നത് നബി കാണാനിടയായി. "ഹംസയ്ക്ക് മാത്രം വിലപിക്കാൻ ആരുമില്ല" എന്ന് നബി അപ്പോൾ പറഞ്ഞുപോയി. ഇതുകേൾക്കാനിടയായ ഒരു സഹാബി ഓടിച്ചെന്ന് ആ സ്ത്രീകളോടായി പറഞ്ഞു. "നിങ്ങൾ ഹംസയ്ക്ക് വേണ്ടി വിലപിക്കുക" അത്തരത്തിലുള്ള വിലാപങ്ങൾ നബിയുടെ കാതിലും എത്തി. അപ്പോൾ നബി പറഞ്ഞു "ഞാൻ ഇതല്ല ഉദ്ദേശിച്ചത്. നിങ്ങൾ തിരികെ പോകുക. അല്ലാഹു കരുണ ചെയ്യട്ടെ. ഇനി വിലാപങ്ങൾ ഉണ്ടാവേണ്ട" എന്നാൽ പിന്നീട് മരണവീടുകളിൽ ആദ്യം ഹംസയെ ഓർത്ത് വിലപിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം കുറെക്കാലത്തേക്ക് നിലനിന്നിരുന്നതായി പറയപ്പെടുന്നു. ■

## പ്രാർത്ഥന എങ്ങനെ

അബൂഹുറയ്‌റ (റ)യിൽനിന്നു നിവേദനം: തിരുനബി (സ) അരുളി: "അല്ലാഹുവേ നീ ഉദ്ദേശിക്കുന്ന പക്ഷം എനിക്കു പൊറുത്തു തരേണമേ. അല്ലാഹുവേ നീ ഉദ്ദേശിക്കുന്ന പക്ഷം എന്നെ നീ അനുഗ്രഹിക്കേണമേ' എന്ന് നിങ്ങളാരും പ്രാർത്ഥിക്കരുത്. ഉറപ്പിച്ചുകൊണ്ടുതന്നെ പ്രാർത്ഥിക്കണം. (അല്ലാഹു ഉദ്ദേശിക്കുന്നെങ്കിൽ മാത്രമല്ലാതെ) നിർബന്ധിച്ച് അല്ലാഹുവിനെക്കൊണ്ട് ഒരു കാര്യം ചെയ്യിക്കാൻ ആർക്കും കഴിയില്ലതന്നെ."

തിരുമേനി അരുളി: "ഞാൻ പ്രാർത്ഥിച്ചു, എന്നിട്ട് എന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടില്ല' എന്ന് ആവലാതിപ്പെടാത്ത കാലംവരേക്കും നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകതന്നെ ചെയ്യും." (ബുഖാരി)

# കൊതിതീരാത്ത രക്തദാഹം

കെ. പി. അഹ്മദ്

## വിദൂരലക്ഷ്യങ്ങളിലേക്ക് നീളുന്ന അമേരിക്കയുടെ ആസൂത്രിത കാപട്യങ്ങളെക്കുറിച്ച്

ക്രൂരമമായി മെനെഞ്ഞെടുത്ത 'നീതിയുദ്ധ' പ്രചാരകന്മാരുടെ റോളാണ് അമേരിക്ക ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നത് അവിടെ രംഗം അടക്കി വാഴുന്നതാണെങ്കിൽ രക്തദാഹികളായ ഡ്രാക്കുളമാരും!

അല്ലെങ്കിലും അവർ പണ്ടും രക്തക്കൊതിയന്മാരായിരുന്നല്ലോ! കുടിയേറ്റ റിപ്പബ്ലിക്കായ അമേരിക്ക അധിനിവേഷത്തിന്റെ സൃഷ്ടിയാണെന്നതാണ് ചരിത്രസത്യം. ബുഷിന്റെയും റൌംസ് ഫെൽഡിന്റെയും ഡിക്ക് ചെനിയുടെയും പിതാമഹന്മാർ തദ്ദേശവാസികളായ റെഡ് ഇന്ത്യക്കാരെ കൊന്നൊടുക്കി വെട്ടിപ്പിടിച്ച വൻകരയാണല്ലോ അത്! ഒരു ജനസഞ്ചയത്തെ ഒന്നടങ്കം കശാപ്പ് ചെയ്ത് അവരുടെ രക്തം കുതിർന്ന മണ്ണിൽ പടുത്തുയർത്തപ്പെട്ട അമേരിക്ക അതിന്റെ മുൻകാല രക്തപാനസ്വഭാവം ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നു! ലോകത്തിന്റെ ഏതെല്ലാം കോണുകളിലാണ് അതിന്റെ കൂർത്ത ദംഷ്ട്രങ്ങൾ മുറിപ്പാടുകളുണ്ടാക്കാതിരുന്നത്?

### ജീവന്റെ വിലനിലവാരം

അമേരിക്കൻ പിന്തുണയോടും സഹകരണത്തോടും കൂടി വിയറ്റ്നാമിലും തുർക്കിയിലും കൊളമ്പിയയിലും ഇന്തോനേഷ്യയിലും ഇറാനിലും ഇറാഖിലും ഫലസ്തീനിലും ചെയ്തുകൂട്ടിയ പൈശാചിക നരമേധങ്ങളുടെ കണക്കുകളെല്ലാം ഇന്ന് എഴുതിത്തള്ളപ്പെട്ട താളുകളാണ്! എന്നാൽ വൈരുദ്ധ്യമെന്നു പറയാം സപ്തംബർ 11ന്റെ കണക്കെടുപ്പ് മാത്രം മുമ്പെങ്ങുമില്ലാത്ത വിധം കുതൂഹല കൗതുകത്തിന്റെ പരിവേഷം പകർന്നുകൊണ്ട് മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നുവെന്നതാണ് വസ്തുത!

ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകൾക്കൊന്നും അമേരിക്കൻ ജീവന്റെ ഗുണനിലവാരമോ വിലനിലവാരമോ ഇല്ലെന്ന മട്ടിലാണ് സപ്തംബർ 11 വാഴ്ത്തപ്പെടുന്നത്! മാദ്ധ്യമങ്ങളുടെ ആടിത്തിമർക്കുന്ന അതിശയോക്തികൾ പരിശോധിച്ചാൽ അമേരിക്കയുടെ ദുഷ്ടലാക്കിന് ഇരയായവരുടെ മരണങ്ങൾക്കൊന്നും ഏറെ മഹത്വം കൽപ്പിക്കാനില്ലെന്നും സപ്തംബർ 11ന്റെ രക്തസാക്ഷികൾ വി. ഐ. പി. പട്ടികയിലാണെന്നും തോന്നിപ്പോകും! ഇത്തരമൊരു ദുരന്തം തങ്ങൾക്കു മാത്രമേ സംഭവിച്ചിട്ടുള്ളൂ എന്ന ഭാവത്തിലാണ് അമേരിക്കൻ ഭരണസാരഥികളും അവരുടെ ശിങ്കിടികളും പോക്കറ്റിലുള്ള പേന ഉന്തുകാരും വിലപിച്ചുകൊണ്ടിരിക്കുന്നത്! ചുരുക്കത്തിൽ സപ്തംബർ 11 കൊണ്ട് അമേരിക്ക കൊയ്തെടുത്ത നേട്ടം അവരുടെ ആസൂത്രിതമായ കാപട്യങ്ങൾ മൊത്തമായിത്തന്നെ ലോകത്ത് വിതരണം ചെയ്തു എന്നതാണ്! കാര്യസാദ്ധ്യത്തിന് 'കാരണങ്ങൾ' വഴിയൊരുക്കുമെന്ന തത്ത്വം നടപ്പിലാക്കാൻ സപ്തംബർ 11 ധാരാളമായിരുന്നു! അഫ്ഗാനിലെ രക്തപാനത്തോടെ അവരതിന് തുടക്കം കുറിക്കുകയും ചെയ്തു.

### ദേശസ്നേഹത്തിന്റെ പുകമറ

ഇപ്പോൾ 'നീതിയുദ്ധ'ത്തിന്റെ പൊയ്മുഖം ധരിച്ചുകൊണ്ട് ഭീകരതയുടെ ലേബലിൽ മുസ്‌ലിം രാഷ്ട്രങ്ങളെ വെട്ടിവിഴുങ്ങാനുള്ള തത്രപ്പാടിലാണ് ബുഷും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും. വിപുലമായ ഈ ആക്രമണ പദ്ധതികൾക്ക് ഓശാന പാടാൻ ഒട്ടേറെ അമേരിക്കൻ ബുദ്ധിജീവികളെ സംഘടിപ്പിക്കാൻ കഴിഞ്ഞതും, രാജ്യത്തിനകത്ത് ഒരു സ്പെഷ്യൽ 'ദേശസ്നേഹനിയമം' പാസാക്കിയെടുക്കാൻ സാധിച്ചതും, എവിടെയും കടന്നാക്രമണം നടത്താനുള്ള പട്ടാളനീക്കങ്ങൾക്ക് 'നിതാന്തസ്വാതന്ത്ര്യ'മെന്ന പച്ചക്കൊടി വീശാൻ തരപ്പെട്ടതും ഊതിപ്പെരുപ്പിച്ച ഭീകരതയുടെ അഗ്നിനാളത്തിൽനിന്നാണ്.

അമേരിക്കയിൽ പുതുതായി നടപ്പാക്കിയ 'ദേശസ്നേഹനിയമ'ത്തിലൂടെ ന്യായമായ വിചാരണകൾക്കുള്ള അവകാശങ്ങളാണ് ഹനിക്കപ്പെട്ടിരിക്കുന്നത്. രഹസ്യസ്വാഭാവമുള്ള അന്വേഷണങ്ങൾ, ടെലിഫോൺ ചോർത്തൽ, പരിധി നിർണയിക്കാത്ത തടങ്കൽ, തടവുകാരെ തട്ടിക്കൊണ്ടുപോകാനും അവർ യുദ്ധത്തടവുകാരാണോ

അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം തുടങ്ങിയ കാര്യങ്ങളൊക്കെ അമേരിക്കൻ പോലീസിന്റെയും പട്ടാളത്തിന്റെയും വരുതിയിലാണത്രെ!

സങ്കീർണമായ ഈ സാഹചര്യത്തിൽ അമേരിക്കൻ മുസ്‌ലിംകളുടെയും അവിടുത്തെ അന്തേവാസികളായ അറബികളുടെയും തലക്കുമീതെ ഒരു ധൂമകേതുവിന്റെ ആപൽശങ്ക പോലെ ഭീകരവേട്ടയുടെ കരിനിഴൽ വീണുകഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമോ മുസ്‌ലിംകളോ അല്ല ലക്ഷ്യമെന്ന് ഭംഗിവാക്കു പറയാൻ ജോർജ് ബുഷ് മറക്കുന്നില്ലെങ്കിലും 'ദേശസ്നേഹനിയമ'ത്തിന്റെ കുരുക്കുകളിൽ നിന്ന് അവിടുത്തെ മുസ്‌ലിംകൾക്ക് രക്ഷയില്ലെന്നാണ് അമേരിക്കൻ നിവാസിയായ അറബി വംശജനും ലെബനനാൻ ക്രിസ്ത്യാനിയുമായ എഡ്വെർഡ് സെയ്ദിന്റെ ശ്രദ്ധേയമായ വാക്കുകളിൽനിന്ന് വ്യക്തമാകുന്നത്.

"താൻ ശത്രുപക്ഷത്താണെന്ന തോന്നൽ ഉള്ളിലുദിക്കാത്ത ഒരു അമേരിക്കൻ മുസ്‌ലിമോ അറബിയോ ഇന്ന് അമേരിക്കയിലില്ല. ഐക്യനാടുകളിൽ കഴിയുകയെന്നുവെച്ചാൽ അന്യതാത്വം അനുഭവിക്കുകയും വെറുപ്പിന് പാത്രമാവുകയുമാണ്. ഇസ്‌ലാമോ മുസ്‌ലിംകളോ അറബികളോ നമ്മുടെ ശത്രുക്കളല്ലെന്ന ഔദ്യോഗിക പ്രസ്താവനകൾ ഇടക്കിടെ പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും മറ്റു സാഹചര്യത്തെളിവുകളെല്ലാം നേരെ വിരുദ്ധമായ പ്രതീതിയാണ് ജനിപ്പിക്കുന്നത്. നൂറ്റുക്കണക്കിന്അറബികളെയും മുസ്‌ലിംകളെയും ചോദ്യം ചെയ്യാൻ പിടിച്ചുകൊണ്ടുപോകുന്നു. പലരേയും പോലീസോ എഫ്. ബി ഐ.യോ തുറുങ്കിലടക്കുന്നു. വിമാനത്താവളങ്ങളിൽ അറബി മുസ്‌ലിം പേരുകാരെ മാറ്റിനിർത്തി പ്രത്യേക സുരക്ഷാ പരിശോധനക്ക് വിധേയരാക്കുന്നു. പൊതുസ്ഥലങ്ങളിൽ വെച്ച് അറബി സംസാരിക്കുകയോ അറബി പ്രസിദ്ധീകരണങ്ങൾ വായിക്കുകയോ ചെയ്താൽ അപ്പോൾത്തന്നെ നോട്ടപ്പുള്ളികളാക്കുന്നു. വിവേചനപരമായ മറ്റു പല നടപടികളെയും പറ്റിയുള്ള റിപ്പോർട്ടുകൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അന്യായമായ ന്യായീകരണങ്ങളുമായി എത്തുന്ന 'വിദഗ്ധരു'ടെയും 'നിരീക്ഷകരു'ടെയും വെള്ളപ്പൊക്കമാണ് മാദ്ധ്യമങ്ങളിൽ "(മലയാളം വാരിക 2002 മാർച്ച് 29)

സപ്തംബർ 11ന് ശേഷമുള്ള അമേരിക്കയുടെ ചിത്രമാണിത്. അന്യായമായ ഈ നിയമത്തിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് എന്നാണ് മോചനം കിട്ടുക എന്ന ആശങ്കയിലാണ് അമേരിക്കയിലെ അറബികളും മറ്റു മുസ്‌ലിംകളും! ദൈനംദിന ജീവിതത്തിലേക്ക് തിരിച്ചെത്തുന്ന തീക്ഷ്ണമായ അനുഭവങ്ങളുടെ ഭാവപ്പകർച്ച അവിടുത്തെ മുസ്‌ലിംകളെ ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു.

## വിദൂര ലക്ഷ്യങ്ങൾ തേടി

അമേരിക്കയെ സംബന്ധിച്ചിടത്തോളം സ്വന്തം താൽപ്പര്യങ്ങളുടെ അനന്തസാദ്ധ്യതകൾക്ക് വഴിതുറന്നുകൊടുത്ത കവാടമായിരുന്നു സപ്തംബർ 11. പെന്റഗണിലെ കമ്പ്യൂട്ടറുകൾക്ക് മുമ്പിലിരുന്ന് തങ്ങളുടെ അദമ്യമായ ശക്തിപ്രകടനത്തിന് രൂപം നൽകാൻ അതു സഹായിച്ചു! വിദൂരലക്ഷ്യങ്ങളിലേക്ക് നീളുന്ന അമേരിക്കയുടെ നയരൂപീകരണം ന്യായത്തിലേക്കോ അന്യായത്തിലേക്കോ എത്തിനോക്കുകപോലും ചെയ്യാതെ ആഞ്ഞടിക്കുക എന്ന അഹങ്കാരത്തിലേക്കാണ് കുതിച്ചുകൊണ്ടിരിക്കുന്നത്! അമേരിക്കയുടെ താൽപ്പര്യങ്ങൾക്ക് വിഘാതമായി നിൽക്കുന്നതെന്തും തകർത്തു തരിപ്പണമാക്കാനുള്ള വ്യഗ്രതയുടെ വീണ്ടുവിചാരമില്ലാത്ത പടയോട്ടം! നീതിക്കും സ്വാതന്ത്ര്യത്തിനുമെതിരെ മുഖംതിരിച്ചു നിൽക്കുന്ന നിഷേധാത്മകവും മനുഷ്യത്വരഹിതവുമായ ഈ നയങ്ങളെ വിമർശിച്ചുകൊണ്ട് ഓഹോയോയിൽ നിന്നുള്ള ഡമോക്രാറ്റിക്ക് പാർട്ടിയിലെ കോൺഗ്രസ് അംഗം ഡെന്നിസ് കുച്ച്നിച്ച് പൊട്ടിത്തെറിച്ചതിങ്ങനെയാണ്.

"പ്രസിഡന്റിനും അദ്ദേഹത്തിന്റെ ശിങ്കിടികൾക്കും ലോകത്തിനെതിരെ അന്യായവും പരിധികളില്ലാത്തതുമായ യുദ്ധം (ഓപ്പറേഷൻ എൻഡ്യൂറിങ്ങ് ഫ്രീഡം) പ്രഖ്യാപിക്കാൻ അധികാരമില്ല. നാനൂറ് ബില്യൻ ഡോളറിൽ കൂടുതൽ പട്ടാളച്ചെലവുകൾ വർദ്ധിപ്പിക്കാൻ അധികാരമില്ല. അവകാശനിയമങ്ങളെ (ബിൽ ഓഫ് റൈറ്റ്സ്) നിരാകരിക്കാൻ അധികാരമില്ല." അദ്ദേഹം തുടർന്നുപറഞ്ഞു. "സപ്തംബർ 11ന് ഒഴുകിയ നിരപരാധികളുടെ രക്തത്തിന് പകരമായി അഫ്ഘാനിസ്ഥാനിലെ നിരപരാധികളായ ഗ്രാമീണരുടെ രക്തമൊഴുക്കാൻ ഞങ്ങളാരും ആവശ്യപ്പെട്ടിട്ടില്ല."

(മലയാളം വാരിക 2002 മാർച്ച് 29)

ഇങ്ങനെ ഒറ്റപ്പെട്ട ചില പ്രതിഷേധസ്വരങ്ങൾ അമേരിക്കയിൽനിന്ന് പുറത്തേക്ക് പ്രവഹിക്കുന്നുണ്ടെങ്കിലും അവിടുത്തെ ബുദ്ധിജീവികളുടെ ഒരു പടനിര തന്നെ ബുഷിന്റെ വൈതാളികന്മാരായി പ്രത്യക്ഷപ്പെട്ടതായിട്ടാണ് ചില നിഷ്പക്ഷമതികൾ രോഷം കൊള്ളുന്നത്!

## യുദ്ധവെറിയന്മാരും ബുദ്ധിജീവികളും

തിന്മക്കും ഭീകരതക്കുമെതിരായ പോരാട്ടം അമേരിക്കൻ മൂല്യങ്ങൾ നിലനിർത്താനുള്ള ധീരമായ ചുവടുവെപ്പാണെന്നത്രെ ജൂതന്മാർ ഉൾപ്പെടെയുള്ള അമേരിക്കൻ ബുദ്ധിജീവികളുടെ ന്യായീകരണം! ബുഷിന്റെ പരിപാടികളെ പിന്തുണക്കുന്ന അറുപത് അമേരിക്കൻ ബുദ്ധിജീവികളുടെ ഒരു സംയുക്ത പ്രസ്താവന 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്കൻ വാല്യസ്' എന്ന സംഘടന ഇയ്യിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ അമേരിക്കൻ ആയുധങ്ങളുടെ അകമ്പടിയോടെ ഇസ്രായേൽ കൊന്നൊടുക്കുന്ന ഫലസ്തീനികളെയോ അമേരിക്കൻ ദീർഘകാല ഉപരോധത്തിന്റെ ഫലമായി പേമാരിപോലെ പെയ്തിറങ്ങിയ മരണത്തെ ഏറ്റുവാങ്ങിയ ഇറാഖിലെ പതിനായിരങ്ങളെയോ കണ്ടില്ലെന്ന് നടിക്കുന്ന ബുദ്ധിജീവികളാണ് അമേരിക്കൻ മൂല്യങ്ങൾക്ക് കനത്ത വില നിർണ്ണയിക്കുന്നതും യുദ്ധവെറിയന്മാർക്ക് പ്രചോദനം നൽകുന്നതും! ഏറെ വിചി

കവിത

എസ് വി സുബൈദ, പഴയങ്ങാടി

# ദിവ്യധാര

സാരസമ്പൂർണ്ണനാം ലോകൈകനാഥന്റെ
രാഗമധുരമാം ഭക്തി ഗാനം

ശക്തിയും യുക്തിയും തേജസ്സുടയോനാം
പരിശുദ്ധ നാഥന്റെ ശാന്തിമന്ത്രം

പ്രവാചക ശ്രേഷ്ഠൻ മുഹമ്മദിന്നേകിയ
ദിവ്യമഹിതമാം വേദഗ്രന്ഥം

നവ്യോദയത്തിലും സായാന്തനത്തിലും
ഓതിടുകാ നിങ്ങൾ മന്ത്രഗീതം

ആതിതൊട്ടന്ത്യവും ഉള്ളിന്റെ ഉള്ളിലായ്
ആദിയോനേകി പൊരുളുകൾ ഏറെ

സർവ്വചരാചര പാലകൻ തന്നുടെ
സർവ്വ ജനതയ്ക്ക് മാർഗദർശം

ശാന്തിതൻ ഔഷധം വേദനസംഹാരി
ആത്മദാഹത്തിൻ ദിവ്യാമൃതം

ശീതളം ശോഭനം മഹത്വം മനോഹരം
ശാസനം സാന്ത്വനം സംരക്ഷണം

നിസ്തുല സുഭാഷിതം മഹിതം മനോജ്ഞകം
സുന്ദര സൗരഭം കാവ്യധാര

ഉന്നതം മഹോന്നതം വിജ്ഞാന വിഭൂഷണം
ആത്മ പ്രചോദകം ഈ പീയൂഷം

ഓതിടാം നിത്യവും ഹൃദിസ്ഥമാക്കിടാം
ശാശ്വത സമ്പൂർണ്ണ സങ്കീർത്തനം

---

ത്രമായിരിക്കുന്നത് മസ്തിഷ്ക്കം മോഷണം പോയിട്ടും അവരിപ്പോഴും ബുദ്ധിജീവികളായിത്തന്നെ വിലസുന്നു എന്നതാണ്!

ആയുധ നിർമ്മാതാക്കളായ യുദ്ധവെറിയന്മാരുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞ അമേരിക്ക അതിന്റെ അഭൂതപൂർവ്വമായ കരുത്തിന്റെ ആത്മവിശ്വാസത്തിലാണ് ലോകത്തെ വിരട്ടിക്കൊണ്ടിരിക്കുന്നത്. തങ്ങൾ സ്വീകരിക്കുന്ന നടപടികൾക്ക് മറ്റു രാജ്യങ്ങളുടെ സഹകരണമോ അംഗീകാരമോ ആവശ്യമില്ലെന്ന ധിക്കാരത്തിന്റെ ധ്വനി അതിലുണ്ട്! അതുകൊണ്ടായിരിക്കാം ആർത്തിപൂണ്ട അമേരിക്കയുടെ പട്ടാളനീക്കങ്ങൾക്ക് 'നിതാന്തസ്വാതന്ത്ര്യ' (ഓപ്പറേഷൻ എൻഡ്യൂറിങ്ങ് ഫ്രീഡം)മെന്ന പേര് നൽകിയതും ആഗോള ഗുണ്ടാവിളയാട്ടത്തിന് കളമൊരുക്കിയതും! ചങ്ങല പൊട്ടിച്ച് പാഞ്ഞടുക്കുന്ന ഭ്രാന്തമായ ഈ കരുത്തിനെ എങ്ങനെ നേരിടണമെന്നതാണ് ഇന്ന് ലോകത്തിന് മുമ്പിലുള്ള പ്രശ്നം!

സപ്തംബർ പതിനൊന്ന് സമ്മാനിച്ച അഫ്ഘാനിലെ രക്തപാനത്തിന്റെ ലഹരിയിൽ ഉണ്ണിയുറക്കത്തിന്റെ വിശ്രമത്തിലായിരുന്നു അമേരിക്ക! ഇപ്പോഴിതാ വീണ്ടും ദാഹാർത്തനായി ഉണർന്നെണീറ്റ് അമേരിക്ക ഇറാഖിന്റെ അന്ത്യം കുറിക്കാൻ ദംഷ്ട്രങ്ങൾ നീട്ടുന്നു! ഈ ക്രൂരതക്കെതിരായി ഹോളിവുഡ്ഡിലെ പ്രശസ്ത ചലച്ചിത്ര സംവിധായകൻ വൂഡിഅലൻ ഇയ്യിടെ പ്രതികരിച്ചതിങ്ങനെയാണ്.

“ഇറാഖിനെതിരെ യുദ്ധം ആരംഭിക്കാൻ ഒരുമ്പെടുന്ന അമേരിക്കൻ പ്രസിഡന്റ് ബുഷിന്റെ ന്യായീകരണങ്ങൾ വിശ്വാസയോഗ്യങ്ങളല്ലെന്ന് ഹോളിവുഡ്ഡിലെ സംവിധായകനായ വൂഡിഅലൻ അഭിപ്രായപ്പെട്ടു.....”

ഒരു കാര്യത്തെക്കുറിച്ചും ബുഷിന് ഒന്നുമറിയാത്ത സ്ഥിതിയാണുള്ളത്. തന്റെ വ്യക്തിപരമായ വിരോധങ്ങളും പ്രശ്നങ്ങളും രാഷ്ട്രത്തെ നയിക്കുന്നതിൽ കൊണ്ടുവരുന്ന ബുഷിന്റെ നടപടികൾ വിശ്വാസയോഗ്യങ്ങളല്ല.”

(മാതൃഭൂമി 5-11-2002)

പക്ഷേ, ആരെന്തു പറഞ്ഞാലും ഒറ്റപ്പെട്ട ശബ്ദങ്ങളൊക്കെ വനരോദനമായിമാറുന്ന കാഴ്ചകളാണ് ലോകം കാണുന്നത്! ഏതു നിമിഷവും കടിച്ചുകീറപ്പെടുന്ന ഇറാഖിന്റെ കഥ കഴിഞ്ഞാൽത്തന്നെ അമേരിക്കയുടെ കൊതിതീരാത്ത രക്തദാഹം തീർക്കാൻ 'തിന്മയുടെ അച്ചുതണ്ടി'ൽ വേറെയും ഇരകളെ ജോർജ് ബുഷ് കണ്ടുവെച്ചിട്ടുണ്ടല്ലോ! ■

ലേഖനം

# ദൈവം സർവ്വവ്യാപി അല്ലേ?

എൻ. അബ്ദുർറഹീം

## ദൈവത്തിന്റെ സർവ്വവ്യാപിത്വം സ്ഥാപിച്ചുകൊണ്ട് മാതൃഭൂമി വാരികയിൽ (2003 ഫെ. 2) ഒരു ലേഖനത്തിന്നെഴുതിയ പ്രതികരണം

'ഇസ്ലാം സായീദർശനം' എന്ന തലക്കെട്ടിൽ പി.പി. അബ്ദുർറഹ്മാൻ പെരിങ്ങാടി 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ (ലക്കം 47) എഴുതിയ കുറിപ്പിൽ അല്ലാഹു സർവവ്യാപിയാണെന്ന ആശയം ഇസ്ലാമികമല്ലെന്നു പ്രസ്താവിച്ചത് അങ്ങേയറ്റം അബദ്ധപൂർണവും തെറ്റിദ്ധാരണ പരത്തുന്നതുമാകുന്നു. ദൈവത്തെ സംബന്ധിച്ച എന്തെങ്കിലും ധാരണ പുലർത്തുന്ന എല്ലാവരും തന്നെ ഒരു പോലെ പുലർത്തുന്ന വിശ്വാസമാണ് ദൈവം സർവ്വശക്തനും (Omnipotent) സർവജ്ഞനും (Omniscient) സർവ്വവ്യാപിയും (Omniprestent) ആണെന്നത്. ദൈവത്തിന്റെ ഗുണങ്ങൾ (Attributes) എല്ലാംതന്നെ പാരസ്പര സംപൃക്തകളും ഒറ്റയായി നിലനിൽപ്പില്ലാത്തതുമത്രെ. സർവ്വശക്തനല്ലാത്ത ദൈവത്തെ സർവ്വജ്ഞനോ സർവവ്യാപിയോ ആയി സങ്കല്പിക്കാനാവില്ല; മറിച്ചും തന്നെ. സർവ്വവ്യാപിയല്ലെങ്കിൽ അവൻ സർവ്വശക്തനും സർവ്വജ്ഞനുമാണെന്നും സ്ഥാപിക്കാനാവില്ല.

ഈസാനബി (അ) മരിക്കാതെ ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്ന വിശ്വാസത്തെ ന്യായീകരിക്കാൻ പടച്ചുണ്ടാക്കിയ ദർശനാഭാസത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം സർവവ്യാപിയല്ലെന്നത് ഇസ്ലാമിലെ ഒരു പ്രമാണ വിശ്വാസമെന്നോണം എഴുന്നള്ളിക്കുന്നതെന്നു വേണം കരുതാൻ! ഈസാനബി (അ)-യേശുക്രിസ്തു-കുരിശിൽ മരിച്ചിട്ടില്ലെന്നും അദ്ദേഹത്തെ ദൈവം 'അവങ്കലേയ്ക്ക് ഉയർത്തി' എന്നും ഖുർആൻ പറയുന്നുണ്ട്. (4:157). ഇവിടെ ഉയർത്തൽ സ്ഥാലികമാണെന്നു വരുത്തുമ്പോൾ ദൈവത്തിന്ന് ഒരു സ്ഥൂലരൂപവും ഇരിപ്പിടവും സങ്കല്പിക്കേണ്ടിവരും. സ്ഥൂലശരീരത്തോടെയാണല്ലോ ഈസാനബിയെ ഉയർത്തിയിരിക്കുന്നത്. അവിടെ അല്ലാഹുവിന്റെ തട്ടകത്തിൽ (അർശ്) ഇരിക്കാനൊരു മരക്കസേരയും (കുർസി) വിരിക്കേണ്ടിവന്നിരിക്കും. "ബർറഫഅല്ലാഹു ഇലൈഹി'' (എന്നാൽ, അല്ലാഹു അദ്ദേഹത്തെ തന്നിലേയ്ക്ക് ഉയർത്തി) എന്നു പറഞ്ഞതിന്നു പ്രത്യക്ഷാർഥം നൽകിയപ്പോൾ, ഉയർത്തൽ സ്ഥാനികവും ആത്മീയവും ആണെന്നു ചിന്തിക്കാൻ കഴിയാതെപോയി! ക്രിസ്ത്യാനികളെ സംബന്ധിച്ചേടത്തോളം അവർ ക്രിസ്തുവിൽ ദൈവാംശം അധ്യാരോപിച്ചിരിക്കയാൽ അവരുടെ സ്വർഗാരോഹണ സിദ്ധാന്തത്തിന്ന് അൽപ്പം യുക്തിപരത അവർക്ക് അവകാശപ്പെടാൻ കഴിയും. എന്നാൽ, ശുദ്ധ തൗഹീദ് വാദികൾക്ക് ഇതെങ്ങനെ അംഗീകരിക്കാനാകും!

'തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവൻ' എന്ന വേദോക്തിപ്രകാരം യേശു കുരിശിന്മേൽ തൂങ്ങിമരിക്കുകയും നരകഗർത്തത്തിന്റെ അടിത്തട്ടിൽ ആപതിച്ചു ശപ്തനാകയും ചെയ്തു എന്ന ജൂതവാദത്തെ-ഇത് ക്രൈസ്തവ മണ്ഡലം സമ്മതിച്ചുകൊടുത്തിട്ടുണ്ട്-ഖണ്ഡിച്ചുകൊണ്ടാണ് യേശു കൊല്ലപ്പെടുകയോ, കുരിശിൽ വച്ചു കൊലപ്പെടുത്തപ്പെടുകയോ ചെയ്തിട്ടില്ലെന്നും യേശുവിനെ ദൈവം തന്നിലോളം ഉയർത്തി പൂജനീയനാക്കുകയാണു ചെയ്തതെന്നും ദൈവം ഖുർആനിൽ പ്രസ്താവിച്ചത് (4:157). ഈ ഉയർത്തൽ സ്ഥാനികമല്ലെങ്കിൽ, അതായത് ആത്മീയപദവിയുടെ ഉയർത്തലല്ലെങ്കിൽ ഖുർആനിക വചനം അപ്പാടെ അർത്ഥശൂന്യമായിത്തീരുകയും തൗഹിദ് സങ്കല്പങ്ങൾ തകർന്നു താറുമാറാകയും ചെയ്യും.

അല്ലാഹുവിന്നു ഒരു പ്രത്യേക സ്ഥാനമില്ല. 'അർശ്' (ഇരിപ്പിടം) എന്നും 'കുർസി' (സിംഹാസനം) എന്നും പറയുന്നത് ആലങ്കാരികമായ ഭാവനാ പ്രയോഗങ്ങളാണ്. ദൈവം അരൂപിയും അദൃശ്യനുമായിരിക്കയാൽ അവന്റെ 'സിഫത്തു'കളെ (ഗുണങ്ങളെ) മനുഷ്യർക്ക് അവധാര്യമായ സമാന ശബ്ദങ്ങളിൽ നിർവചിക്കുന്നു എന്നു മാത്രമേയുള്ളൂ. ദൈവത്തിന്റെ ഒരു ഗുണത്തെയും മാനുഷിക വ്യവഹാരങ്ങളുമായി താദാത്മ്യപ്പെടുത്താനാവില്ല.

“ലൈസ കമിസ്‌ലിഹീ ശൈയ്യുൻ” (അവനെപ്പോലെ യാതൊന്നും തന്നെയില്ല) എന്നു ഖുർആൻ പറയുന്നു.

സർവ്വവ്യാപി എന്നു പറയുമ്പോൾ പൂജിക്കപ്പെടുന്ന വസ്തുക്കളിലെല്ലാം ദൈവം കുടികൊള്ളുന്നു എന്നും സൃഷ്ടിപൂജ ശരിയാണെന്നും വരുമെന്ന ലേഖകന്റെ നിഗമനവും ശരിയല്ല. പദാർത്ഥവും പ്രപഞ്ചവും ദൈവത്തിന്റെ ഭാഗമാണെന്നാണ് അദ്വൈത സങ്കല്പം. സ്രഷ്ടാവും സൃഷ്ടിയും വ്യത്യസ്ത ഉണ്മകളാണെന്ന് അദ്വൈതവാദികൾ വിശ്വസിക്കുന്നില്ല. മറിച്ചു, സൃഷ്ടിയും സ്രഷ്ടാവും ഒന്നുതന്നെയാണെന്നാണ് അവർ സിദ്ധാന്തിക്കുന്നത്. അവ അഭിന്നമായിരിക്കുമ്പോൾ വസ്തുവിൽനിന്നും വേറിട്ട ഒരു ദൈവം ആ വസ്തുവിൽ വ്യാപരിക്കുന്നു എന്നു വരില്ല. വസ്തുതന്നെയാണ് ദൈവം.

ഗ്രീക്കു പുരാണങ്ങളിലെ സങ്കല്പ ദൈവം സത്തയിൽ അങ്ങൊരിടത്ത് നിലകൊള്ളുകയും ദൈവത്തിന്റെ ഗുണങ്ങൾ എല്ലായിടത്തും വ്യാപിക്കുകയും ചെയ്യുന്നു. ഈ ഭാവനയും ഇസ്‌ലാമികമല്ല. അതായത് ദൈവത്തിന്റെ ജ്ഞാനമാണ് സർവ്വത്ര വ്യാപിച്ചിരിക്കുന്നതെന്നും സത്ത അല്ലാ എന്നും അവർ സിദ്ധാന്തിക്കുന്നു. എന്നാൽ, ദൈവവും അവന്റെ ഗുണങ്ങളും അഭിന്നങ്ങളായിരിക്കയാൽ ഗുണങ്ങൾ ഉള്ളേടത്ത് സത്തയും സത്തയുള്ളേടത്ത് ഗുണങ്ങളും ഉണ്ടായിരിക്കണം. സത്തയുടെ സൽഭാവം അറിയുന്നത് ഗുണങ്ങളിലൂടെയാണ്. ദൈവത്തിന്റെ അമൂർത്തങ്ങളായ ഗുണങ്ങൾ പോലെതന്നെ അമൂർത്തമായ സത്തയും അരൂപവും അദൃശ്യവുമാകുന്നു. ‘നൂർ’ അഥവാ, പ്രകാശം ദൈവത്തിന്റെ ഒരു ‘സിഫത്ത്’ (ഗുണം) ആണ് എന്നാൽ, ‘നൂർ’ തന്നെയാണ് ദൈവം. അല്ലാഹു നൂറുസ്സമാവാത്തി വൽ അർസ്’.

പിന്നെ, ‘കാനല്ലാഹു ബികുല്ലി ശയ്യിൻ മുഹീത്താ’ (അല്ലാഹു സകല വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു) എന്നും ഖുറാനിൽ പറഞ്ഞിട്ടുണ്ട്. ‘കുല്ലുശയ്യിൻ’ എന്നതിൽ പരമാണുക്കളും സൂക്ഷ്മകണങ്ങളും ഉൾപ്പെടുന്നു. പരമാണു ഊർജമായി മാറുമ്പോൾ ആ ഊർജത്തെയും അല്ലാഹു വലയം ചെയ്യുന്നു. സൂക്ഷ്മാണുകണത്തെയും അഖിലാണ്ഡകോടി ബ്രഹ്മാണ്ഡങ്ങളെയും അവൻ ചുറ്റിയിരിക്കുന്നു. ആ വലയം എങ്ങനെയുള്ളതാണെന്നും അല്ലാഹു പറഞ്ഞുതന്നിട്ടില്ല. നമുക്ക് അതറിയാനും വയ്യ. മനുഷ്യശരീരത്തിന്റെ പുറത്തും അകത്തും റേഡിയേഷൻ ഉണ്ട്. അദൃശ്യമായ അതിന്റെ രൂപപ്രഭാവങ്ങൾ നാമറിയുന്നില്ല അങ്ങനെയിരിക്കെ ദൈവം എല്ലാ വസ്തുക്കളെയും ചുറ്റിയിരിക്കുന്നത് എങ്ങനെയെന്നു നാം അറിഞ്ഞുകൊള്ളണമെന്നില്ല.

അല്ലാഹു എല്ലായിടത്തും ഉണ്ട് എന്ന അർത്ഥത്തിൽ അവൻ സർവ്വവ്യാപിതന്നെയാണ്. ആകാശത്തിന്റെ അനന്തതകളിൽ അവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നല്ല സർവ്വവ്യാപി എന്നതിന്നർത്ഥം. അല്ലാഹു വിസ്തൃതൻ അഥവാ വിശാലൻ (വാസിഅ്) ആണെന്നു ഖുർആൻ പറയുന്നു. ആ വിസ്തൃതി സർവവ്യാപകമല്ലേ? അതിന്നു പരിമിതിയുണ്ടോ? അല്ലാഹു സർവസാക്ഷി (ശാഹിദ്) ആണെന്നും കേൾക്കുന്നവനും (ബസീർ) ആണെന്നും ഖുർആൻ പറഞ്ഞിട്ടുണ്ട്. ഈ ഗുണങ്ങളെല്ലാം അറ്റം പെടാത്ത വിധം അതിവർത്തിക്കുമ്പോൾ സർവവ്യാപകവും അവയുടെ കർത്താവ് സർവവ്യാപിയും തന്നെയായിരിക്കും. അല്ലാഹുവിന്റെ ഗുണങ്ങൾ (സിഫത്തുകൾ) അവനിൽ നിന്നു അന്യമായും ഭിന്നമായും സങ്കല്പിക്കുമ്പോൾ ആ ‘സിഫത്തു’കൾ ഇല്ലാത്തതാണെന്നും അപ്പോൾ അല്ലാഹുതന്നെ ഇല്ലാത്തതാണെന്നുമുള്ള യുക്തിപരമായ ദുർഗമസന്ധിയിൽ (Logical impasse) എത്തിച്ചേരേണ്ടിവരും. അല്ലാഹു സർവവ്യാപിയല്ലെങ്കിൽ അവൻ സീമിതനും ഒരിടത്തു ഉപസ്ഥിതനും ആണെന്നു വരുന്നതുമാണ്. അല്ലാഹു ഇല്ലാത്ത ഇടവും കാലവും ഏതാണ് എന്നു പറഞ്ഞുതരാനാകുമോ?

ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ജീവനും ശരീരവും തമ്മിലുള്ള ബന്ധത്തിന്നു സദൃശമാകുന്നു. ശരീരത്തിൽ ജീവൻ വ്യാപിച്ചുകിടക്കുന്നു. ജീവൻ ഹൃദയത്തിലോ മസ്തിഷ്കത്തിലോ ഒരു പ്രത്യേക സ്ഥാനത്ത് നിലകൊള്ളാതെ എല്ലാ കോശങ്ങളിലും അദൃശ്യമായി വ്യാപിച്ചുകിടക്കുന്നു. ജഡവും ജീവനും വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയതാണെങ്കിലും ജീവൻ ജഡത്തിന്നതീതമായി, സ്വതന്ത്രമായി, ജഡവുമായി കൂടിപ്പിരിയാതെ വേർതിരിഞ്ഞു തന്നെ പ്രതിഭാസിക്കുന്നു. ശരീരം കൊത്തിമുറിച്ചു അണുകണങ്ങളാക്കി വിച്ഛേദിച്ചാലും ജീവനെ കണ്ടെത്താൻ സാധ്യമല്ല. എന്നുവെച്ച് ജീവൻ ഇല്ലാത്തതാണെന്നു വരുമോ? ദൈവവും സർവവ്യാപിയാണെങ്കിൽ പ്രപഞ്ചത്തിൽ ദൈവം നിറഞ്ഞു നിൽക്കുന്നുവെങ്കിൽ പ്രപഞ്ചം തന്നെ ദൈവമെന്നു പറഞ്ഞുകൂടെ എന്ന ചോദ്യവും അസംബന്ധമാണ്. അങ്ങനെ പറയാമെങ്കിൽ ശരീരം തന്നെയാണ് ജീവൻ എന്നും പറയാമല്ലോ. മനുഷ്യശരീരം സൂക്ഷ്മപ്രപഞ്ചം (Epitome of the world) ആണെന്നു സൂഫികൾ പറഞ്ഞുപോന്നിട്ടുള്ളത് ഈ കാഴ്ചപ്പാടിലാണ്. ■

## അസ്സലാമു അലൈക്കും

അബ്ദുല്ലാഹിബ്നു അംറി (റ)ൽ നിന്നു നിവേദനം: “ഇസ്‌ലാമിന്റെ നടപടികളിൽ ഏതാണ് ഏറ്റവും ഉത്തമമെന്ന് ഒരു മനുഷ്യൻ നബിയോട് ചോദിച്ചു. നബി പറഞ്ഞു: ‘അവശൻമാർക്ക് നീ ആഹാരം നൽകുക, നിനക്ക് പരിചയമുള്ളവർക്കും ഇല്ലാത്തവർക്കും നീ സലാം ചൊല്ലുകയും ചെയ്യുക.”

## ചിന്തകൾക്ക് മാപ്പ്

അബൂഹുറയ്റ(റ)യിൽനിന്നു നിവേദനം: തിരുനബി (സ) അരുളി: “മനസ്സിൽ ഉദിച്ചുകൊണ്ടിരിക്കുന്ന ചിന്തകൾ പ്രവൃത്തിയിൽ വരുത്തുകയോ സംസാരരൂപത്തിൽ പ്രകടിപ്പിക്കുകയോ ചെയ്യാതിരിക്കുന്നപക്ഷം അല്ലാഹു ആ ചിന്തകളെല്ലാം മാപ്പു ചെയ്തുകൊടുക്കും.” (ബുഖാരി)

# ദീർഘായുസ്സിന്റെ രഹസ്യം

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## കൂടുതൽ പ്രയോജനമുള്ളത് കൂടുതൽ കാലം ജീവിക്കുന്നു. ഈ തത്വം മനുഷ്യായുസ്സുമായി താരതമ്യം ചെയ്ത് വാഗ്ദത്ത മസീഹ് (അ) വിശദീകരിക്കുന്നു

**1903** ആഗസ്റ്റ് രണ്ടാം തിയ്യതി ഡോ. അബ്ദുൽ സത്താർ ശാ സാഹിബ് (വാഗ്ദത്ത മസീഹിന്റെ സഹാബി) തന്റെ അവധിക്കാലം തീരുന്നത് കാരണം താൻ അതിരാവിലെ പുറപ്പെടുമെന്ന് പറയുകയുണ്ടായി. വാഗ്ദത്ത മസീഹ് (അ) അദ്ദേഹത്തോട് എഴുത്തുകളിലൂടെ ബന്ധം പുലർത്തണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ ഡോ. അബ്ദുൽ സത്താർ ശാ സാഹിബ് പറഞ്ഞു. "എന്റെയും ഉദ്ദേശ്യം അത് തന്നെയാണ്. 'ഇൻശാഅല്ലാ' ജീവിതം ബാക്കിയുണ്ടെങ്കിൽ ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ചശേഷം ഞാൻ ഇവിടെ സ്ഥിരതാമസമാക്കുന്നതാണ്."

വാഗ്ദത്ത മസീഹ് : ഒരാൾ ആത്മാർത്ഥമായി പശ്ചാത്തപിക്കുകയും ജീവിതം അല്ലാഹുവിന്നും, മനുഷ്യനന്മക്കും വേണ്ടി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ദീർഘായുഷ്മാനായിത്തീരുമെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. അയാൾ ഇസ്‌ലാമിന്റെ പ്രചാരണത്തിൽ നിരതനാവുകയും അല്ലാഹുവിന്റെ ഏകത്വത്തെ പ്രചരിപ്പിക്കുന്നതിന് അഭിലഷിക്കുകയും വേണം. ഇതിന് അയാൾ ഒരു മതപണ്ഡിതനോ വിജ്ഞാനിയോ ആവണമെന്നില്ല. സൽകർമ്മങ്ങൾ മാത്രം ചെയ്യുകയും, സൽകർമ്മങ്ങളെ പ്രോത്സാഹിപ്പിക്കുകയും തിന്മകളെ നിരുത്സാഹപ്പെടുത്തുകയും മാത്രമേ വേണ്ടു. ഒരുവനെ മനുഷ്യോപകാരിയാക്കിത്തീർക്കുന്ന മൗലികഘടകമാണിത്. മനുഷ്യോപകാരിയായിത്തീരുക - അതാണ് ദീർഘായുസ്സിന്റെ യാഥാർത്ഥ്യരഹസ്യം.

ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് ഞാൻ തികച്ചും രോഗഗ്രസ്ഥനായിരുന്ന അവസരത്തിൽ അറബിഭാഷയിൽ ഒരു വെളിപാട് ലഭിക്കുകയുണ്ടായി.

"മനുഷ്യർക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ നിലനിൽക്കുന്നു" (13:18)

എന്നിലൂടെ എന്ത് പ്രയോജനമാണ് ലോകർക്കുണ്ടാവാനിരിക്കുന്നതെന്ന് യാതൊരറിവും അന്നെനിക്കുണ്ടായിരുന്നില്ല. ഏത് തരം നന്മകളായിരുന്നു ഉദ്ദേശിക്കപ്പെട്ടിരുന്നതെന്ന് ഇന്ന് വ്യക്തമാണ്. ചുരുക്കത്തിൽ ജീവിതദൈർഘ്യം ആഗ്രഹിക്കുന്നവർ ജനങ്ങളെ സന്ദർശിച്ച് സൽകർമ്മങ്ങൾ ചെയ്യട്ടെ. അങ്ങിനെ ദൈവസൃഷ്ടികൾക്കാകമാനം പ്രയോജനകരമായിത്തീരട്ടെ.

ദൈവത്തിന്റെ സൃഷ്ടികളെ ദയാപൂർവം സഹായിക്കുവാനഭിലഷിക്കുന്ന ഒരു ഹൃദയത്തിന്റെ ഉദ്ദേശ്യപൂർത്തീകരണത്തിന്നുള്ള കഴിവും ശേഷിയും ദൈവം അയാൾക്ക് നൽകുകയും ജീവിതവൃത്തി നൽകുകയും ചെയ്യുന്നു. ഒരാൾ ദൈവസാമീപ്യം കരസ്ഥമാക്കിക്കൊണ്ട് അവന്റെ സൃഷ്ടികളോട് ദയാവായ്പുകൾ കാണിക്കുന്നതനുസരിച്ച് അയാളുടെ ജീവിതകാലയളവും ദീർഘിപ്പിക്കപ്പെടുന്നു. അല്ലാഹു അത്തരക്കാരുടെ കൂടെയായിരിക്കുന്നതും അവരുടെ ജീവിതത്തിന് മൂല്യം കല്പിക്കുന്നതുമാകുന്നു. മറിച്ച് താന്തോന്നിയെയും ദൈവത്തെ വകവെക്കാത്തവനെയും ദൈവം ഒരിക്കലും പരിരക്ഷിക്കുന്നതല്ല.

ഒരാൾ തന്റെ ജീവിതം ദൈവത്തിന്നായി സമർപ്പിക്കുന്നില്ലെങ്കിൽ, ആ ജീവിതംകൊണ്ട് ദൈവസൃഷ്ടികൾക്ക് പ്രയോജനമില്ലെങ്കിൽ അയാളുടെ അസ്തിത്വം നിരർത്ഥകവും ഉപയോഗശൂന്യവുമായിത്തീരുന്നു. ആടുമാടുകൾ അവനെക്കാൾ ശ്രേഷ്ഠമാണ്. കാരണം അവയെക്കൊണ്ട് മനുഷ്യർക്ക് പ്രയോജനമുണ്ട്. സൃഷ്ടികളിൽവെച്ച് ഏറ്റവും സമുന്നതനായ മനുഷ്യൻ സമസൃഷ്ടികൾക്ക് പ്രയോജനപ്രദമായിത്തീരുന്നില്ലെങ്കിൽ അവൻ സൃഷ്ടികളിൽ വെച്ച് ഏറ്റവും അധമനായിത്തീരുന്നു. പരിശുദ്ധ ഖുർആനിലൂടെ അല്ലാഹു സൂചിപ്പിക്കുന്നതും ഇതുതന്നെയാണ്.

"നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നാം അവനെ അധമരിൽ

അധമനാക്കി മാറ്റുന്നു." (96:5-6)

മനുഷ്യസൃഷ്ടികൾക്ക് പ്രയോജനപ്രദമായിത്തീരുകവഴിയും, ദൈവകൽപനകളനുസരിക്കുകവഴിയും മാത്രമെ, "മനുഷ്യനെ നാം ഏറ്റവും ഉത്തമമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു" എന്ന അവസ്ഥക്ക് അവൻ വിധേയനായിത്തീരുകയുള്ളൂ എന്നാണ് ഈ ഖുർആനിക സൂക്തം സൂചിപ്പിക്കുന്നത്. അപ്രകാരം പ്രവർത്തിക്കുന്നില്ലെങ്കിൽ അവൻ അധമരിൽ അധമനായി തള്ളപ്പെടുന്നു. അവൻ ദൈവകല്പനകൾ അനുസരിക്കുന്നില്ലെങ്കിൽ മറ്റ് സൃഷ്ടികൾക്ക് പ്രയോജനപ്രദമായിത്തീരുന്നില്ലെങ്കിൽ, നായ, ചെന്നായ, ആടുമാടുകൾ തുടങ്ങിയ മൃഗങ്ങളിൽനിന്നും എന്ത് വ്യത്യാസമാണ് അവനുള്ളത്? ദൈവകല്പനകൾക്ക് വിധേയനായി വർത്തിക്കണമെന്നും, മറ്റ് സൃഷ്ടികൾക്ക് പ്രയോജനപ്രദമായിത്തീരണമെന്നുമുള്ള ഉദ്ദേശമില്ലാത്തവൻ മൃഗങ്ങളെക്കാൾ അധമനും, സകല സൃഷ്ടികളെക്കാളും നികൃഷ്ടനുമായിത്തീരുന്നു എന്നതാണ് പരമാർത്ഥം.

ഇവിടെ മറ്റൊരു പ്രശ്നം ആവിർഭവിക്കുന്നുണ്ട്. ദൈവഭയമുള്ളവരും സൽക്കർമ്മികളുമായ ചിലർ വളരെ ചെറുപ്രായത്തിൽ തന്നെ മരിച്ച് പോവുന്നവരായിട്ടുണ്ട്. അപ്പോൾ അവരുടെ കാര്യത്തിൽ ഈ പൊതു അടിസ്ഥാന നിയമം ലംഘിക്കപ്പെടുന്നതായി തോന്നിയേക്കാമെന്നുള്ളതാണത്. എന്നാൽ യാഥാർത്ഥ്യം അതല്ല. അത്തരം ചിന്തകൾ അബദ്ധവും തെറ്റിദ്ധാരണാപരവുമാണ്. യഥാർത്ഥത്തിൽ മൂലതത്ത്വം ഒരിക്കലും ലംഘിക്കപ്പെടുകയില്ല. ഈ പ്രവർത്തന നിയമത്തിന്റെ പൂർത്തീകരണം മറ്റൊരു വിധത്തിൽ സംഭവിക്കപ്പെടുന്നുവെന്ന് മാത്രമെയുള്ളു. ജീവിതോദ്ദേശ്യവും ദീർഘായുസ്സിന്നായുള്ള അഭിലാഷവും ജീവിതലക്ഷ്യം കൈവരിച്ച് ജീവിതവിജയം നേടുക എന്നതാണല്ലോ. അപ്പോൾ ഒരാളുടെ ജീവിതോദ്ദേശ്യം നേടിക്കഴിഞ്ഞാൽ മറ്റ് യാതൊരു ഉദ്ദേശ്യവും അഭിലാഷവും ശേഷിക്കാത്ത സ്ഥിതിക്ക് സംതൃപ്തിയോടെ അയാൾക്ക് ഇഹലോകം വെടിയാവുന്നതാണ്. അപ്പോൾ അയാൾ ദീർഘകാലം ജീവിച്ച് ജീവിതോദ്ദേശ്യം സഫലീകരിച്ചവനെപ്പോലെയാണ് മൃതിയടയുന്നത്. അതിനാൽ അയാൾ അകാലചരമം പ്രാപിച്ചുവെന്ന് പറയുന്നത് അബദ്ധവും വിഡ്ഢിത്തവുമായിരിക്കും.

നബിതിരുമേനിയുടെ കാലത്തും ഇരുപത്, ഇരുപത്തിരണ്ട് വയസ്സിൽ മൃതിയടഞ്ഞവരുണ്ടായിരുന്നു. എന്നാൽ മരണവേളയിൽ അവർക്ക് മോഹഭംഗമോ നഷ്ടബോധമോ ഉണ്ടായിരുന്നില്ല. അതുകാരണം അവർ തികഞ്ഞ സംതൃപ്തിയോടെയായിരുന്നു ഇഹലോകം വെടിഞ്ഞിരുന്നത്. ജീവിതത്തിന്റെ യഥാർത്ഥലക്ഷ്യം കൈവരിച്ചിരുന്നു എന്നതുകൊണ്ട് മാത്രമാണ് അവർക്കതിന് കഴിഞ്ഞിരുന്നത്.

ഒരു വ്യക്തിക്ക് സൽക്കർമ്മങ്ങൾ ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ ചുരുങ്ങിയപക്ഷം അയാൾ ദൃഢനിശ്ചയത്തോടെ അതിന് വേണ്ടി യത്നിക്കുകയെങ്കിലും ചെയ്യേണ്ടതാണ്. കാരണം പ്രതിഫലലഭ്യത ഉദ്ദേശ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ലൗകിക ഭരണകർത്താക്കൾ നിയമനിർമ്മാണവേളയിൽ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വളരെയേറെ പ്രാധാന്യം കല്പിക്കുന്നതും അതുകൊണ്ടതന്നെയാണ്. മതപരമായ മേഖലയിലും ഫലപ്രാപ്തി ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചാണ് നിലകൊള്ളുന്നത്. ഒരാൾക്ക് നന്മകൾ ചെയ്യുവാനുള്ള അതിയായ ആഗ്രഹം ഉണ്ടായിരിക്കെ, അയാൾക്കത് സഫലീകരിക്കുവാനായില്ലെങ്കിൽപോലും, തീർച്ചയായും അയാൾക്കതിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. സൽക്കർമ്മങ്ങളോട് ആഭിമുഖ്യമുള്ള ഒരു വ്യക്തിക്ക് അത് ചെയ്യുവാനുള്ള കഴിവ് നൽകുക എന്നത് അല്ലാഹുവിന്റെ കാരുണ്യത്തിൽപെട്ടതാണ്. സ്വപ്രവർത്തനങ്ങൾകൊണ്ട് മാത്രം ആർക്കും ഒന്നും കൈവരിക്കുവാൻ സാദ്ധ്യമല്ല. അനുഭവങ്ങളും നിരീക്ഷണങ്ങളും മനസ്സിലാക്കിത്തരുന്നതും അതാണ്. സാത്വികരുടെയും സന്മാർഗ്ഗികളുടെയും, രക്തസാക്ഷികളുടെയും സാമ്രാജ്യത്തിൽ പ്രവേശിക്കുവാനോ, ദൈവസഹായമില്ലാതെ; ദൈവാനുഗ്രഹവും കാരുണ്യവും കരഗതമാക്കുവാനോ ആർക്കും സാദ്ധ്യമല്ലതന്നെ. ഒരു പാർസി കവിതയിൽ സൂചിപ്പിക്കുന്നത്പോലെ "കയ്യൂക്ക്കൊണ്ടോ, വിഷാദം കൊണ്ടോ, സമ്പത്ത്കൊണ്ടോ അല്ല; മറിച്ച് ദൈവാനുഗ്രഹം കൊണ്ട് മാത്രമെ ദൈവപ്രാപ്തി എന്ന ഈ അമൂല്യരത്നം കണ്ടെത്താനാവുകയുള്ളൂ" ദൈവാനുഗ്രഹലബ്ധിക്കുള്ള എളുപ്പമാർഗ്ഗം പ്രാർത്ഥനയാണ്. ഹൃദയസ്പർശകമായ വൈകാരിക തീക്ഷ്ണതയും മനോവേദനയും പരിപൂർണ്ണ പ്രാർത്ഥനയുടെ അവശ്യഘടകങ്ങളത്രെ. എളിമത്ത്വ നിർഭരവും മനോവേദനകൊണ്ട് പരിപൂരിതവും ഭക്തിനിർഭരവുമായ പ്രാർത്ഥന ദൈവകാരുണ്യം പിടിച്ചുപറ്റുകയും ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുകയും ചെയ്യുന്നു. ദൈവകടാക്ഷം കൂടാതെ ഈ നില കൈവരിക്കുവാൻ ഒരിയ്ക്കലും സാദ്ധ്യമല്ല. ഇതിനുള്ള പ്രതിവിധി ഒന്ന് മാത്രമെയുള്ളു. അനുഭൂതിയും അഭിരുചിയും കുറവാണെങ്കിലും പ്രാർത്ഥനകൾ അനവരതം തുടരുകയും, അവിരാമം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണത്. ആത്മാർത്ഥമായ പ്രാർത്ഥനയുടെ സംപ്രാപ്തിക്കായി ദുആ ചെയ്ത്കൊണ്ടിരിക്കേണ്ടത് അനിവാര്യമാണ്.

പ്രാർത്ഥനകൊണ്ട് യാതൊരു ഫലവും കാണുന്നില്ലെന്ന് പറഞ്ഞ് പ്രാർത്ഥനകളിൽ താല്പര്യക്കുറവ് കാണിക്കുന്നവർ ധാരാളമുണ്ട്. അങ്ങിനെയുള്ളവരോടുള്ള എന്റെ ഉപദേശം ഇതാണ്. പ്രാർത്ഥനാശീലം കൈവിടാതെ എളിമയോടെ ദൈവീകാനുഗ്രഹം ലഭ്യമാകുന്നതുവരെ ദുആ ചെയ്തുകൊണ്ടിരിക്കുക. ഈ പൊടിപടലങ്ങൾക്കിടയിൽ നിന്നാണ് നിങ്ങൾ അഭിലഷിക്കുന്ന രത്നമണി ഉയർന്നുവരേണ്ടത്. അങ്ങിനെ ചെയ്താൽ ഉരുവിടുന്ന പദങ്ങൾ ഹൃദയവുമായി സ്വരച്ചേർച്ച പ്രാപിക്കുന്ന ഒരു ദിനം സംജാതമാവുന്നതാണ്. അതായത് പ്രാർത്ഥനയുടെ അനിവാര്യഘടകങ്ങളായ സ്വാഭാവികമായ എളിമത്ത്വവും വികാ

രസാന്ദ്രതയും ഉള്ളിന്റെ ഉള്ളിൽനിന്നും ഉടലെടുക്കുന്നതാണ്. ഉൽക്കണ്ഠാകുലവും ഏകാഗ്രതാ വിഹീനവുമായ ഹൃദയാവസ്ഥയിൽപോലും രാത്രി എഴുന്നേറ്റ് "അല്ലാഹുവേ, എന്റെ ഹൃദയം നിന്റെ നിയന്ത്രണത്തിലും നിന്റെ അധീനതയിലുമാണുള്ളത്. നീ അതിനെ ശുദ്ധീകരിക്കേണമേ" എന്ന് ഹൃദയകവാടങ്ങൾ കൊട്ടിയടക്കപ്പെട്ട അവസ്ഥയിൽ ദൈവത്തോട് കേണപേക്ഷിച്ചാൽ, തീർച്ചയായും ഹൃദയകവാടങ്ങൾ തുറക്കപ്പെടുകയും ഗഹനമായ മാനസികാവസ്ഥ കൈവരുകയും ചെയ്യുന്നതാണ്. പ്രാർത്ഥനയുടെ സ്വീകാര്യതയുടെ ധന്യമുഹൂർത്തമാണത്. അപ്പോൾ അയാളുടെ ആത്മാവ് സർവ്വശക്തന്റെ മുമ്പിൽ ജലംപോലെ പ്രവഹിക്കുന്നതായും മുകളിൽനിന്ന് താഴോട്ട് പതിച്ചുകൊണ്ടിരിക്കുന്ന ഒരു നീർകുമിളയാണ് താനെന്ന് തോന്നിത്തുടങ്ങുകയും ചെയ്യുന്നു.

മിശിഹായുടെ ജീവിതാഖ്യാനങ്ങൾ വിലയിരുത്തിയപ്പോൾ പ്രാർത്ഥനയുടെ നിർദ്ദിഷ്ട വ്യവസ്ഥയുടെ യഥാർത്ഥ ചിത്രം കാഴ്ചവെക്കുന്ന ഒരു അസാധാരണ സംഭവമായിട്ടാണ് എനിക്കത് മനസ്സിലാക്കാൻ സാധിച്ചത്. യേശുവിന്റെ ദുർവിധി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതായിരുന്നു എന്നതാണ് പരമാർത്ഥം. യഥാർത്ഥ സംഭവത്തിന് വളരെ മുമ്പ്തന്നെ അതിനെ സംബന്ധിച്ച് യേശുവിന് ദർശനവും നൽകിയിരുന്നു. അതിൽനിന്നും രക്ഷപ്പെടുക എന്നത് വളരെ പ്രയാസകരമാണെന്ന് യേശുവിനും അറിയാമായിരുന്നു. മുൻകാല പ്രവാചകന്മാരും അങ്ങിനെതന്നെയായിരുന്നു മനസ്സിലാക്കിയിരുന്നത്. പ്രത്യക്ഷപ്പെട്ട സകല അടയാളങ്ങളും സൂചിപ്പിച്ചിരുന്നതും ഇതുതന്നെയായിരുന്നു. വളരെയേറെ മനോവ്യഥയോടും വികാര തീക്ഷ്ണതയോടും യേശു പ്രാർത്ഥിച്ചിരുന്നതും അതുകൊണ്ട് തന്നെയായിരുന്നു.

സുവിശേഷകർത്താക്കൾ ഈ അവസ്ഥ നന്നായി അവതരിപ്പിച്ചിട്ടുമുണ്ട്. കുരിശുമരണമെന്ന വിധി വെറുമൊരു അബോധാവസ്ഥയായി മാറ്റിയത് പ്രാർത്ഥനയുടെ സമുന്നതമായ പദവിയുടെ അനന്തരസിദ്ധി മാത്രമായിരുന്നു. സുവിശേഷ വിശകലനങ്ങളും മനസ്സിലാക്കിത്തരുന്നത് ഇത്തന്നെയാണ്. യേശുവിന്റെ മഹോന്നതമായ ധർമ്മനിഷ്ഠ കാരണമാണ് ദൈവം പ്രാർത്ഥന സ്വീകരിച്ചതെന്നും മരണവിധി അബോധാവസ്ഥയാക്കി മാറ്റുകയായിരുന്നുവെന്നും എഴുതപ്പെട്ടിരിക്കുന്നു.

മിശിഹാ ക്രൂശിൽ മരണം വരിച്ചു എന്ന ക്രിസ്തീയ വിശ്വാസം നാം അംഗീകരിച്ചാൽ അതൊരു ശാപമരണമായിരുന്നുവെന്ന് നാം സമ്മതിക്കേണ്ടിവരുമെന്നതാണ് യാഥാർത്ഥ്യം. ഇതിന് ക്രിസ്ത്യാനികൾക്ക് എന്ത് മറുപടിയാണുള്ളത്? മാത്രമല്ല മിശിഹാ തോട്ടത്തിൽ വെച്ച് കണ്ണീരോടെ ചെയ്ത പ്രാർത്ഥനകൾ ദൈവം സ്വീകരിച്ചിരുന്നില്ലെന്ന് സമ്മതിക്കേണ്ടിവരുന്ന ഒരു വിഷമാവസ്ഥയിൽ അവരകപ്പെടുകയും ചെയ്യും. അങ്ങിനെ വരുമ്പോൾ മിശിഹായും കുരിശിലേറ്റപ്പെട്ടിരുന്ന മറ്റ് കള്ളന്മാരും തമ്മിൽ എന്ത് വ്യത്യാസമാണവശേഷിക്കുന്നത്? കുരിശുമരണത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ വേണ്ടി മിശിഹാ പ്രാർത്ഥിച്ചിരുന്നത്പോലെ അവരും പ്രാർത്ഥിച്ചിരുന്നിരിയ്ക്കുമല്ലോ. അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിരുന്നില്ല. എന്നാൽ നമ്മുടെ വിശ്വാസം അതല്ല. നമ്മെ സംബന്ധിച്ചേടത്തോളം ക്രിസ്തീയർ വിശ്വസിക്കുന്നത്പോലെ മിശിഹ കുരിശിൽ ശാപമരണത്തിന് വിധേയനായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രർത്ഥനകൾ ദൈവം സ്വീകരിക്കുകയും കുരിശിൽനിന്ന് ജീവനോടെ തന്നെ ഇറക്കപ്പെടുകയും ചെയ്തിരുന്നുവെന്ന് നാം ഉറച്ച് വിശ്വസിക്കുന്നു.

സാധാരണക്കാരന് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയാത്ത, അസാധാരണമാംവിധം അതിലോലമായൊരു വസ്തുതയാണിത്. അതാണ് പരമാർത്ഥം. പ്രവാചകന്മാർക്ക് ഇത്തരത്തിലുള്ള വിപത്തുകളും ക്ലേശങ്ങളും പലപ്പോഴും തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇബ്റാഹിം നബി (അ) ഇതിന്നൊരു ഉദാഹരണമാണ്. മറ്റ് പ്രവാചകന്മാർക്കും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇത്തരം സന്ദർഭങ്ങൾ തരണം ചെയ്യേണ്ടിവന്നിട്ടുണ്ടായിരുന്നു. മറ്റുള്ളവർ "മരണം" എന്ന് നിരൂപിക്കുന്ന പ്രാദുർഭാവങ്ങളാണിത്. എന്നാൽ ഈ മരണം ജീവിതത്തിലേക്കുള്ള വാതായനമാണ്.

ദൈവത്തെ സന്ധിക്കുവാനാഗ്രഹിക്കുന്ന ഓരോരുത്തനും ഈ മരണ വക്ത്രത്തിലൂടെ കടന്ന്പോകേണ്ടതുണ്ടെന്നാണ് സൂഫികൾ പറയുന്നത്. ഈ വാദമുഖം വിശദീകരണത്തിന്നായി റൂമിയിലെ "മത്നവി" ഒരു കഥ ഉദ്ധരിക്കുന്നുണ്ട്. കഥ ഇങ്ങനെയാണ്: യാത്ര പുറപ്പെടുന്നതിന് മുമ്പ് ഒരാൾ തന്റെ വളർത്തുതത്തയോട് എന്തെങ്കിലും പറയുവാനാവശ്യപ്പെട്ടു. തത്ത നാട്ടിലെ മറ്റ് തത്തകൾക്കുള്ള ഒരു സന്ദേശം അദ്ദേഹത്തിന് നൽകി. താങ്കളുടെ യാത്രാമദ്ധ്യെ ധാരാളം തത്തകൾ ഇരിക്കുന്ന ഒരു വൃക്ഷം കാണുമാറാകും. ആ തത്തകളോട് "തുറസ്സായ സ്ഥലത്ത് സ്വതന്ത്രജീവിതം നയിക്കുന്ന നിങ്ങളെല്ലാവരും തടവിൽ കഴിയുന്ന എന്നേക്കാളും ഭാഗ്യവാന്മാരാകുന്നു" എന്ന സന്ദേശം കൈമാറുവാനാവശ്യപ്പെട്ടു. തത്തയുടെ ഉടമ യാത്രാമദ്ധ്യെ മരത്തിൽ കണ്ട തത്തകളോട് ഈ സന്ദേശം അറിയിച്ചു. ഇത് കേട്ട മാത്രയിൽ ആ കൂട്ടത്തിൽനിന്ന് ഒരു തത്ത പിടഞ്ഞ് താഴെ വീണ് ചിറകുകൾ അടിച്ച് പിടഞ്ഞുമരിച്ചു. ഇത് കണ്ട അയാൾക്ക് ആ തത്തയുടെ മരണത്തിന്റെ കാരണക്കാരൻ താനാണല്ലോ എന്നോർത്ത് വളരെയേറെ ദുഃഖവും വേദനയും തോന്നി. അയാൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. യാത്രകഴിഞ്ഞ് മടങ്ങിയെത്തിയ അയാൾ യാത്രയിലുണ്ടായ സംഭവങ്ങൾ ഓരോന്നും തന്റെ തത്തയോട് വളരെ ദുഃഖത്തോടെ പറഞ്ഞ് കേൾപ്പിച്ചു. ഈ വിവരം ശ്രവിച്ച അയാളുടെ തത്തയും നിമിഷങ്ങൾക്കുള്ളിൽ കൂട്ടിനകത്ത് പിടഞ്ഞ് പിടഞ്ഞ് മരിച്ചുവീണു. താൻ രണ്ട് മരണങ്ങൾക്ക് കാരണക്കാരനായിത്തീർന്നല്ലോ എന്നോർത്ത് അയാളുടെ സങ്കടം ഇരട്ടിച്ചു. വളരെ വ്യസനാക്രാന്തനായിത്തീർന്ന അയാൾ മൃതിയടഞ്ഞ തത്തയെ പുറത്തേക്കെറിഞ്ഞു. പക്ഷെ ചത്തെന്ന് കരുതി പുറത്തേക്കെ

റിയപ്പെട്ട തത്ത നിമിഷങ്ങൾക്ക് ശേഷം പറന്നുയർന്ന് ഒരു മതിലിൽ ചെന്നിരുന്നുകൊണ്ട് അയാളോട് പറയാൻ തുടങ്ങി. "താങ്കൾ കണ്ട ആദ്യത്തെ തത്തയും യഥാർത്ഥത്തിൽ മരിച്ചിരുന്നില്ല. ഞാനും മരിച്ചിരുന്നില്ല. ഞങ്ങൾ അഭിനയിക്കുകയായിരുന്നു. തടവിൽ നിന്നുള്ള എന്റെ മോചനമാർഗ്ഗമായിരുന്നു ഞാൻ ആ തത്തയോട് ആവശ്യപ്പെട്ടത്. സ്വാതന്ത്ര്യം മരണത്തിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ എന്ന സന്ദേശമാണ് എനിക്കതിൽ നിന്നും ലഭിച്ചത്. അതിനാൽ ഞാനും മരണം ഏറ്റുവാങ്ങി സ്വാതന്ത്ര്യം നേടുകയായിരുന്നു"

അതിനാൽ ദോഷപ്രവണമായ ആത്മാവിന്റെ നേർത്ത ചരടുകളാൽ ബന്ധിതരാക്കപ്പെട്ടവർക്ക് 'നഫ്സുൽ അമ്മാറയുടെ' (ആജ്ഞാലംഘനം നടത്തുന്ന ആത്മാവിന്റെ) മരണത്തോടെയല്ലാതെ സ്വാതന്ത്ര്യലബ്ധി സാദ്ധ്യമല്ലെന്നതാണ് പരമാർത്ഥം. അത്തരം മരണത്തെക്കുറിച്ചാണ് വിശുദ്ധഖുർആൻ സൂചിപ്പിക്കുന്നത്.

"മരണം നിനക്ക് വന്നെത്തുന്നത്വരെ നീ നിന്റെ നാഥനെ ആരാധിക്കുക" (15:100) ഇവിടെ "യഖീൻ" എന്നത്കൊണ്ട് മരണമാണുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തോടുള്ള അനുസരണം മാത്രം അവശേഷിക്കുമാറ്, ഒരുവന്റെ സ്വാർത്ഥാഭിലാഷങ്ങൾ പരിപൂർണ്ണമായും ഉന്മൂലനം ചെയ്യപ്പെടുമാറുള്ള ഒരു മരണം സംഭവിക്കേണ്ടിയിരിക്കുന്നു. യാതൊരു വിധേനയും ദൈവഹിതത്തിന് പ്രതികൂലമായി വർത്തിക്കാത്ത ഉദാത്തമായ സ്ഥാനത്തേക്ക് അയാൾ പ്രയാണം ചെയ്യേണ്ടിയിരിക്കുന്നു. (ചുരുക്കത്തിൽ ഓരോരുത്തനും 'നഫ്സുൽ അമ്മാറ'-ആജ്ഞാലംഘന സ്വഭാവമുള്ള ആത്മാവാകുന്ന കാരാഗ്രഹമുണ്ട്. ഒരു മരണം വരിക്കുന്നതുവരെ ഈ അധമാവസ്ഥയിൽനിന്ന് മോചിതനാകുവാൻ അയാൾക്ക് സാദ്ധ്യമാവുകയില്ല).

സയ്യിദ് അബ്ദുൽഖാദർ ജീലാനിയുടെ അഭിപ്രായത്തിൽ ഒരാൾക്ക് അത്തരമൊരു മരണം സംഭവിച്ചാൽ അയാളുടെ ആരാധനകൾ അസാധുവായിത്തീരുന്നതാണ്. ഇതിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന ഒരെതിർപ്പ് അത്തരമൊരു മരണശേഷം അയാൾ ആരാധിക്കേണ്ടതുണ്ടോ?; അയാൾക്ക് വീണ്ടും ദോഷപ്രവർത്തനങ്ങളിൽ മുഴുകുവാൻ സാധിക്കുമോ? എന്നുള്ളതാണ്. അതിനുള്ള മറുപടി ഇതാണ്. ഒരാൾ തന്റെ ദോഷപ്രവണമായ ആത്മാവുമായി പൊരുതി വിജയം കൈവരിച്ചാൽ അയാൾക്ക് ആരാധനകളും സൽക്കർമ്മങ്ങളും മധുരപദാർത്ഥങ്ങൾ ഭുജിച്ച് ആനന്ദം കൊള്ളുന്നതുപോലെയുള്ള നൈസർഗ്ഗിക പ്രവർത്തനങ്ങളായിത്തീരുന്നു. അത്തരത്തിലുള്ള ഒരാൾ യാതൊരു ബാഹ്യപ്രേരണയും കൂടാതെതന്നെ സത്കർമ്മങ്ങളിൽ മുഴുകുകയും, ദൈവാരാധനയിൽ സകലവിധ ആനന്ദാനുഭൂതിയും കണ്ടെത്തുകയും ചെയ്യുന്നു.

ഒരുവന്റെ ആന്തരീകാത്മാവുമായുള്ള പോരാട്ടത്തിൽതന്നെ അയാൾക്ക് പ്രതിഫലം ലഭിക്കുന്നു. എന്നാൽ അയാൾ മരണം കൈവരിക്കുന്നതോടെ ആന്തരാത്മാവിന്മേൽ വിജയം പ്രാപിക്കുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഇതിൽകവിഞ്ഞ് മറ്റെന്ത് പ്രതിഫലമാണ് വേണ്ടത്? ഒരുവൻ ഇഹലോകത്തിൽ വെച്ച് തന്നെ പ്രാപിക്കുന്ന സ്വർഗ്ഗമാണിത്. വിശുദ്ധ ഖുർആൻ രണ്ട് സ്വർഗ്ഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

"തന്റെ നാഥന്റെ സ്ഥാനത്തെ ഭയപ്പെട്ടവന്ന് രണ്ട് ആരാമങ്ങളുണ്ട്." (55:47)

പൂർവ്വോക്തനില കൈവരിക്കുന്നവർക്ക് സ്വർഗ്ഗം ലഭ്യമാകുന്നു. ആ അവസ്ഥ പ്രാപിച്ച് കഴിഞ്ഞാൽ അയാൾക്ക് തന്റേതായ യാതൊരാഗ്രഹങ്ങളും അവശേഷിപ്പുണ്ടായിരിക്കുകയില്ല. ദൈവേച്ഛകൾ അയാളുടെയും ഇച്ഛകളായിത്തീരുന്നു. വരിയുടക്കപ്പെട്ടവന് ലൈംഗിക കാര്യങ്ങളിൽ ആസക്തനാവാൻ കഴിയാത്തത്പോലെ, അയാൾക്ക് ദുഷ്കർമ്മങ്ങൾ ചെയ്യാനുള്ള ശേഷി തീരെ ഇല്ലാതായിത്തീരുന്നു.

അത്തരമൊരാൾക്ക് എന്തും പ്രവർത്തിക്കുവാനുള്ള സ്വതന്ത്രാനുമതിയുണ്ടെന്നും, എല്ലാം അനുവദനീയമാണെന്നും ഇതിന്നർത്ഥമുണ്ടോ എന്ന് അബ്ദുൽഖാദർ ജീലാനി തന്നെ ചോദിക്കുന്നുണ്ട്. യഥാർത്ഥസ്ഥിതി അതല്ലെന്ന് അദ്ദേഹം തന്നെ പ്രത്യുത്തരവും നൽകുന്നു. മറിച്ച് ആരാധനകൾ ദുർവ്വഹമാണെന്ന തോന്നൽ അദ്ദേഹത്തിൽ നിന്നകറ്റപ്പെടുന്നു എന്നതാണ് സത്യം. അയാളുടെ ആരാധനകളിൽ കൃത്രിമത്വം ഉണ്ടായിരിക്കയില്ലെന്ന് മാത്രമല്ല സ്വാദും മാധുര്യവുമുള്ള ഭക്ഷണം പോലെ ആരാധനകളും അയാൾക്ക് ഹൃദ്യമായിത്തീരുന്നതാണ്. ദൈവിക കല്പനകളെ തിരസ്കരിക്കുവാനും ദൈവത്തോട് അനുസരണക്കേട് പ്രവർത്തിക്കുവാനും അയാൾക്കൊരിക്കലും കഴിയുകയില്ല. ദൈവസ്മരണ ആനന്ദത്തിന്റെയും സംതൃപ്തിയുടെയും ശ്രോതസ്സായിത്തീരുന്നു. "നിന്റെ ഹിതംപോലെ ചെയ്യുക" എന്ന് പറയപ്പെടുന്ന അവസ്ഥയാണിത്. വിരോധിക്കപ്പെട്ടത് ചെയ്യുവാനുള്ള അനുമതിയല്ല ഇത്. വിരോധിക്കപ്പെട്ടത് ചെയ്യുവാൻ അയാൾക്ക് കഴിയുകയില്ലെന്നതാണ് പരമാർത്ഥം. വരിയുടക്കപ്പെട്ടവനെപ്പോലെ, ഇഷ്ടമുള്ളതിൽ മുഴുകിക്കൊള്ളുക എന്ന് സമ്മതം ലഭിച്ചാലും അയാൾക്ക് എന്ത് ചെയ്യുവാൻ പറ്റും? ഈ അവസ്ഥയെ ദുർനടപടികൾക്കുള്ള സ്വാതന്ത്ര്യമായി കണക്കാക്കുന്നത് അങ്ങേയറ്റത്തെ നിർമ്മര്യാദയാണ്.

***(വിവ: ഈസക്കോയ)***

# വിധവകളും അനാഥകളും

തിരുനബി (സ) അരുളി: "വിധവകളുടെയും അഗതികളുടെയും സ്ഥിതി നന്നാക്കിത്തീർക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നവൻ ദൈവ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവനെപ്പോലെയാണ്. അല്ലെങ്കിൽ രാത്രിയിൽ നമസ്കരിക്കുകയും പകൽ നോമ്പുനോൽക്കുകയും ചെയ്യുന്നവനെപ്പോലെയാണ്."

(ബുഖാരി)

നമ്മുടെ വിയോജിപ്പുകൾ (8)

# വഹ്യ് അഥവാ വെളിപാട് തുടർന്ന് ലഭിക്കുമെന്ന് വിശുദ്ധഖുർആൻ

ഏ. പി. കുഞ്ഞാമു

## അല്ലാഹുവിന്റെ അസ്തിത്വത്തോടുകൂടിയ ഒരു ഗുണമാണ് 'സംസാരിക്കുന്നവൻ' (മുതകല്ലിം) എന്നത്. അത് നിലച്ചുപോകുക എന്ന് പറയുന്നത് ദൈവനിഷേധത്തിന് തുല്യമാണ്

അല്ലാഹുവിന്റെ സിഫത്തുകൾ (ഗുണങ്ങൾ) സ്ഥായിയായി നിലനിൽക്കുന്നതാണെന്നാണ് എല്ലാ ഓരോ മുസ്‌ലിമിന്റെയും വിശ്വാസം. അതാത് സന്ദർഭങ്ങളിൽ അത് പ്രകടമാകുന്നതുമാണ്. അല്ലാഹു കേൾക്കുന്നവനാണ്, അല്ലാഹു കാണുന്നവനാണ്, എന്നീ ദൈവികഗുണങ്ങൾ നിലനിൽക്കുന്നതുപോലെ അല്ലാഹുവിന്റെ മറ്റു ഗുണങ്ങളും നിലനിൽക്കുന്നു. അല്ലാഹുവിന്റെ റസാഖ് (ആഹാരം നൽകുന്നവൻ) എന്ന ഗുണം എന്നെന്നും നിലനിൽക്കുന്നു. അതേപോലെ അല്ലാഹു മുതകല്ലിമാണ് (സംസാരിക്കുന്നവൻ). ഈ ഗുണവിശേഷവും എല്ലാ കാലത്തും തുടർന്നു നിലനിൽക്കേണ്ടതാണ്. മുമ്പ് അല്ലാഹു മനുഷ്യരോട് സംസാരിച്ചിരുന്നു ഇപ്പോൾ സംസാരിക്കുകയില്ല എന്നു പറയുന്നത് അല്ലാഹു മനുഷ്യർക്ക് മുമ്പ് ആഹാരം നൽകിയിരുന്നു ഇപ്പോൾ നൽകുന്നില്ല എന്നു പറയുന്നതിന് സമമാണ്. ഒരു സത്യാന്വേഷിയെ സംബന്ധിച്ചേടത്തോളം അവന്റെ പരമമായ ലക്ഷ്യം അവന്റെ സ്രഷ്ടാവിനെ കണ്ടുമുട്ടുക എന്നത് അവന്റെ അഭിലാഷമായിരിക്കും. അവന്റെ സൃഷ്ടികളിൽ ഉത്തമസൃഷ്ടിയായ മനുഷ്യരിൽ സദ്‌വൃത്തരായ ആളുകൾക്ക് അവന്റെ ദർശനവും, ഭാഷണവും ലഭിക്കുന്നതുവരെ അവരുടെ ആത്മീയ ദാഹം ശമിക്കുന്നില്ല. ആ കവാടം അടഞ്ഞുപോവുക എന്നുള്ളത് ആത്മീയലോകം ആത്മാവ് നശിച്ച ജഡംപോലെ ആയിത്തീർന്നു എന്നു പറയുംപോലെയാണ്. ദൈവത്തിൽനിന്ന് സുവ്യക്തമായ ദർശനമോ ഭാഷണമോ ഇല്ലാതെവരുമ്പോൾ എല്ലാ മതങ്ങളുടെയും വിശ്വാസങ്ങൾ മിഥ്യാ വിശ്വാസങ്ങളായി അനുഭവസാക്ഷ്യങ്ങളില്ലാത്ത സ്ഥൂല പ്രസ്താവനകളായി രൂപാന്തരപ്പെടുന്നതാണ്.

മുസ്‌ലിംകളുടെ പൊതുവിലുള്ള വിശ്വാസം പ്രവാചക നിയോഗം നിലച്ചതുപോലെ അല്ലാഹുവിന്റെ ദിവ്യവെളിപാടും അവസാനിച്ചുപോയി എന്നാണ്. പ്രവാചകനിയോഗത്തെക്കുറിച്ചു മുൻലേഖനങ്ങളിൽ റസൂൽതിരുമേനി (സ)യെ പിൻപറ്റുന്നത് മുഖേന ശിഷ്യ പ്രവാചകന്മാരുടെ അവതരണം ഇസ്‌ലാമിൽ ഉണ്ടാകുമെന്ന് തെളിയിച്ചിട്ടുണ്ട്. അതേപോലെയുള്ള ഒരു അന്ധവിശ്വാസമാണ് വെളിപാടിനെക്കുറിച്ചും മുസ്‌ലിം ലോകം വെച്ചുപുലർത്തുന്നത്. ഇതിനുള്ള പ്രധാനകാരണം ഞാൻ മനസ്സിലാക്കുന്നത് ഇത്തരം ദിവ്യാനുഭവങ്ങൾ തമസ്സിൽ കഴിയുന്നവരുടെ പണ്ഡിതന്മാർക്ക് ലഭ്യമല്ലാത്തതുകൊണ്ട് അതിനെ നിഷേധിക്കുന്നതാണ് എന്നാണ്. തൽക്കാലം അനുയായികളിൽനിന്ന് മുഖം രക്ഷിക്കാമല്ലോ?

ഈ വിഷയം വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ഏതൊരു മതം ദൈവത്തിന്റെ പക്കൽ സ്വീകാര്യമായി ഭവിച്ചിരുന്നുവോ ആ മതവിശ്വാസികളിൽ അല്ലാഹു ഇഷ്ടപ്പെടുന്ന മുത്തഖീങ്ങളായ (ഭക്തരായ) ആളുകളോടു അല്ലാഹു വെളിപാടുമുഖേന സംസാരിച്ചിരുന്നു എന്നു മനസ്സിലാവുന്നു. എന്തിനേറെ സദ്‌വൃത്തരും ഭക്തരുമായ സ്ത്രീകളോടുപോലും അല്ലാഹു സംസാരിച്ചതായി വിശുദ്ധ ഖുർആനിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഈസാനബി (അ)യുടെ അനുയായികളോടു (ഹവാരീങ്ങൾ) അല്ലാഹു സംസാരിച്ചതായി വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു. (5:12)

ഈസാനബി (അ)യുടെ മാതാവായ ഹസ്‌റത്ത് മറിയമി(റ)നോടു അല്ലാഹു സംസാരിച്ചതായി കാണുന്നു. മൂസാനബി (അ)യുടെയും മാതാവിനോട് അല്ലാഹു സംസാരിച്ചതായി പറയുന്നു. (28:8) ദൈവീകഭാഷണം ലഭിക്കുക എന്നുള്ളത് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് മനുഷ്യർക്ക് ലഭിക്കാവുന്ന ഉന്നതമായ വരപ്രസാദമാണ്. ഒരു മതം അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായിത്തീരുന്ന തോടുകൂടി ആ മതത്തിൽ ആത്മീയപരിഷ്ക്കർത്താക്കൾ തുടർച്ചയായി വരുന്നതായി കാണുന്നു. അങ്ങനെ സംഭവിക്കുന്നത് ആ മതത്തെ അല്ലാഹു കൈവെടിഞ്ഞിട്ടില്ല എന്നതിന്റെ സുവ്യക്തമായ തെളിവാണ്. ഉദാഹരണമായി ബനൂഇസ്രായേലിന്റെ ചരിത്രം പരിശോധിച്ചു നോക്കിയാൽ തൗറാത്തിന് ശേഷം റസൂൽതിരുമേനിയുടെ അവതരണം വരെ അതിന്റെ അനുയായികളിൽ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ദൈവിക പരിഷ്കർത്താക്കൾ വന്നതായി വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നു. എല്ലാ മതങ്ങളെക്കുറിച്ചും ഈ നിഗമനം തന്നെയാണ് ഒരു യഥാർത്ഥ മുസ്‌ലിമിന്നുണ്ടാകേണ്ടത്. കാരണം ഈ വരപ്രസാദം അതായത് അല്ലാഹുവിൽ നിന്ന് വെളിപാടോടുകൂടി നിയോഗിക്കപ്പെടുന്ന പരിഷ്ക്കർത്താക്കൾ റസൂൽതിരുമേനിയുടെ അവതരണം വരെ മുമ്പുള്ള എല്ലാ മതങ്ങളിലും വന്നിട്ടുണ്ടായിരിക്കണം. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷം ആത്മീയമായ എല്ലാ അനുഗ്രഹങ്ങളും റസൂൽതിരുമേനി (സ:അ)യെ അനുധാവനം ചെയ്യുന്നത് മുഖേനയാണ് ലഭിക്കേണ്ടത്. അതുകൊണ്ട് ആത്മീയ പരിഷ്ക്കർത്താക്കൾ ഇസ്‌ലാമിൽ മാത്രമെ ഇനി ഉണ്ടാവുകയുള്ളൂ. നോക്കുക അല്ലാഹുവിന്റെ റസൂൽ (സ:അ) അരുളുകയുണ്ടായി. ഓരോ നൂറ്റാണ്ടിന്റെ തുടക്കത്തിലും ഈ ഉമ്മത്തിൽ (സമുദായത്തിൽ) മതത്തെ ഉദ്ധരിക്കുന്ന ആത്മീയപരിഷ്കർത്താക്കളെ (മുജദ്ദിദ്മാരെ) അല്ലാഹു നിയോഗിച്ചയക്കും എന്ന് (അബുദാവൂദ്). അപ്പോൾ നിയോഗിക്കുന്നത് അല്ലാഹു ആണ്. അങ്ങനെയുള്ളവരെ അല്ലാഹു ചുമതലപ്പെടുത്തുന്ന കാര്യമെങ്കിലും കുറഞ്ഞപക്ഷം വെളിപാടുമുഖേന അവരെ അറിയിക്കേണ്ടതല്ലെ? കാരണം അല്ലാഹു നിയോഗിക്കുമെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇത്തരം മുജദ്ദിദീങ്ങളായവർ ഇസ്‌ലാമിൽ ആവിർഭവിച്ചിട്ടുണ്ടായിരുന്നു എന്നും ചരിത്രസാക്ഷ്യങ്ങൾ ഉദ്ധരിച്ച് മുസ്‌ലിംകളിലെ എല്ലാ അവാന്തര കക്ഷികളും വിശ്വസിക്കുന്നുമുണ്ട്. ഇവരൊക്കെ ദൈവീക ഭാഷണം ലഭിച്ചവരായിരിക്കണം. എങ്കിൽ മാത്രമെ അവർ അല്ലാഹുവിൽ നിന്നുള്ള പരിഷ്ക്കർത്താക്കൾ ആവുകയുള്ളൂ. ഇതൊരു ജീവനുള്ള മതത്തിന്റെ ലക്ഷണമാണ്. ഏതുപോലെയെന്നാൽ മറ്റു മതസ്ഥരെല്ലാം തന്നെ വിശ്വസിക്കുന്നത് ദൈവികവെളിപാട് നിലച്ചുപോയിരിക്കുന്നുവെന്നാണ്. അവരുടെ വേദങ്ങൾ ഇറങ്ങിയതോടുകൂടി വെളിപാട് നിലച്ചുപോയി എന്നാണ്. മുസ്‌ലിംകളും പറയുന്നത് ഇതേ പല്ലവിയാണ്. മുമ്പുള്ള വേദക്കാർ പറഞ്ഞത് ശരിയല്ല എന്ന് അനുഭവസാക്ഷ്യം മുസ്‌ലിംകൾക്കുള്ളത്കൊണ്ട് അവരുടെ വെളിപാടിനെ സംബന്ധിച്ച വിശ്വാസം തെറ്റാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. പിന്നെ വെളിപാടിനെ നിഷേധിച്ചുകൊണ്ടുള്ള അതേ തെറ്റ് മുസ്‌ലിം പണ്ഡിതന്മാരും ആവർത്തിക്കുന്നു. ഇതു ഏതുപോലെയെന്നാൽ ലോകത്തിലുള്ള എല്ലാ പൂന്തോട്ടങ്ങളും ഉണങ്ങിനശിച്ചുപോയിരിക്കുന്നു എന്നു പറയുന്നതുപോലെയാണ്. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ ഇസ്‌ലാമടക്കം എല്ലാ മതങ്ങളും പച്ചളിപ്പില്ലാതെ ഉണങ്ങിനശിച്ചുപോയിരിക്കുന്നു എന്നാണ് മുസ്‌ലിംകൾ പറയുന്നത്. എന്നാൽ അഹ്‌മദീ മുസ്‌ലിംകൾ പറയുന്നത് എല്ലാ തോട്ടങ്ങളും ഉണങ്ങിനശിച്ചുപോയിരിക്കുന്നു, ഒന്ന് ഒഴികെ. ആ ഒന്ന് ഇസ്‌ലാംമതമാണ്. അത് അന്ത്യനാൾവരെ പുഷ്പിക്കുകയും ഹരിതാഭമായി നിലകൊള്ളുകയും ചെയ്യുന്നതാണ്. മുസ്‌ലിം സഹോദരന്മാരെ ഇതിൽ ആരുടെ വിശ്വാസമാണ് ഇസ്‌ലാമിന്റെ അന്തസ്സ് വർദ്ധിപ്പിക്കുന്നത് എന്ന് നിങ്ങൾ ചിന്തിച്ചുനോക്കുക. മുമ്പു വന്ന പ്രവാചകന്മാരുടെ അനുയായികളോടും അവരുടെ സ്ത്രീകളോടുപോലും സംസാരിച്ച അല്ലാഹു ഖൈറുൽ ഉമ്മത്തായ മുസ്‌ലിം സമുദായത്തിലെ ഒരു പുരുഷനോടു പോലും സംസാരിക്കുകയില്ല എന്നു പറഞ്ഞുകൊണ്ടു ഇസ്‌ലാമിനെ നിന്ദിക്കുന്ന വിശ്വാസമാണ് മുസ്‌ലിംകൾ വെച്ചുപുലർത്തുന്നത് എന്നു വളരെ ഖേദപൂർവ്വം ഇവിടെ പറയേണ്ടിയിരിക്കുന്നു. എന്നാൽ ആയിരക്കണക്കിന് വരിഷ്ടദാസന്മാരെ, ഔലിയാക്കന്മാരെ ഈ ഉമ്മത്തിൽ അല്ലാഹു എഴുന്നേൽപ്പിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന് മുസ്‌ലിം ഭക്തരുമായി അല്ലാഹു സംസാരിച്ചിട്ടുണ്ട്. അതു ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു എന്നുള്ള സത്യമാണ് അഹ്‌മദി മുസ്‌ലിംകൾക്ക് മറ്റു മുസ്‌ലിം സഹോദരന്മാരെ അറിയിക്കുവാനുള്ളത്. പരിശുദ്ധമായ ജീവിതവും ദൈവവുമായുള്ള ഗാഢമായ ആത്മീയബന്ധവുമാണ് ഇത്തരമൊരവസ്ഥ സംജാതമാക്കുന്നത്. ഈ അനുഭവം നിങ്ങളുടെ പണ്ഡിതന്മാർക്ക് അന്യമായതുകൊണ്ട് അവരുടെ അഭിമാനം രക്ഷിക്കാൻവേണ്ടി ദൈവിക വെളിപാടിനെത്തന്നെ അവർ നിഷേധിക്കുന്നു.

വിശുദ്ധഖുർആൻ വെളിപാട് അഥവാ വഹ്‌യ് അല്ലാഹു മനുഷ്യർക്ക് നല്കുന്നത് മൂന്ന് വിധത്തിലാണെന്നു വിശദീകരിക്കുന്നു. 'വഹ്‌യ്' എന്ന വാക്കിന്റെ അർത്ഥം വേഗതയിൽ നല്കപ്പെടുന്ന സൂചനാസന്ദേശമാണെന്നാണ്. അല്ലാഹുവിന്റെ വചനത്തിന്ന് 'വഹ്‌യ്' എന്നു പറയാൻ കാരണം അത് വേഗം വേഗം ഇറങ്ങുന്നു എന്നതും അതു ലഭിക്കുന്ന ആളല്ലാതെ മറ്റാരുമറിയുകയില്ലെന്നുള്ളതുമാണ് എന്നാൽ മറ്റു വല്ലവരേയും അല്ലാഹു അതിന്റെ കൂടെ ഉൾപ്പെടുത്തുന്നുവെങ്കിൽ അദ്ദേഹത്തിനും അതു സംബന്ധിച്ചു അറിവു ലഭിക്കുന്നതായിരിക്കും. സൂറ: അശ്ശൂറയിൽ ഇങ്ങനെ വായിക്കാം. "ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കൽപ്പനപ്ര

കാരം അവനുദ്ദേശിക്കുന്നത് ആ ദൂതൻ ബോധനം നൽകിയോ ചെയ്യുന്ന മാർഗ്ഗേനയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയില്ല. തീർച്ചയായും അവൻ സർവ്വോന്നതനും അഗാധജ്ഞനുമാകുന്നു. (42:52) ദൈവഭാഷണം അല്ലാഹു മനുഷ്യർക്ക് മൂന്ന് മാർഗ്ഗേന നൽകുന്നുവെന്നാണ് ഈ വചനത്തിൽ പറയുന്നത്."

1. ഒരു മധ്യവർത്തിയില്ലാതെ അല്ലാഹുവിന്റെ വചനം മനുഷ്യന് നേരിട്ടിറങ്ങുന്നു.

2. പദങ്ങളില്ലാതെ ഉദ്ദിഷ്ടവിഷയം വ്യാഖ്യാനാർഹമായ ഉപമകൾ മുഖേനയോ വ്യാഖ്യാനം ആവശ്യമല്ലാത്ത വെളിപാട് മുഖേനയോ കാണിച്ചുകൊടുക്കുന്നു. മിൻവറായി ഹിജാബിൻ (മറയുടെ പിന്നിൽനിന്ന്) എന്നു പറഞ്ഞതിന്റെ താല്പര്യം ഇതാണ്.

3. മലക്കുകൾ മുഖേന തന്റെ വചനം ദാസന്റെ ഹൃദയത്തിൽ ഇറക്കുന്നു. ഇങ്ങനെ അല്ലാഹു മൂന്ന് വിധത്തിൽ അവനുദ്ദേശിക്കുന്നവരോട് സംസാരിക്കുമെന്നാണ് ഈ ആയത്തിൽ വിവരിച്ചിരിക്കുന്നത്.

സൂറ 16:3ൽ ഇങ്ങിനെ വായിക്കാം "അവൻ തന്റെ കൽപ്പനയിൽ നിന്നുള്ള വചനങ്ങളോടുകൂടി മലക്കുകളെ തന്റെ ദാസൻമാരിൽനിന്നു താൻ ഇഷ്ടപ്പെടുന്നവരുടെ മേൽ ഇറക്കുന്നതാണ്." "ഞാൻ അല്ലാതെ വേറെ ആരാധ്യനില്ല. അതിനാൽ എന്നോടു ഭയഭക്തിയുള്ളവരായിരിപ്പിൻ". വീണ്ടും ഖുർആൻ പറയുന്നു. അവൻ തന്റെ കല്പനയിൽനിന്നുള്ള വചനത്തെ താനുദ്ദേശിക്കുന്ന ദാസൻമാർക്ക് നൽകുന്നതാണ്. കൂടിക്കാഴ്ച ദിവസത്തെക്കുറിച്ചു പേടിപ്പിച്ചറിയിക്കാൻ വേണ്ടി (40:16). ദൈവഭാഷണം നിലച്ചിട്ടില്ല എന്നു ഈ രണ്ടു വചനങ്ങളും സൂര്യപ്രകാശംപോലെ മനസ്സിലാക്കിത്തരുന്നു. അവൻ ഇച്ഛിക്കുന്ന തന്റെ ദാസൻമാരുടെ മേൽ എന്ന വാക്യത്തിൽ നിന്നു ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യമാണെന്നാണ് വ്യക്തമാകുന്നത്. ഇന്നത്തെ മുസ്‌ലിംകളുടെ വിശ്വാസം വെളിപാടിനെക്കുറിച്ചു നാം പരിശോധിച്ചാൽ ആട്ടി ഓടിക്കപ്പെട്ട ഇബ്‌ലീസിനോടുപോലും അല്ലാഹു സംസാരിച്ചതായി ഇവർ വിശ്വസിക്കുന്നു. അഹോ കഷ്ടം! ഖൈറുൽ ഉമ്മത്തായ മുസ്‌ലിം സമുദായത്തിനെ മാത്രം അല്ലാഹു ഈ കാര്യത്തിൽ ഒഴിവാക്കിയിരിക്കുന്നു. അധഃപതനത്തിന്റെ ഗർത്തം എവിടെവരെ എത്തിയെന്ന് ഒന്നു പരിശോധിക്കുക.

വിശുദ്ധഖുർആനിൽ 18:111ൽ ഇങ്ങിനെ കാണുന്നു. "പറയുക, തീർച്ചയായും ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് സന്ദേശം നൽകപ്പെടുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ (ഞാൻ കണ്ടുമുട്ടിയതുപോലെ) അയാൾ സൽക്കർമ്മങ്ങൾ അനുഷ്ഠിച്ചുകൊള്ളട്ടെ. അവൻ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ". ഇവിടെ ദൈവത്തെ കണ്ടുമുട്ടുക എന്നുള്ളത് ദൈവിക വെളിപാടുമായി ബന്ധപ്പെട്ടുകിടക്കുന്നു. റസൂൽ തിരുമേനി (സ:അ) അദ്ദേഹത്തിന് ഈ വരപ്രസാദം സ്വായത്തമായത് സ്വച്ഛമായ ഏകദൈവസിദ്ധാന്തം മുറുകെ പിടിച്ചുകൊണ്ടു ചെയ്ത സൽകർമ്മങ്ങളിലൂടെയാണ്. അതുകൊണ്ടു വിശുദ്ധ ഖുർആന്റെ അനുവാചകരോട് പ്രസ്തുത മാതൃക സ്വീകരിച്ചാൽ നിങ്ങൾക്കും ഈ വരപ്രസാദം (ദൈവികവെളിപാട്) ലഭിക്കുമെന്നാണ് അല്ലാഹു പറയുന്നത്. ഈ തത്ത്വം അല്ലാ ഹു ഒന്നുകൂടി വിശദീകരിക്കുന്നത് ശ്രദ്ധിക്കുക. 41:31,32 "ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും അതിൽതന്നെ സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും. എന്നിട്ട് പറയും "നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സ്വർഗ്ഗത്തിൽ നിങ്ങൾ സന്തുഷ്ടരാവുക. ഐഹികജീവിതത്തിലും പാരത്രിക ജീവിതത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്." എത്ര സ്പഷ്ടമായിട്ടാണ് ഈ വരികൾ ദൈവിക വെളിപാടുകൾ തുടർന്ന് ലഭിക്കുമെന്ന് മനസ്സിലാക്കിത്തരുന്നത്. തുടർന്ന് വീണ്ടും അല്ലാഹു ഇതേകാര്യം കൂടുതൽ സ്പഷ്ടമാക്കുന്നത് നോക്കുക.

"എന്നെ സംബന്ധിച്ചു എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം പറയുക, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ...." (2:187) ഇവിടെ അല്ലാഹു അവന്റെ ദാസൻമാർക്ക് എല്ലാവർക്കുമായി ദിവ്യവെളിപാടിന്റെ സന്ദേശം നൽകിയിരിക്കയാണ്. അതിൽ പറയപ്പെട്ട നിബന്ധനകൾ പാലിച്ചുകൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിച്ചാൽ അവൻ ഉത്തരം നൽകുന്നതാണ്. ഇത് ഏതെങ്കിലും ജനതയോടോ ഏതെങ്കിലും കാലഘട്ടത്തോടോ അല്ലാഹു ബന്ധിപ്പിച്ചിട്ടില്ല.

ചുരുക്കത്തിൽ മനുഷ്യന്ന് എപ്പോഴും ദിവ്യവെളിപാടുകളുടെ ആവശ്യകതയുണ്ട്. മറ്റ് ബാഹ്യമായ ഏതൊരു തത്ത്വശാസ്ത്രത്തിനും പ്രവാചകത്ത്വമാകുന്ന അനുഗ്രഹത്തിന് ശേഷം മനുഷ്യനെ ദൈവാസ്തിക്യത്തിലേക്ക് നയിക്കുന്ന ഒരേ ഒരു ദീപം വെളിപാട് (Revelation) മാത്രമാണ്. ഒരു ജീവനുള്ള മതത്തിന്റെ ആസ്തിക്യം അതുമുഖേന മാത്രമെ ന്യായീകരിക്കപ്പെടുകയുള്ളൂ. ലോകത്ത് നിർമ്മതത്ത്വവും നിരീശ്വരത്ത്വവും കൊടികുത്തിവാഴുന്ന ഈ കാലഘട്ടത്തിൽ മനുഷ്യരാശിയെ അന്ധകാരത്തിൽ തള്ളി ദൈവം നിശ്ശബ്ദത പാലിച്ചിരിക്കയാണെന്നു കരുതുന്നത് തന്നെ ദൈവനിന്ദയാണ്. ദൈവിക വെളിപാടു എല്ലാ ഓരോ ആൾക്കും ഉണ്ടാകണമെന്ന് പറയുന്നതിൽ യുക്തി ഇല്ലതന്നെ. പക്ഷെ ദൈവമാർഗ്ഗത്തിൽ ജീവിക്കുന്ന ഉത്തമഭക്തരെ ഒരു യഥാർത്ഥ സമൂഹത്തിന് ചൂണ്ടിക്കാണിച്ചുകൊടുക്കാൻ സാധിക്കണം. ഇപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ത്യയിലെ ഓരോ വ്യക്തിയോടും സംസാ

രിക്കണമെന്ന് ആരും നിർബ ന്ധം പിടിക്കില്ല. പക്ഷെ അദ്ദേഹം തന്റെ സഹ പ്രവർത്തകരായ മറ്റു മന്ത്രിമാരോടും എം പിമാരോടും അവരുടെ ഓഫീസിൽ ജോലി ചെയ്യുന്നവരോടും അവരുടെ ഭൃത്യന്മാരോടും സംസാരിക്കുന്നു. അതേപോലെ അല്ലാഹു അവന്റെ വിശിഷ്ട ദാസന്മാരോടു ഓരോരുത്തരുടെയും ആത്മീയസ്ഥാനത്തിന് അനുരൂപമായി സംസാരിക്കുന്നു.

ഈ കാലഘട്ടത്തിൽ വിശുദ്ധഖുർആനെയും റസൂൽ തിരുമേനി (സ:അ)മിനെയും പൂർണ്ണമായി പിൻപറ്റിയതിന്റെ ഫലമായി അല്ലാഹു ഒരാളെ പ്രവാചകത്വം നൽകി അനുഗ്രഹിച്ചു കൊണ്ടു ഇസ്ലാമിന്റെ സത്യതയെ ഒന്നുകൂടി ദൃഢപ്പെടുത്തിയിരിക്കുന്നു. നിർത്തലായിപ്പോയി എന്ന് മുസ്ലിംകൾ വിശ്വസിക്കുന്ന വെളിപാട് ശരീഅത്തിന്റെതാണ്. പ്രസ്തുത ശരീഅത്തിനെ വ്യാഖ്യാനിക്കുന്ന പ്രവാചകന്മാരും, ഖലീഫമാരും, ദീനുൽ ഇസ്ലാമിൽ ഉണ്ടായിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെയാണ് ഇസ്ലാമാകുന്ന ഈ വൃക്ഷത്തെ എല്ലാ കാലഘട്ടങ്ങളിലും ഫലം നൽകുന്നതായി വിശുദ്ധഖുർആൻ ഉപമിച്ചുപറഞ്ഞത്. വിശുദ്ധഖുർആൻ വിശുദ്ധഖുർആനെ സംബന്ധിച്ച് സൂറ കഅ്ഫിൽ പറഞ്ഞത് ഏഴ് സമുദ്രങ്ങളിലുള്ള വെള്ളം മഷിയായി പരിണമിച്ചശേഷം വിശുദ്ധഖുർആന്റെ വ്യാഖ്യാനം എഴുതുകയാണെങ്കിൽ ആ ഏഴു സാഗരങ്ങളും വറ്റിപ്പോകുമെന്നും അതിന് പകരമായി ഏഴു സാഗരങ്ങൾ പുനഃപ്രതിഷ്ഠിച്ചാലും മതിയാവുകയില്ല എന്നാണ്. ഇതെല്ലാം കാടു കയറിയ ഇന്നത്തെ മുസ്ലിം പണ്ഡിതന്മാരെ പറ്റിയല്ല. ഖുർആന് വ്യാഖ്യാനം ക്രിസ്തീയ പണ്ഡിതന്മാരും മറ്റു മതസ്ഥരും എഴുതുകയും പറയുകയും ചെയ്തിട്ടുണ്ട്. അതല്ല അല്ലാഹുവിന്റെ ഭാഗത്തുനിന്നു വന്നുകൊണ്ടിരിക്കുന്ന പ്രവാചകന്മാരും, മുജദ്ദിദ്മാരും, ഖലീഫമാരും ദൈവത്തിൽ നിന്നു വരപ്രസാദമായി ലഭിക്കുന്ന വെളിപാടുകളുടെയും ബോധനങ്ങളുടെയും അടിസ്ഥാനത്തിലുള്ള വ്യാഖ്യാനങ്ങളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്.

അങ്ങിനെ നോക്കുമ്പോൾ മനുഷ്യന്റെ ഈമാനെ (വിശ്വാസത്തെ) പിടിച്ചുനിർത്തുന്ന ഘടകം വെളിപാടാണെന്ന് നമുക്ക് മനസ്സിലാകുന്നതാണ്. ഈ കാലത്ത് ഹസ്റത്ത് അഹ്മദ് (അ) അല്ലാഹുവിൽ നിന്നു ലഭിച്ച വെളിപാടിന്റെ അടിസ്ഥാനത്തിൽ ഇന്നു ഇസ്ലാമിൽ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ വിധി നൽകിയതായി നമുക്ക് കാണാം. പ്രവാചകന്മാർ നൽകുന്ന പ്രവചനങ്ങളുടെ പൂർത്തീകരണം ദൈവാസ്തികൃത്തിന്നുള്ള സത്യസാക്ഷ്യവും ഈമാൻ ശക്തിപ്പെടാനുള്ള മാർഗ്ഗവുമാണ്. വിശുദ്ധഖുർആനിൽ ഈ കാലഘട്ടത്തിൽ നിറവേറിയതും ഇനിയും നിറവേറാനുള്ളതുമായ അനേകം പ്രവചനങ്ങൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം ഹസ്ത്ത് അഹ്മദ് (അ) വന്നതിന് ശേഷമാണ് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. അദ്ദേഹം തന്നെയും നിരവധി പ്രവചനങ്ങൾ ദിവ്യവെളിപാട് മുഖേന അല്ലാഹു അദ്ദേഹത്തിന് അറിയിച്ചുകൊടുത്തതനുസരിച്ചു വെളിപ്പെടുത്തിയതു സത്യമായി പുലർന്നതുകാണുമ്പോൾ അത് ദൈവാസ്തികൃത്തിനുള്ള രജതരേഖയായി ഒരു വിശ്വാസി കാണുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യത്തെ ഖലീഫ ഹസ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) അദ്ദേഹം അഹ്മദിയാകുന്നതിന് മുമ്പേ വലിയ അറബി പണ്ഡിതനായിരുന്നു. സർസയ്യിദ് അഹ്മദ്ഖാനെപോലെയുള്ള പ്രശസ്തരായ വ്യക്തികൾ അദ്ദേഹത്തെ ബഹുമാനപുരസ്സരം ആദരിച്ചിരുന്നു. മക്ക, മദീന എന്നിവിടങ്ങളിൽ പോയി ഉപരിപഠനം നടത്തിയ പണ്ഡിതാഗ്രേസരനാണ് ഹക്കീം നൂറുദ്ദീൻ സാഹിബ്. അറബി പാണ്ഡിത്യം നോക്കിയാലും വിശുദ്ധഖുർആനിലെ അറിവു നോക്കിയാലും ഹസ്റത്ത് അഹ്മദ് (അ)വിൽ വിശ്വസിക്കേണ്ടതില്ല എന്ന അഭിപ്രായമായിരുന്നു സർ സയ്യിദിനുണ്ടായിരുന്നത്. സർ സയ്യിദ് ഹസ്റത്ത് നുറുദ്ദീൻ സാഹിബി(റ)നോട് ചോദിച്ചു: 'താങ്കൾ മിർസാ സാഹിബിൽ വിശ്വസിച്ചത്കൊണ്ടു താങ്കൾക്ക് എന്തു ലഭിച്ചു' എന്ന്. അതിന് ഹസ്റത്ത് സാഹിബ് (റ) നൽകിയ മറുപടി. "എനിക്ക് അല്ലാഹുവിനെ കിട്ടി" എന്നായിരുന്നു. ഈ മറുപടി കേട്ടപ്പോൾ സർ സയ്യിദ് പറഞ്ഞു. "താങ്കൾ മറ്റേത് മറുപടി പറഞ്ഞാലും ഞാൻ എതിർക്കുമായിരുന്നു എന്നാണ്. പ്രവാചകന്മാർ മുഖേന ലഭിക്കുന്നത് ദൈവത്തെയാണ്. അതുകൊണ്ടുതന്നെയാണ് വിശ്വാസികൾ എല്ലാ എതിർപ്പുകളെയും തൃണവൽഗണിച്ചു കൊണ്ടു അവരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നത്. ഈ പ്രതിഭാസം എല്ലാ പ്രവാചകന്മാരുടെ കാലഘട്ടത്തിലും നടന്നതാണ്. ഇന്ന് അത് അഹ്മദിയ്യാ ജമാഅത്ത് മുഖേന തുടർന്നുവരുന്നു.

ഇസ്ലാമിൽ ഒരേ ഒരു കക്ഷി മാത്രമാണ് ഈ .. സത്യം ലോകസമക്ഷം സമർപ്പിച്ചിരിക്കുന്നത്. ഇതിലേക്ക് തെളിവായി ഹസ്റത്ത് അഹ്മദിന് (അ) ഉണ്ടായ പല വെളിപാടുകളും അവയുടെ പൂർത്തീകരണവും അവർക്ക് ജനങ്ങളുടെ മുമ്പാകെ വെക്കാൻ സാധിക്കും. ഹസ്റത്ത് അഹ്മദ് (അ) ശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ മുഖേനയും അല്ലാഹു തന്റെ മുഖം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഭൂട്ടോയുടെയും സിയാഉൽഹഖിന്റെയും ദുർമ്മരണങ്ങൾ അഹ്മദികൾ ഈ കാലഘട്ടത്തിൽ ദർശിച്ചതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ തിരുമനസ്സിന്റെ ദൈവിക പ്രവചനങ്ങൾ പുലർന്നതിന്റെ പരിസമാപ്തിയായിരുന്നു അത്. അവരുടെ പരിതാപകരമായ അന്ത്യം ദൈവിക അറിയിപ്പിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി പ്രവചിക്കുകയും അതു അക്ഷരംപ്രതി പൂർത്തിയായതും നമ്മൾ കണ്ടതാണ്. ഇസ്ലാമിന്റെ ജീവൻ നിലകൊള്ളുന്നത് ദൈവിക വെളിപാടുകൾ മുഖേനയാണ്. അത് ലഭിക്കുന്നവർ അന്ത്യനാൾ വരെ ഇസ്ലാമിൽ നിലനിൽക്കുകതന്നെ ചെയ്യും. ■

Christianity
a journey from fact
to fiction
എന്ന പുസ്തകത്തിൽ നിന്ന്

# ദൈവം യാതന സഹിക്കുമോ?

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## ക്രിസ്ത്യാനികളുടെ ദൈവസങ്കൽപത്തിൽ സത്തയിലും ഗുണത്തിലും ത്രിത്വത്തിന്റെ അവിഭാജ്യമായ ഒരംഗം യേശുവായിരുന്നെങ്കിൽ, യേശു നരകയാതന അനുഭവിച്ച അവസരത്തിൽ ദൈവവും അത് സഹിക്കേണ്ടതല്ലേ? അങ്ങനെ നരകയാതന അനുഭവിക്കൽ ദൈവികഗുണത്തിനുചേർന്നതാണോ?

ഒരിക്കൽക്കൂടി ഞാൻ എന്റെ നിലപാട് വ്യക്തമാക്കട്ടെ. ഞാൻ യേശുവിൽ അവിശ്വസിക്കുന്നില്ല. മറിച്ച് അത്യപൂർവ്വമായ മഹൽത്യാഗങ്ങൾ വരിച്ച ഒരുദൈവദൂതൻ എന്ന നിലക്ക് ആ മഹാനോട് അത്യധികമായ ആദരം വെച്ച് പുലർത്തുന്ന ഒരാളാണ് ഞാൻ. അഗ്നിപരീക്ഷകളെ അതിജീവിച്ച ഒരു ദിവ്യാത്മാവായിരുന്നു അദ്ദേഹമെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ക്രൂശീകരണം സംബന്ധിച്ച ബൈബിൾ വിവരങ്ങൾ അനാവരണം ചെയ്യുമ്പോൾ യേശു സ്വയമേവ കുരിശുമരണം വരിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്നാണ് മനസ്സിലാക്കുവാൻ സാധിക്കുക. ഇതല്ലാതെ മറ്റൊരു നിഗമനത്തിലെത്തിച്ചേരാൻ നമുക്ക് സാധ്യമല്ല. അദ്ദേഹത്തെ ശത്രുക്കൾ ക്രൂശീകരണത്തിന് വിധേയമാക്കാൻ ശ്രമിക്കുന്നതിന്റെ തലേന്നാൾ രാത്രിയിലുടനീളം തന്റെ ശിഷ്യഗണങ്ങളുമൊത്ത് നടത്തിയ പ്രാർത്ഥന അദ്ദേഹത്തിൽനിന്നും നാം കേൾക്കുന്നു. കാരണം താൻ ക്രൂശീകരണത്തിന് വിധേയമായാൽ തന്റെ വാദത്തിന്റെ സത്യസന്ധത നഷ്ടപ്പെടുമെന്ന ആധിയിലായിരുന്നു അദ്ദേഹം. ദൈവം പറയാത്തത് പറഞ്ഞു എന്ന് അവകാശവാദമുന്നയിക്കുന്ന ഒരു കള്ളവാദി മരത്തിൽ തൂക്കപ്പെടുമെന്നും അവൻ ശാപമൃത്യുവിന്നിരയാകുമെന്നും ബൈബിൾ പഴയ നിയമത്തിൽ പറയപ്പെട്ടിരിക്കുന്നു.

'എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം. (ആവർത്തനം 18:20)

ഒരുത്തൻ മരണയോഗ്യമായ ഒരു പാപം ചെയ്തിട്ടു അവനെ കൊന്നു മരത്തിൽ തൂക്കിയാൽ അവന്റെ ശവം മരത്തിൻമേൽ രാത്രി മുഴുവനും ഇരിക്കരുത്; അന്നുതന്നെ അതു കുഴിച്ചിടേണം. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ (ആവ: 21:22,3)

കുരിശുമരണം സംഭവിച്ചുകഴിഞ്ഞാൽ യഹൂദികൾ ഹർഷോന്മാദത്തോടെ അത് ആഘോഷിക്കുമെന്നും യാതൊരു സംശയത്തിനും ഇടനൽകാത്തവിധം വേദപുസ്തകത്തിലെ തിരുവെഴുത്ത് പ്രകാരം അദ്ദേഹം ഒരു വ്യാജവാദിയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുമെന്ന് യേശുവിന്നറിയാമായിരുന്നു. കുരിശുമരണത്തിന്റെ പാനപാത്രത്തിൽ നിന്നും രക്ഷപ്പെടാനുണ്ടായിരുന്ന അദ്ദേഹത്തിന്റെ അത്യുൽക്കടമായ ആഗ്രഹത്തിന് കാരണമിതായിരുന്നു. ഭീരുത്വത്തിൽ നിന്നായിരുന്നില്ല ആ ഉൽക്കണ്ഠ രൂപംകൊണ്ടത്. താൻ കുരിശിൽ വെച്ച് മരിക്കുകയാണെങ്കിൽ തന്റെ ജനത തന്റെ സത്യത്തിൽ തെറ്റിദ്ധരിക്കുകയും ആ സത്യം തിരിച്ചറിയുന്നതിൽ പരാജിതരായി പോകുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഭീതി. അത്യധികം അനുകമ്പാപൂർണമായും നിസ്സഹായതയോടും അദ്ദേഹം ആ രാവ് മുഴുവൻ പ്രാർത്ഥനയിൽ മുഴുകി. അദ്ദേഹത്തിന്റെ യാതനയുടേയും വേദനയുടേയും വിവരങ്ങൾ വായിക്കുമ്പോൾ ഹൃദയം തകർന്നുപോകുന്നു. ഈ ജീവിതനാടകത്തിന്റെ പര്യവസാനത്തോടടുക്കുമ്പോൾ വികാര വിക്ഷുബ്ധിയുടെ കൊടുമയിൽ അദ്ദേഹത്തിന്റെ വക്ത്രത്തിൽ നിന്നും പുറപ്പെട്ട അവസാനത്തെ വിലാപത്തിൽ നൈരാശ്യത്തിന്റെയും വിഷാദത്തിന്റെയും ഭാവപൂർണിമ പ്രകടമാകുന്നു. 'ഏലീ ഏലീ ലമ്മാ ശബക്താനി' 'എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവെടിഞ്ഞതെന്ത്?'

ആ വിലാപത്തിൽ ഒരു മഹാദുരന്തത്തിന്റെ വേദന മാത്രമല്ല പ്രകടമായതെന്ന് കാണേണ്ടിയിരിക്കുന്നു. ആ സംഭീതാവസ്ഥക്ക് തോരണം ചാർത്തിക്കൊണ്ട് അമ്പരപ്പിന്റെ ഒരു ഘടകം

കൂടി അതിൽ അന്തർലീനമായിട്ടുണ്ട്. കുരിശ് സംഭവത്തിന് മുമ്പ് തന്നെ യേശുവിനെ അഗാധമായി സ്നേഹിച്ചിരുന്ന ശിഷ്യന്മാർ വ്രണങ്ങൾ ഉണങ്ങുന്നതിനും വേദന സംഹരിക്കുന്നതിനുമുള്ള മരുന്നുകൂട്ടുകൾ ചേർത്ത ഔഷധം തയ്യാർ ചെയ്തിരുന്നു. ആ മരുന്ന് അവർ മുറിവുകളിൽ ലേപനം ചെയ്യുകയും അദ്ദേഹത്തിന്റെ ബോധാവസ്ഥ വീണ്ടെടുക്കുകയും ചെയ്തപ്പോൾ ആഹ്ലാദ വിസ്മയങ്ങളോടെ അത്ഭുത പരതന്ത്രനായി സത്യദൈവത്തോടുള്ള തന്റെ നിസ്സീമവും തീവ്രവുമായ സ്നേഹം അദ്ദേഹത്തിൽ പൂർവ്വാധികം ഊർജ്ജസ്വലതയോടെ പുനഃസ്ഥാപിതമായിട്ടുണ്ടാകും.

മുൻകൂട്ടിത്തന്നെ ആ മരുന്ന് തയ്യാർ ചെയ്തിരുന്നു എന്ന വസ്തുത യേശു ജീവനോടെ തന്നെ കുരിശിൽ നിന്ന് മോചിപ്പിക്കപ്പെടുമെന്നും അദ്ദേഹത്തിന് ചികിത്സ ആവശ്യമായി വരുമെന്നതിലേക്കും ശക്തമായ തെളിവ് നൽകുന്നു.

മേൽ വിവരിച്ചതിൽനിന്നും നമുക്ക് എളുപ്പത്തിൽ മനസ്സിലാകുന്നത്, ജന്മപാപസിദ്ധാന്തവും, ക്രൂശീകരണവും പിൽക്കാലത്തെ ക്രിസ്തീയ ദൈവശാസ്ത്രികളുടെ ഊഹങ്ങളും ഭാവനാവിലാസങ്ങളും മാത്രം അടിസ്ഥാനമാക്കിയുള്ളതാണെന്നാണ്. ഈ സംഭവത്തോട് സാമ്യമുണ്ടായിരുന്നതും ക്രിസ്തുമതത്തിന്ന് മുമ്പുണ്ടായിരുന്നതുമായ മിത്തുകളിൽ നിന്നും ജനിച്ചതാണ് ഈ കഥ. ഈ മിത്തുകളും യേശുവിന്റെ കുരിശു സംഭവവും തമ്മിലുള്ള ചേർച്ച മനസ്സിലാക്കിയ അവർ അത്തരം ഒരു കെട്ടുകഥയെ യേശുവിന്റെ സാഹചര്യത്തിൽ സന്നിവേശിപ്പിക്കുകയാണുണ്ടായത്. നാം കണ്ടത് പോലെ ഈ കഥ എത്രമാത്രം നിഗൂഢാത്മകവും വിരുദ്ധോക്തികളുള്ളതുമാകട്ടെ പാപം, പാപപരിഹാരം മുതലായവയെ സംബന്ധിക്കുന്ന ക്രിസ്തീയ സിദ്ധാന്തങ്ങൾ ക്രിസ്തു പറഞ്ഞതോ പഠിപ്പിച്ചതോ പ്രവർത്തിച്ചതോ ആയ കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നതിന് ഈ കഥയിൽനിന്ന് യാതൊരു തെളിവും സമർപ്പിക്കാൻ സാധ്യമല്ല. മനുഷ്യധിഷണക്ക് കടകവിരുദ്ധമായതും യുക്തിഹീനവുമായ ഇത്തരം സിദ്ധാന്തങ്ങൾ ഒരിക്കലും അദ്ദേഹം പ്രബോധിപ്പിച്ചിട്ടുണ്ടാവില്ല.

**തന്റെ സ്വന്തം പുത്രൻ മൂന്ന് ദിവസത്തെ നരകയാതന അനുഭവിക്കുമ്പോൾ പിതാവായ ദൈവത്തിന് എന്ത് അനുഭവമായിരിക്കും ഉണ്ടായിരിക്കുക? അവർ രണ്ട് വ്യത്യസ്ത പദാർത്ഥങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ട രണ്ട് വ്യക്തികളായി വിഭജിക്കപ്പെട്ടിരുന്നോ? ഒരാൾ നരകയാതന അനുഭവിക്കുമ്പോൾ മറ്റെയാൾ യാതൊന്നുമനുഭവിക്കാതെ നരകത്തിൽ നിന്ന് തികച്ചും വിദൂരസ്ഥനായിരിക്കുക!**

## ദൈവവും യാതന സഹിച്ചിരുന്നോ?

പുത്രന്റെ പ്രകൃതിയിലേക്ക് വരുമ്പോൾ അദ്ദേഹം നരകാഗ്നിയിൽ എറിയപ്പെട്ടു എന്ന് വിശ്വസിക്കാൻ നമുക്കാവില്ല. അതായത് അദ്ദേഹത്തിൽ ഒരാഭ്യന്തര സംഘർഷവും നിലനിന്നിരുന്നു എന്നായിരിക്കാം അതിന്റെ സൂചന. ക്രിസ്തുമതത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിലേക്ക് നാം മടങ്ങുമ്പോൾ ദൈവവും പുത്രനും ഒരേ പ്രകൃതിയും ഒരേ സത്തയുമുള്ള രണ്ട് അവിഭാജ്യ വ്യക്തികളാണെന്ന് പറയപ്പെടുന്നു. ഒരാളുടെ അനുഭവങ്ങൾ മറ്റയാളിലും അനുഭവവേദ്യമാവാതിരിക്കുക എന്നത് അസംഭവ്യമാണ്. ദൈവത്തിന്റെ ഒരംശമായ പുത്രൻ പീഡനമനുഭവിക്കുകയും പിതാവായ ദൈവം പീഡനമേൽക്കാതിരിക്കുകയും ചെയ്യുന്നതെങ്ങിനെ? പിതാവായ ദൈവം യാതൊന്നും സഹിക്കാതിരിക്കുക എന്നത് ദൈവത്തിന്റെ ഐക്യത്തെ സമമായ തോതിൽ തകർക്കുന്നതാണ്. മൂന്ന് ആളുകൾ ഒരാളിൽ ഏകമായിത്തീരുക എന്നത് ഭാവനക്കതീതമായ കാര്യമാണ്. കാരണം ത്രിയേകത്വത്തിലെ മൂന്ന് പേരുടെയും അനുഭവങ്ങൾ അത്രയധികം വ്യത്യസ്തങ്ങളാണ്. എങ്കിൽപോലും ഒരു ദൈവം മാത്രം നരകാഗ്നിയിലകപ്പെടുകയും മറ്റു രണ്ടു പേരും സുരക്ഷിതരായി നരകം സ്പർശിക്കാതെ അകന്നിരിക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. ഇന്നത്തെ ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ ഏകത്വം ഉപേക്ഷിച്ചുകൊണ്ട് ക്രിസ്തുമതത്തിന് മുമ്പുണ്ടായിരുന്ന പ്രാകൃത മതക്കാർ വിശ്വസിച്ചത്പോലെ മൂന്ന് ദൈവങ്ങളിൽ വിശ്വസിക്കുകയല്ലാതെ മറ്റു വഴിയില്ല. (ഗ്രീക്കുകാരുടെയും റോമാക്കാരുടെയും വിശ്വാസം അതായിരുന്നില്ല. അല്ലെങ്കിൽ അവർ അവരോട്തന്നെ സത്യസന്ധത പുലർത്തി ഏക ദൈവത്തിൽ വിശ്വസിക്കുക.) ഒരു കുട്ടി വേദന സഹിക്കുമ്പോൾ മാതാവിന് സമാധാനത്തോടെയും ശാന്തിയോടെയും ഇരിക്കുവാൻ സാധ്യമല്ല. ആ കുഞ്ഞിനേക്കാൾ കൂടുതലായി ആ മാതാവ് വേദന സഹിക്കുന്നു. തന്റെ സ്വന്തം പുത്രൻ മൂന്ന് ദിവസത്തെ നരകയാതന അനുഭവിക്കുമ്പോൾ പിതാവായ ദൈവത്തിന് എന്ത് അനുഭവമായിരിക്കും ഉണ്ടായിരിക്കുക? അവർ രണ്ട് വ്യത്യസ്ത പദാർത്ഥങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ട രണ്ട് വ്യക്തികളായി വിഭജിക്കപ്പെട്ടിരുന്നോ? ഒരാൾ നരകയാതന അനുഭവിക്കുമ്പോൾ മറ്റെയാൾ യാതൊന്നുമനുഭവിക്കാതെ നരകത്തിൽ നിന്ന് തികച്ചും വിദൂരസ്ഥനായിരിക്കുക. പിതാവായ ദൈവത്തിന് തന്നെ ഇതെല്ലാം സഹിക്കാൻ കഴിയുമായിരുന്നെങ്കിൽ പിന്നെ ഒരു പുത്രനെ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യമുണ്ടാകുമായിരുന്നില്ല. അദ്ദേഹത്തിന് തന്നെ ഇതെല്ലാമങ്ങ് സഹിച്ചാൽ മതിയാകുമായിരുന്നു. ഇതൊരു നേർക്കുനേരെയുള്ള ചോദ്യമാണ്. പിതാവായ ദൈവം എന്തുകൊണ്ട് കുരിശുപീഡനം സ്വയം സഹിച്ചില്ല? പൊറുത്തുകൊടുക്കുക എന്ന പ്രശ്നം പരിഹരിക്കാൻ എന്തുകൊണ്ട് ദൈവം ഇത്ര മാത്രം വിഷമകരമായ ഒരു പദ്ധതി പ്ലാൻചെയ്തു? ■

ലേഖനം

# ഇസ്ലാമും ദേശീയതയും

**അസ്ഗർ അലി എഞ്ചിനിയർ**

## ആഗോള മുസ്ലിം ഉമ്മത്തിന്ന് ഏക രാഷ്ട്രമായിരിക്കാൻ സാധ്യമല്ല. വിവിധ ദേശീയതകളെ മുസ്ലിം സമൂഹത്തിന്ന് അംഗീകരിക്കേണ്ടിവരും

ഇസ്ലാമും, ദേശീയതയും തമ്മിലുള്ള ബന്ധം എന്ത്. ഇസ്ലാം ദേശീയത അംഗീകരിക്കുന്നുണ്ടോ അതോ, നിരാകരിക്കുകയാണോ? ഇസ്ലാം ദേശീയത അംഗീകരിക്കുന്നില്ലെന്നാണ് മുസ്ലിം മതപണ്ഡിതരും ബുദ്ധിജീവികളും സമർത്ഥിക്കുന്നത്. അവർ പറയുന്നു: "ഇസ്ലാം ഒരാഗോള മതമാണ്. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു പ്രാദേശിക നിയമ പരിധികൾക്കനുസൃതമായി പരിമിതപ്പെടുത്താവുന്നതല്ല അതിന്റെ ആശയതത്വങ്ങൾ" ഉർദുകവി 'അല്ലാമാ ഇഖ്ബാൽ' തന്റെ കവിതയിൽ പറയുന്നു. 'ദേശം (വത്വൻ)' ഇസ്ലാമിന്റെ ആവരണമാണ് (കഫൻ). മുസ്ലിംകൾ ഒരേക സമുദായ (ഉമ്മത്ത്)മാണ്; ഏതെങ്കിലും ഒരു പ്രാദേശിക നിയമപരിധികൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നവർക്ക് അത് സാധ്യമല്ല! എങ്കിലും വിശ്രുത ഇസ്ലാമിക പണ്ഡിതനായ 'മൗലാനാ ഹുസൈൻ അഹമ്മദ് മദനി' അഭിപ്രായപ്പെടുന്നു. 'ദേശം എന്നത് ഒരു ഭൂമിശാസ്ത്രപരമായ സങ്കൽപമാണ്. പ്രത്യുത, ഉമ്മത്ത് (സമൂഹം) എന്നത് ഒരു മതകീയ ആത്മീയമായ സങ്കൽപമാണ്. മുസ്ലിംകൾ ഒരേക ഉമ്മത്ത് എന്ന അർത്ഥത്തിൽ ഒരാഗോള സമുദായമാണ്."-മൗലാനാ തുടരുന്നു: ഒന്ന് രാഷ്ട്രീയപരമായ വകുപ്പും മറ്റേത് മതകീയ വകുപ്പുമായതിനാൽ ദേശസങ്കൽപവും ഏക സമൂഹ (ഉമ്മത്ത്) സങ്കൽപവും പരസ്പരം ആശയസംഘട്ടനത്തിനിട വരുത്തുന്നില്ല.

'ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്'ന്റെ പ്രസിഡന്റ് കൂടിയാണ് മൗലാനാ ഹുസൈൻ അഹമ്മദ് മദനി. ജിന്നാ സാഹിബും അദ്ദേഹത്തിന്റെ മുസ്ലിംലീഗും വിഭാവനം ചെയ്ത 'ദ്വിരാഷ്ട്ര' വാദത്തെ പിന്തുണക്കാൻ വിസമ്മതം പ്രകടിപ്പിച്ച അദ്ദേഹം ദേശീയത്വ രൂപവത്കരണത്തെ പിന്തുണക്കുകയും 'Islam our Muttahidaqaumyyat' (Islam and Composite Nationalism) എന്ന ഗ്രന്ഥം എഴുതുകയും ചെയ്ത സംഭവം ശ്രദ്ധേയമാണ്.

പ്രവാചകൻ മുഹമ്മദ് (സ) മദീനയിലെ വ്യത്യസ്ത സംസ്കാരത്തിന്റെ വക്താക്കളും വംശക്കാരുമായി ഉണ്ടാക്കിയ ഉടമ്പടി (mithaq-I Madinath) വിശദീകരിക്കുന്ന മൗലാനാ മദനിയുടെ പ്രസ്തുത ഗ്രന്ഥം തികച്ചും രസാവഹമാണ്. ദേശീയതയുടെ ആധുനിക സങ്കൽപ്പത്തിന്റെ വിഭാവകനായിട്ടാണ് നബിയെ അദ്ദേഹം ഇതിൽ പരിചയപ്പെടുത്തുന്നത്. മദീനയിലെ വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിലും (ജൂത-മുസ്ലിം-വിഗ്രഹോപാസകർ) വംശ ഗോത്രങ്ങൾക്കിടയിലും പ്രവാചകൻ ഉണ്ടാക്കിയ സമാധാന ഉടമ്പടിയെയാണ് 'ഏക സമൂഹ' (ഉമ്മത്തുൽ വാഹിദ) രൂപവത്കരണമായി വിലയിരുത്തപ്പെടുന്നത്.

സത്യത്തിൽ ആധുനിക ദേശസങ്കൽപത്തിന്റെ ഉത്ഭവമായിരുന്നു അത്. 17-ാം നൂറ്റാണ്ടിൽ 'കത്തോലിക്കാ ചർച്ചി'നെതിരെ പ്രൊട്ടസ്റ്റന്റ് വിഭാഗം നടത്തിയ സമരാഹ്വാനത്തിന് ശേഷം യൂറോപ്പിലാണ് ആധുനിക ദേശസങ്കൽപം ആദ്യമായി പ്രയോഗവത്കരിക്കപ്പെട്ടത്. സാർവ്വജനീന സംസ്കാരവും ചരിത്രപരമായ ഉണർവും അടിസ്ഥാനമാക്കി വർത്തിക്കാൻ യൂറോപ്യൻ രാഷ്ട്രങ്ങൾ തയ്യാറായി. 'പോപ്പ്' ഭരണത്തിന്റെ തകർച്ചക്ക് ശേഷം മതകീയ വ്യവസ്ഥിതിയെ സാർവ്വജനീനവത്കരിച്ചു.

ഇസ്ലാമിനെ രാഷ്ട്രീയത്തിൽനിന്ന് വേർതിരിക്കാൻ സാധ്യമല്ലെന്നും മതത്തിന്റെയും രാഷ്ട്രത്തിന്റെയും യോജിപ്പാണ് ഇസ്ലാം വിഭാവനം ചെയ്യുന്നതെന്നും അനേകം മുസ്ലിം പണ്ഡിതർ സമർത്ഥിച്ചതാണ്. മതനിരപേക്ഷ ദേശീയതയുടെ നിയമസാധുതയെ പൂർണ്ണമായും നിഷേധിച്ച അവർ മതേതരത്വത്തിന് ഇസ്ലാമിൽ യാതൊരു സ്ഥാനവുമില്ലെന്നാണ് ബോധിപ്പിക്കുന്നത്. ആധുനിക സങ്കൽപ്പങ്ങളായ ദേശീയതക്കും മതേതരത്വത്തിന്നും ആദ്യകാല ഇസ്ലാമിക കൃതികളിൽ യാതൊരു പ്രാധാന്യവും നൽകപ്പെട്ടിട്ടില്ല.

പക്ഷേ, അനേകം മുസ്ലിം രാഷ്ടങ്ങളിൽ മതേതരത്വവും ദേശീയതയും നിലനിൽക്കുന്നതായി കാണാം. തുർക്കി, ഒരു രാജ്യമെന്നതിലുപരി മതേതര രാഷ്ട്രം കൂടിയാണ്. ലോകത്തെ

ഏറ്റവും വലിയ മുസ്‌ലിം രാജ്യമായ ഇന്തോനേഷ്യയും ഒരു മതേതര രാഷ്ട്രമാണ്. ഇത്തരം വിവാദവിഷയങ്ങളിൽ പണ്ഡിതർക്കിടയിൽ അഭിപ്രായ ഐക്യം രൂപപ്പെടുത്തുക പ്രയാസകരമാണ്.

വാസ്തവത്തിൽ, ഇസ്‌ലാമിന്റെ ആരംഭകാലത്ത് ഒരു രാഷ്ട്രീയ സിദ്ധാന്തമില്ലായിരുന്നു. 'സ്റ്റേറ്റ് സങ്കൽപ്പം' അറബികൾക്കിടയിൽ നിലനിന്നിരുന്നില്ല. 'മലഅ്' (Mala) എന്ന പേരിലുള്ള ഒരു ഗ്രോത്രാലോചന സഭയിലൂടെ ഗോത്രത്തലവൻമാരായിരുന്നു തീരുമാനങ്ങളെല്ലാം കൈക്കൊണ്ടിരുന്നത്. ഇസ്‌ലാമിന്റെ ആഗമനത്തിന് ശേഷം, പ്രവാചകൻ (സ)യുടെ ആദ്ധ്യാത്മികാധ്യാപനങ്ങളിൽ നിന്നും ചോദനയുൾക്കൊണ്ട് അവർ സ്വമേധയാ പ്രവാചകന്റെ കീഴിൽ പ്രവർത്തിച്ചു.

നിശ്ചിത ഭരണ പ്രർത്തനങ്ങളോ ഉദ്യോഗസ്ഥൻമാരോ അവിടെയുണ്ടായിരുന്നില്ല. മുഴുവൻ പ്രവർത്തനങ്ങളും തികച്ചും പരിശുദ്ധവും പാരത്രിക മോക്ഷം കാംക്ഷിച്ചുമായിരുന്നു നിർവ്വഹിക്കപ്പെട്ടിരുന്നത്. മതകീയകാരണത്തിന്റെ പേരിൽ ശത്രുവിനെതിരെയുള്ള യുദ്ധത്തെ രക്തസാക്ഷിത്വം എന്ന മഹനീയ സ്വപ്ന സാക്ഷാത്കാര വേദിയായിട്ടാണ് അവർ കണ്ടിരുന്നത്. യുദ്ധം ജയിക്കുകകയാണങ്കിൽ ശത്രുവിന്റെ സമ്പത്തിൽ നിന്ന് ഉചിതമായൊരു (ഗനീമത്ത്) അംശം പ്രതിഫലമായി നൽകപ്പെട്ടു.

അതേപോലെ, ഇന്നുള്ള ആഭ്യന്തര നിയമങ്ങളോ, ഓർഡിനൻസുകളോ, സുരക്ഷാ ചട്ടങ്ങളോ, പോലീസോ, സൈനിക ബറ്റാലിയനുകളോ അവിടെയുണ്ടായിരുന്നില്ല. അനിസ്‌ലാമിക പ്രവർത്തനത്തിലേർപ്പെട്ട നിരപരാധികൾ പാരത്രിക ലോകത്തെ ദൈവിക ശിക്ഷയിൽപ്പെട്ട അപരാധികർ സ്വമേധയാ കുറ്റസമ്മതം നടത്തി ശിക്ഷ ഏറ്റുവാങ്ങുവാൻ പ്രവാചക സന്നിധിയിൽ വരുമായിരുന്നു. ഒരു രാഷ്ട്രീയ സമൂഹമെന്നതിലുപരി ഒരാത്മീയ ചൈതന്യദായക സമൂഹമായിരുന്നു അവർ.

അതുകൊണ്ടുതന്നെ പ്രവാചക ഭരണകാലത്തെ ഒരു ഇസ്‌ലാമിക സ്റ്റേറ്റ് ഭരണംപോലെ വിശേഷിപ്പിക്കാൻ സാധ്യമല്ല. അമവിയ്യാ-അബാസിയ്യ ഭരണകാലങ്ങളിലൊന്നും ഇത്തരമൊരു സ്ഥിതി വിശേഷം ദൃശ്യമല്ല. അമവിയ്യാ-അബ്ബാസിയ്യ തുടങ്ങിയ ഭരണകൂടങ്ങളെല്ലാം 'ഖിലാഫത്ത്' എന്ന പേരിൽ രാഷ്ട്രീയമായി സ്ഥാപിക്കപ്പെട്ടതായിരുന്നു. ആധുനിക ഭരണകൂടങ്ങളെപോലെ തന്നെ ഇസ്‌ലാമിക സ്റ്റേറ്റുകളായിട്ടായിരുന്നു അവരുടെ ഭരണം.

'ഖലീഫ' മുസ്‌ലിംകളുടെ പരമോന്നത നായകനായിട്ടാണ് വ്യവഹരിക്കപ്പെട്ടിരുന്നത്. ഐഹിക വിഷയങ്ങൾക്കുപുറമെ ആത്മീയ കാര്യങ്ങളിലും അദ്ദേഹം അവരെ നയിച്ചു. ഒരു രാഷ്ട്രീയ നേതാവ് എന്നതിലുപരി, അപാര വിശ്വാസിയും ആത്മീയ നേതാവുമായിരുന്നു അദ്ദേഹം. ഖുർആനിക ദീപ്തയിലും ഹദീസ് മാർഗ്ഗത്തിലും വിശ്വാസികളെ നയിക്കലും തർക്ക വിഷയങ്ങളിൽ 'ഇജ്മാഅ്' (അഭിപ്രായ സമന്വയം) ആവിഷ്കരിക്കലും 'ഖലീഫ'യുടെ പ്രാഥമിക ഉത്തരവാദിത്തങ്ങളാണ്. ഉത്തരവാദിത്തങ്ങളുടെയും ധർമ്മങ്ങളുടെയും പ്രവർത്തനങ്ങളുടെയും സാമാന്യ സങ്കൽപമായിട്ടാണ് 'ഖിലാഫത്ത് നിർവചിക്കപ്പെട്ടിരിക്കുന്നത്. മുഴുവൻ പ്രഭാഷണ-സംവാദങ്ങളും സദാചാരപരമായിരുന്നു. വെറും രാഷ്ട്രീയ സംവാദങ്ങളായിരുന്നില്ല.'

മുഴുവൻ രാഷ്ട്രീയ സംവാദങ്ങളും അവകാശങ്ങൾക്ക് വേണ്ടിയുള്ളതായതിനാലും പൊതുജനാവകാശങ്ങൾ വകവെച്ച് കൊടുക്കുന്നതിനാലും ഇസ്‌ലാമിന്റെ പൗര-സാമൂഹ്യ സങ്കൽപ്പം തികച്ചും ആധുനികമാണ്. പൗരാവകാശ സങ്കൽപമില്ലാത്ത 'ആധുനിക സ്റ്റേറ്റ് ഒരാൾക്കും അചിന്ത്യമാണ്. ഇസ്‌ലാമിക സ്റ്റേറ്റ് സിദ്ധാന്തത്തിൽ മുഴുവൻ സംവാദങ്ങളും ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ധർമ്മബോധനങ്ങളാണ്.'

നടേ സൂചിപ്പിച്ചതുപോലെ പൗരാവകാശ സങ്കൽപമില്ലാതെ ആധുനിക ജനാധിപത്യത്തിനും നിലനിൽപ്പ് അസാധ്യമാണ്. 'ഇസ്‌ലാമിക ശരീഅത്തി'ൽ ന്യൂനപക്ഷങ്ങളെ 'ദിമ്മി' (dhimmis) ആയിട്ടാണ് വ്യവഹരിക്കപ്പെടുന്നത്. അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്തം മുസ്‌ലിംകൾക്കാണ്. നിഷേധിക്കപ്പെടുമ്പോൾ അവകാശവാദമുന്നയിക്കാൻ കഴിയുന്ന രീതിയിൽ ആധുനിക രാഷ്ട്രീയ നിയമത്തിൽ ന്യൂനപക്ഷ അവകാശങ്ങൾ നിർവചിതമാണ്. ഇവ്വിധത്തിൽ ഇസ്‌ലാമിക സ്റ്റേറ്റിന്റെ ആധ്യകാലം വിവരിക്കാൻ വളരെ വിഷമകരമാണ്. വിശ്രുത ഇസ്‌ലാമിക ചിന്തകനായിരുന്ന 'മാവർട്ടി' (Movardi) യെ പോലുള്ളവർ വിഭാവനം ചെയ്ത ആദ്യകാല രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കനുസൃതമായ രാഷ്ട്ര സങ്കൽപങ്ങൾ ഇന്ന് കാണാൻ കഴിയില്ല. കാരണം ആധുനിക മുസ്‌ലിം സ്റ്റേറ്റുകളെല്ലാം സുനിശ്ചിത ഭൂപരിധികൾക്കനുസൃതമായ പ്രാദേശിക സ്റ്റേറ്റുകളാണ്.

പരിശുദ്ധ പ്രവാചകന് ശേഷം 'ഖിലാഫത്ത്' നിലവിൽ വരുമ്പോൾ ഇസ്‌ലാമിന്റെ സ്വാധീനം പ്രധാനമായും അറേബ്യൻ ഉപദ്വീപിൽ മാത്രമായിരുന്നു. 'ഖലീഫ അബൂബക്കർ (റ) ഭരണമേൽക്കുമ്പോൾ ഇസ്‌ലാം അറേബ്യർക്ക് പുറത്തേക്ക് വ്യാപിച്ചിരുന്നില്ല. എങ്കിലും അന്ന് മുതൽ മുസ്‌ലിം ദിഗ്‌വിജയങ്ങൾക്ക് തുടക്കം കുറിച്ചു. 'റോമൻ' (Byzatine) ഇറാനിയൻ (Sussanid) സാമ്രാജ്യങ്ങൾ നിശ്ശേഷം കീഴടങ്ങുക വഴി അവയുടെ വിശാല ഭൂപ്രദേശങ്ങൾ 'ഇസ്‌ലാമിക ഖിലാഫത്തി'ന് കീഴിൽ വന്നു.

ഈ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർക്കപ്പെട്ടിട്ടും ഒരൊറ്റ 'ഖലീഫ' മാത്രമേയുണ്ടായിരുന്നുള്ളൂ. 'ഖലീഫ' അമീറുൽ മുഅ്മിനീൻ (വിശ്വാസികളുടെ നേതാവ്) എന്ന പേരിലാണറിയപ്പെട്ടിരുന്നത്. 'അമവിയ്യാ' ഭരണകാലഘട്ടത്തിലും 'സമഗ്ര ഇസ്‌ലാമിക ലോകത്തിന് ഖലീഫ് എന്ന സങ്കൽപം നിഷ്ഠയോടെ നിലനിന്നു. പക്ഷേ, അബ്ബാസികൾ 'അമവിയ്യാ' ഭരണകൂടത്തെ അട്ടിമറിച്ച് അധികാരത്തിലേറിയപ്പോൾ "അമവികൾ" സ്പെയനിൽ ഒരു സമാന്തര 'ഖിലാഫത്ത്' സ്ഥാപിച്ചു.

ഇതൊരു തുടക്കം മാത്രമായിരുന്നു. അനന്തരം അനേകം പ്രാദേശിക

ഭരണകൂടങ്ങൾ നിലവിൽ വന്നു. ഇന്ന് ഓരോ ഭരണാധികാരികൾക്കും ഭരിക്കാൻ സുനിശ്ചിത പ്രദേശങ്ങളുണ്ട്. രാഷ്ട്രീയാസക്തി ധർമ്മചിന്തകളെ നിഷ്പ്രഭമാക്കി. തീർച്ചയായും അമവിയ്യാ ഭരണകാലത്ത് തന്നെ, രാഷ്ട്രീയം ധാർമ്മികതക്ക് മേൽ ആധിപത്യമുറപ്പിച്ചിരുന്നു.

അബ്ബാസി, അമവി ഭരണകൂടങ്ങൾ തികച്ചും വംശവാഴ്ചയായിരുന്നു. രാജവാഴ്ചയിൽ നിന്നും വിമുക്തരായ ആദ്യകാല 'ഖിലാഫത്ത്' ഭരണരീതിയോട് കിടപിടിക്കുന്ന ഒരു പ്രവർത്തനവും അവർ നടത്തിയില്ല.

19, 20 ശതാബ്ദങ്ങളിൽ നടന്ന കൊളോണിയൽ അധിനിവേശത്തിനിടയിലാണ് വളരെയധികം ഇസ്ലാമിക സ്റ്റേറ്റുകൾ രൂപവത്കരിക്കപ്പെട്ടത്. മധ്യകാലഘട്ടത്തിൽ ഒരു സുനിശ്ചിത രാഷ്ട്ര സങ്കൽപമുണ്ടായിരുന്നില്ല. ഒരാധുനിക സ്റ്റേറ്റിന്റെ ഭരണഘടനയിൽ അധികാരങ്ങളും രാഷ്ട്രീയ ഘടനകളും നിർവഹിക്കപ്പെട്ടിട്ടുണ്ട്. പൗരാവകാശങ്ങളും സാമൂഹിക സങ്കൽപങ്ങളും പരിഗണിച്ചുകൊണ്ടുള്ള ഭരണ നയങ്ങളും ഇതിൽ ലിഖിതമാണ്. എന്നാൽ, ഒരു ഇസ്ലാമിക സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഇവ്വിധത്തിൽ അതിന്റെ ഘടന നിർവചിക്കാൻ വളരെ പ്രയാസകരമാണ്.

'അല്ലാമാ ഇഖ്ബാൽ' ഒരു പുനർ ഇജ്തിഹാദ്' അനുകൂലിയായിരുന്നു. ഒരു ഇസ്ലാമിക സ്റ്റേറ്റിലെ പാർലിമെന്റിനെ 'ഇജ്തിഹാദ്' (ഇസ്ലാമിക നിയമത്തിന് പുനർ വ്യാഖ്യാനം നൽകുക) വഴി അനിവാര്യ മാറ്റങ്ങൾ കൊണ്ടുവരാമെന്ന് അദ്ദേഹം വാദിച്ചു. ഇസ്ലാമിക പാർലിമെന്റിന് ഇവ്വിഷയത്തിൽ നിയമാധികാരമുണ്ടെന്നായിരുന്നു ഇഖ്ബാലിന്റെ പക്ഷം; പക്ഷേ, ഒരു നിയമാധികാരവുമില്ലെന്നാണ് ഇതര ഇസ്ലാമിക' പണ്ഡിതരുടെ വീക്ഷണം.

'ദേശീയത' ഒരു പ്രതിഭാസമായിട്ടാണ് ഇസ്ലാമിക ലോകത്ത് അംഗീകരിക്കപ്പെടുന്നത്. മുസ്ലിം രാഷ്ട്രങ്ങളിലെല്ലാം ദേശീയത നിലനിൽക്കുന്നുണ്ടെന്നത് ഒരു നഗ്നസത്യമാണ്. ഒരു മുസ്ലിം രാഷ്ട്രത്തിലെ മുസ്ലിം പൗരന് മറ്റൊരു മുസ്ലിം രാജ്യത്തേക്ക് 'ട്രാവൽ ഡോക്യുമെന്റ്സു'കൾ പൂർത്തിയാക്കാതെ സ്വതന്ത്രമായി പ്രവേശിക്കാൻ സാധ്യമല്ല.

'മൗലാനാ ഹുസൈൻ അഹമ്മദ്മദനി' തന്റെ മുത്തഹിദ ഖൗമിയുത്ത ഔർ ഇസ്ലാം' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വളരെ കൃത്യമായി തന്നെ വിവരിക്കുന്നു. 'ഏക സമൂഹ സങ്കൽപം (ഉമ്മത്തുൽ വാഹിദ) രാഷ്ട്രീയ ഐക്യമല്ല; പ്രത്യുത, മതകീയ ആത്മീയ ഐക്യമാണ്.

ആഗോള മുസ്ലിംകളെ മുഴുവൻ ഒരൊറ്റ രാഷ്ട്രീയ സമൂഹമാക്കൽ 'ഖുലഫാഇറാഷിദീനി'ന്റെ കാലത്ത് മാത്രമേ സാധ്യമായിരുന്നുള്ളൂ. അന്ന് ഖിലാഫത്ത് ഭരണ പ്രദേശത്തിന്റെ ഒരു ഭാഗത്തു നിന്ന് മറ്റൊരു ഭാഗത്തേക്ക് യാതൊരു നിയന്ത്രണവുമില്ലാതെ യാത്ര ചെയ്യാൻ സാധിച്ചിരുന്നു. പക്ഷെ പിന്നീട് രംഗത്ത് വന്ന വിവിധ മുസ്ലിം ഭരണാധികാരികളുടെ കാലത്താണ് ഇത്തരം നിയന്ത്രണങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്.

ആധുനിക മുസ്ലിം രാഷ്ട്രങ്ങളിൽ മതന്യൂനപക്ഷങ്ങൾ ശരീഅത്ത് വീക്ഷണമനുസരിച്ചുള്ള 'ദിമ്മി'കളായി ഉടമ്പടി ചെയ്യപ്പെടുന്നില്ല. മറിച്ച് രാജ്യത്തിന്റെ ഭരണഘടനാ തത്വങ്ങൾക്ക് കീഴിലുള്ള സ്വതന്ത്രപൗരൻമാരായിട്ടാണ് വ്യവഹരിക്കപ്പെടുന്നത്. രാജ്യത്തിന്റെ ഭരണതത്വങ്ങൾ തികച്ചും രാഷ്ട്രീയപരമായിട്ടാണ്. മതകീയ-പൗരാവകാശങ്ങൾ നിർണയിക്കപ്പെടുന്നത് മതത്തിന്റെ അടിസ്ഥാനത്തിലല്ല; ജൻമദേശാടിസ്ഥാനമാക്കിയാണ്. ഖുർആനികാധ്യാപനങ്ങൾക്കനുസൃതമായ ഭരണഘടന (ഒരു പരിധിവരെ) വ്യാപരിക്കപ്പെടുന്ന 'സഊദി അറേബ്യ'യിൽ വരെ വിദേശ മുസ്ലിം പൗരൻമാരെ രാജ്യത്ത് സ്ഥിരവാസമാക്കാൻ അനുവദിക്കുന്നില്ല; ഹജ്ജ് കർമ്മത്തിന് പോലും 'വിസ' ലഭിക്കേണ്ടതുണ്ട്.

അപ്പോൾ ഈ 'ആധുനിക'യുഗത്തിൽ ഏക സമൂഹ സങ്കൽപം തികച്ചും ആത്മീയപരമല്ല. വ്യത്യസ്ത രാഷ്ട്രങ്ങളിൽ വിഭിന്ന ദേശീയതക്ക് കീഴിൽ, രാഷ്ട്രീയ അവകാശങ്ങളുടെ വ്യതിരിക്ത ഡിഗ്രികൾ അനുഭവിക്കുന്നവയാണ് ഇന്നത്തെ മുസ്ലിംകൾ. അവരുടെ മതമാണ് ഇസ്ലാം. ഭൂമി പ്രാദേശികമായി വ്യാപിച്ചുകിടക്കുന്ന മുസ്ലിം സ്റ്റേറ്റുകളുടെ രാഷ്ട്രീയ കൂട്ടായ്മ (Confederation) ഒരേക മതത്തോട് ബന്ധപ്പെട്ടതായിട്ടുപോലും അസാധ്യമാണ്. അവരുടെ പരസ്പര ബന്ധങ്ങൾ സദാ ഹൃദ്യമല്ല; അനേകം പ്രശ്നങ്ങളാൽ അവർ പരസ്പരം വിരോധത്താലും ശത്രുതയിലുമാണ്.

മുസ്ലിംലോകത്ത് വ്യാപകമായി തന്നെ ദേശീയത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഒരു പൊതുനിയമം (ശരീഅത്ത്) ഉണ്ടായിട്ടും മുസ്ലിം രാഷ്ട്രങ്ങളുടെ ഭരണഘടനാ നിയമ നിർമ്മാണങ്ങളിൽ രാഷ്ട്രീയ സാമൂഹിക ലക്ഷ്യവീക്ഷണങ്ങളിൽ ശക്തമായ ഭിന്നത പ്രകടമാണ്. 'സഊദി അറേബ്യ' പോലുള്ള ചുരുക്കം ചില രാജ്യങ്ങളൊഴിച്ച് ഭൂരിപക്ഷം മുസ്ലിം രാഷ്ട്രങ്ങളിലും ഇസ്ലാമിക ക്രിമിനൽ നിയമങ്ങൾ ഉപേക്ഷിച്ചുകഴിഞ്ഞു.

ലോകത്തെ ഭൂരിപക്ഷം മത വിഭാഗമായ മുസ്ലിംകൾ പല മുസ്ലിം മതേതര രാഷ്ട്രങ്ങളിലും ന്യൂനപക്ഷ വിഭാഗമായിട്ടാണ് ജീവിക്കുന്നത്. അവിടുത്തെ പൗരാവകാശങ്ങളും ചില അസ്വാരസ്യങ്ങളൊക്കെയുണ്ടെങ്കിലും അനുഭവിക്കുന്നു. മുസ്ലിം ഭൂരിപക്ഷ രാഷ്ട്രങ്ങളിൽ ഇതര മതക്കാരും ന്യൂനപക്ഷ വിഭാഗങ്ങളായി വ്യവഹരിക്കപ്പെടുന്നു: മുസ്ലിംകളെപോലെ തന്നെ തുല്യ അളവിലും താത്വിക രീതിയിലുള്ള പൗരാവകാശങ്ങൾ അവരനുഭവിക്കുന്നു. വിശുദ്ധ പ്രവാചകൻ (സ) മദീനാ ഉടമ്പടിയിലൂടെ വിഗ്രഹോപാസകർക്കും ജൂതർക്കും പൂർണ മതസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടായിരുന്നു. ആധുനിക ഭരണകർത്താക്കളും ഈ മാതൃക അനുവർത്തിക്കുകയാണെങ്കിൽ ഭരണ നിർവ്വഹണത്തിന് ജനാധിപത്യമാനം കൈവരും.

നീതിയിലധിഷ്ഠിത ഭരണമായിരുന്നു പ്രവാചകൻ (സ) സ്വജീവിതത്തിലൂടെ സമർപ്പിച്ചത്. "നീതി നിർവ്വഹണമാണ് ഒരു ഭരണകൂടത്തിന്റെ അടിത്തൂൺ"-ജോർജ് വാഷിംഗ്ടൺ). ■

# റെയ്‌ലിയൻ വിശ്വാസികളുടെ 'ഹവ്വ' ജനിച്ചുവോ?

മനുഷ്യനെ ക്ലോൺ ചെയ്ത് ഉദ്പാദിപ്പിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു കൾട്ട് വിശ്വാസികളുടെ പ്രസ്ഥാനമാണ് റെയ്‌ലിയൻ പ്രസ്ഥാനം. ഫ്രഞ്ചുകാരനായ ക്ലോഡ് വോറിലോൺ ആണ് റെയ്‌ലിയൻ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ. പല കിറുക്കൻ വിശ്വാസങ്ങളും വെച്ച് പുലർത്തുന്ന ഇവർ അന്യഗ്രഹ ജീവികളാണ് ക്ലോണിംഗിലൂടെ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതെന്ന് വിശ്വസിക്കുന്നു. വിനാശകരവും വിചിത്രവുമായ വിശ്വാസങ്ങൾ വെച്ചുപുലർത്തുന്ന ഇത്തരത്തിലുള്ള 'കൾട്ട്' (Cult) വിശ്വാസ സമൂഹങ്ങൾ അമേരിക്കയിലും യൂറോപ്പിലും തഴച്ചു വളരുകയാണ്. റെയ്‌ലിയൻ വിശ്വാസികളുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ക്ലോണിംങ്ങ് ഗവേഷണ സ്ഥാപനമാണ് ക്ലോണൈഡ് കമ്പനി ആ കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവായ ബ്രിജിറ്റ് ബോയ്സിലയർ ഒരു മാസം മുമ്പ് അമേരിക്കയിലെ ഹോളിവുഡിൽ വെച്ച് നടത്തിയ പത്രസമ്മേളനത്തിലാണ് 'ഹവ്വ' എന്ന പേരിട്ട ഒരു മനുഷ്യ ശിശുവിനെ ക്ലോണിംങ്ങിലൂടെ തന്റെ കമ്പനി ഉത്പാദിപ്പിച്ച വിവരം വെളിപ്പെടുത്തിയത്. റെയ്‌ലിയൻ പ്രസ്ഥാനത്തിന്റെ ആചാര്യൻ 'റായേൽ' എന്നറിയപ്പെടുന്ന ക്ലോഡ് വോറിലോൺ 'ഹവ്വ'ക്ക് എല്ലാവിധ ആശംസകളും നേർന്നിരിക്കുന്നു. 'ഹവ്വ'യുടെ ഈ ജനനവാർത്ത ഇപ്പോൾ ലോകം മുഴുവനും വിവാദമായിരിക്കുകയാണ്. ക്ലോണിംങ്ങ് ശിശുവായ 'ഹവ്വ'യെ പറ്റിയോ, അവളുടെ മാതാവിനെപ്പറ്റിയോ, ഗവേഷണം നടന്ന രാജ്യത്തെ സംബന്ധിച്ചോ ബോയ്സിലയർ വ്യക്തമാക്കിയിട്ടില്ല.

1996ൽ സസ്തനി വർഗ്ഗത്തിൽപ്പെട്ട ഡോളി എന്ന ആട്ടിൻകുട്ടിയുടെ ജനനത്തോടെ മനുഷ്യനിലും ഈ രീതി പരീക്ഷിക്കപ്പെടും എന്ന ആശങ്കയിലായിരുന്നു ലോകം. കോടാനുകോടി കൊല്ലങ്ങളായി പ്രകൃതി പരിപാലിച്ചു വരുന്ന കുറ്റമറ്റ മനുഷ്യപ്രജനന രീതിയിൽനിന്നും അടിസ്ഥാനപരമായ ഒരു വ്യതിയാനമാണ് കൃത്രിമമായ ഈ പ്രത്യുൽപാദനരീതി. മതവിശ്വാസികൾ മാത്രമല്ല ശാസ്ത്രലോകം തന്നെ അതീവ ഭയാശങ്കകളോടെയാണ് ഇതിനെ നോക്കിക്കാണുന്നത്. വിവേചന ബോധമില്ലാതെ പ്രകൃതിയുടെ മേൽ ഇടപെട്ടതിന്റെ ഫലമായി മാരകമായ പരിസ്ഥിതിനാശവും താളഭംഗങ്ങളും മനുഷ്യജീവിതത്തെ ദുസ്സഹമാക്കിയത് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിലാണ് മനുഷ്യനെ തന്നെ കൃത്രിമമായി നിർമ്മിക്കാനുള്ള ശ്രമം. ഒരു പക്ഷേ ദൈവം ചമയാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമായിരിക്കാമിത്. ദൈവം സൃഷ്ടിച്ച പ്രകൃതിയിൽ വളർച്ചയും വികാസവും പ്രത്യുൽപാദനവും പല രീതികളിലൂടെയും സാധ്യമാണ്. അതിൽ ഏറ്റവും കുറ്റമറ്റ രീതിയാണ് മനുഷ്യന്റെ നിലവിലുള്ള പ്രജനന രീതി. കോടാനുകോടി കൊല്ലം കൊണ്ട് പ്രകൃതി തിരഞ്ഞെടുത്ത് മനുഷ്യന് സമ്മാനിച്ചതാണ് ഈ രീതി. ഇതിൽ കൈവെച്ച് പ്രകൃതിയുടെ ഒരു സമ്പൂർണസൃഷ്ടിയെ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വികൃതമാക്കി, സൃഷ്ടിപ്പിന്റെ വിജയമാഘോഷിക്കുന്നത് ധാർമ്മികമായി ശരിയാണോ?

നിരവധി പരിസ്ഥിതി ദുരന്തങ്ങൾ കണ്ടറിഞ്ഞ പക്വത കൈവന്ന ശാസ്ത്രലോകത്ത് നിന്നുതന്നെ ക്ലോണൈഡ് കമ്പനിയുടെ ഈ അവകാശവാദത്തിന്നെതിരെ രൂക്ഷവിമർശനമുയർന്നുവന്നിരിക്കുന്നു. മനുഷ്യശിശുവിനെ ക്ലോൺ ചെയ്ത് ഉല്പാദിപ്പിക്കുന്നതിന് അമേരിക്കയിൽ നിയമാനുവാദമില്ല. ക്ലോണൈഡ് കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ബോയ്സിലയരുടെ പത്രസമ്മേളനത്തിന് ശേഷം അവരെ മാധ്യമ പ്രവർത്തകരും ശാസ്ത്രജ്ഞന്മാരും തെളിവുകൾ ആവശ്യപ്പെട്ട് വളയുകയുണ്ടായി. A. B. C.ന്യൂസ് സയിൻസിലെ മുൻ എഡിറ്ററായിരുന്ന മിഖായേൽ എ. ഗുല്ലിയന്റെ മേൽനോട്ടത്തിൽ ശാസ്ത്രീയമായി ഇക്കാര്യം സ്ഥിരീകരിക്കാമെന്നും ഡി.എൻ.എ. പരീക്ഷണത്തിന്നായി ഒരാഴ്ചക്കുള്ളിൽ 'ഹവ്വ'യുടെ രക്തം നൽകാമെന്നും അവർ വാഗ്ദാനം നൽകിയെങ്കിലും ഇതുവരെ യാതൊരു തെളിവും ഹാജരാക്കിയിട്ടില്ല. ഇതിനകം രണ്ടാമതൊരു ക്ലോൺ ശിശുകൂടി സ്വവർഗരതിക്കാരായ ദമ്പതികൾക്ക് പിറന്നതായി റെയ്‌ലിയൻ വിശ്വാസികൾ വെളിപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ കോടതിയിൽ ക്ലോണൈഡ് കമ്പനിക്കെതിരെ ഒരു കേസും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. ക്ലോണൈഡ് കമ്പനിയുടെ അവകാശവാദം ഒരു തട്ടിപ്പാണെന്ന സംശയമാണ് ശാസ്ത്ര വൃത്തങ്ങളിൽ ബലപ്പെട്ടിരിക്കുന്നത്.

ക്ലോണിംങ്ങ് ഗവേഷണങ്ങൾ രണ്ട് രീതിയിലുണ്ട്. ഒന്ന് ചികിത്സാ സംബ

ഡിയായ ക്ലോണിംങ്ങ് ഗവേഷണം (Therapeutic Cloning) മറ്റൊന്ന് പ്രജനന ക്ലോണിംങ്ങ് (Reproductive cloning) ഗവേഷണം ആദ്യത്തേത് വൈദ്യശാസ്ത്രപരമായ മൂല്യമുള്ളതാണ്. അത് രണ്ട് വിധത്തിൽ നടക്കുന്നു. അതിലൊന്ന് ക്ലോണിങ്ങിലൂടെയല്ലാതെ ലൈംഗിക കോശങ്ങളുപയോഗിച്ച് വന്ധ്യതാ ക്ലിനിക്കുകളിൽ നടക്കുന്ന ഒരു അർദ്ധകൃത്രിമ ഗർഭധാരണ രീതി മാത്രമാണ്. അതായത് ഗർഭപാത്രത്തിലേക്കുള്ള അണ്ഡവാഹിനിക്കുഴലുകളിൽ തകരാറുള്ള സ്ത്രീകൾക്ക് ഗർഭധാരണം നടക്കാറില്ല, സ്ത്രീയുടെ അണ്ഡവും (Ovum) പുരുഷന്റെ ബീജവും (Sperm) എടുത്ത് ലാബറട്ടറിയിൽ വെച്ച് ബീജസങ്കലനം നടത്തി നാലോ അഞ്ചോ ദിവസങ്ങൾ കഴിഞ്ഞാൽ അത് ബഹുകോശ പിണ്ഡമായി (Blastocyst) മാറുന്നു. ഈ ഭ്രൂണ കോശത്തെ ഗർഭാശയത്തിൽ നേരിട്ട് നിക്ഷേപിച്ചാണ് സ്ത്രീകളിൽ കൃത്രിമ ഗർഭധാരണം ഉണ്ടാക്കുന്നത്. ഇങ്ങനെ ജനിക്കുന്ന കുഞ്ഞുങ്ങളെയാണ് ടെസ്റ്റ് ട്യൂബ് ശിശുക്കൾ എന്ന് വിളിക്കുന്നത്. ബീജസങ്കലനം ചെയ്യപ്പെട്ട ഒന്നിലധികം ബ്ളാസ്റ്റോസിസ്റ്റ് കോശങ്ങൾ ഇതിന്നായി കരുതിവെക്കുന്നു. ഒന്ന് പരാജയമടഞ്ഞാൽ മറ്റൊന്ന് നിക്ഷേപിക്കാൻ ഗർഭധാരണം നടന്നുകഴിഞ്ഞാൽ ബാക്കിയാവുന്ന ബ്ലാസ്റ്റോസിസ്റ്റ് മൂലകോശങ്ങൾ (Stem cells) ഉപയോഗിച്ചാണ് അമേരിക്കയിൽ അവയവ നിർമ്മാണത്തിന്നായുള്ള മൂലകോശ ഗവേഷണങ്ങൾ നടക്കുന്നത്. അമേരിക്കയിൽ ഇതിന്ന് നിയമാനുമതിയുണ്ട്. ഹൃദയം, മസ്തിഷ്കം, കിഡ്നി, പേശി, എല്ല് മുതലായ അവയവങ്ങളുടെ വിവിധയിനം കോശങ്ങളെ ഉത്പാദിപ്പിക്കാൻ കഴിവുള്ള (Pluripotent) കോശങ്ങളാണ് മൂലകോശങ്ങൾ.

എന്നാൽ ക്ലോണിങ്ങിലൂടെയുള്ള ഗർഭധാരണവും (Reproductive Cloning)അവയവ നിർമാണവും (Therapeutic cloning) മറ്റൊരു രീതിയിലാണ്. മാതാവിൽ നിന്നും സ്വീകരിക്കുന്ന അണ്ഡത്തിലെ ക്രോമോസോം ഉൾപ്പെട്ട ന്യൂക്ലിയസ് എടുത്തുമാറ്റി മാതാവിൽ നിന്നുതന്നെയോ മറ്റൊരാളിൽ നിന്നോ ഉള്ള ഒരു കോശ (ലൈംഗിക കോശമല്ല) ത്തിന്റെ ഡി. എൻ. എ. അണ്ഡകോശത്തിൽ ചേർത്ത് ലബോറട്ടറിയിൽ വെച്ച് ബ്ലാസ്റ്റോസിസ്റ്റ് കോശങ്ങൾ നിർമ്മിക്കുന്നു. ഇവയാണ് ഗർഭധാരണത്തിനും, അവയവ നിർമാണ ഗവേഷണത്തിനും ഉപയോഗിക്കുന്നത്. ഈ രീതി ലൈംഗിക കോശങ്ങളെയല്ല ഉപയോഗപ്പെടുത്തുന്നത്. ഇത് പ്രകൃതിയുടെ അനുകരണമല്ല. മറിച്ച് തികച്ചും കൃത്രിമമാണ്. ഈ രീതിയിലുള്ള ഗർഭധാരണവും അവയവ നിർമാണവും അതിസങ്കീർണവും ഇപ്പോഴത്തെ സാങ്കേതിക ശാസ്ത്ര നിലവാരമനുസരിച്ച് ഏറെക്കുറെ അസാധ്യവുമാണെന്നാണ് ശാസ്ത്രലോകം കരുതുന്നത്. ക്ലോണിങ്ങിലൂടെയുള്ള അവയവ നിർമ്മാണത്തെ അനുകൂലിക്കുന്നവർപോലും ലിംഗകോശങ്ങളിൽ കൂടിയല്ലാതെ മനുഷ്യശിശുവിനെ ഉത്പാദിപ്പിക്കുന്നതിനോട് കടുത്ത വിയോജിപ്പാണ് പ്രകടിപ്പിക്കുന്നത്.

മനുഷ്യസൃഷ്ടിപ്പ് ലിംഗകോശങ്ങളിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന യാഥാർത്ഥ്യം വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നു. "സ്രവിപ്പിക്കപ്പെടുന്ന ശുക്ലകണത്തിൽനിന്ന് അവൻ തന്നെയത്രെ ആണ് പെണ്ണ് എന്നീ രണ്ടിണകളെ സൃഷ്ടിച്ചത്. (53:46,47). "സ്രവിക്കുന്ന ശുക്ലത്തെ സംബന്ധിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ നിങ്ങളാണോ അതിനെ സൃഷ്ടിക്കുന്നത്? അതോ നാമാണോ സൃഷ്ടിക്കുന്നത്?" (56:59, 60) പ്രകൃതിയിൽ നിലനിൽക്കുന്ന ഈ ലൈംഗിക പ്രത്യുത്പാദന വ്യവസ്ഥ തകിടം മറിക്കാൻ ആർക്കും അനുവാദമില്ല. പ്രകൃതി മനുഷ്യശരീരത്തിന് നൽകിയ അവയവപൊരുത്തവും സൗന്ദര്യവും സന്തുലിതത്ത്വവും ഈ ലൈംഗിക പ്രത്യുൽപാദന വ്യവസ്ഥയിലുണ്ടെന്ന് ഖുർആൻ പറയുന്നു. "അവൻ നിങ്ങളെ രൂപപ്പെടുത്തുകയും എന്നിട്ട് നിങ്ങളുടെ രൂപത്തെ അവൻ സുന്ദരമാക്കുകയും ചെയ്തു." (40:65) "മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചതെന്ത്? അവൻ നിന്നെ സൃഷ്ടിച്ചു അംഗപ്പൊരുത്തത്തോടെ ആകൃതിപ്പെടുത്തി. സന്തുലിതാവസ്ഥയിലാക്കി അവനുദ്ദേശിച്ച രൂപത്തിലുള്ള ഘടന നൽകി (82:7-8).

ക്രിസ്തുമതത്തിന്റെ സൃഷ്ടിവാദവും ശാസ്ത്രവിരുദ്ധവും യുക്തിഹീനവുമായ മതസിദ്ധാന്തങ്ങളും മൂലമാണ് യൂറോപ്പിൽ പല വിശ്വാസ കൂട്ടായ്മകളും പിഴച്ച വിശ്വാസവുമായി രംഗപ്രവേശം ചെയ്യുന്നത്. യഹോവ മണ്ണ് കുഴച്ചു രൂപമുണ്ടാക്കി മൂക്കിൽ ജീവശ്വാസമൂതിയപ്പോൾ മനുഷ്യനായി തീർന്നു എന്നാണ് ബൈബിൾ കഥ. എന്നാൽ മനുഷ്യൻ വിവിധ ഘട്ടങ്ങളിലൂടെ പരിണമിച്ചുണ്ടായതാണെന്ന ശാസ്ത്രീയ കാഴ്ചപ്പാടാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

അമേരിക്കയിലെ ഒരു കൾട്ട് വിശ്വാസ സമൂഹമായിരുന്നു സ്വർഗ്ഗവാതിൽ വിശ്വാസികൾ (Heaven's Gate Cult). 1997ൽ അന്യഗ്രഹ യാത്രക്കായി ഈ വിശ്വാസ സമൂഹത്തിലെ 39 പേർ കൂട്ട ആത്മഹത്യ ചെയ്യുകയുണ്ടായി. ആത്മഹത്യക്ക് ശേഷം മറ്റൊരു ഗ്രഹത്തിലേക്ക് അവർ ചേക്കേറുമെന്നായിരുന്നു അവരുടെ വിശ്വാസം. ഇത്തരം പൈശാചികവും വിനാശകരവുമായ ദുർബോധനങ്ങളാണ് റെയ്‌ലിയൻ വിശ്വാസികളെയും ഗ്രസിച്ചിരിക്കുന്നത്.

വിശുദ്ധഖുർആന്റെ ഒരു താക്കീതോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം.

അല്ലാഹു അവനെ (പിശാചിനെ) ശപിച്ചിരിക്കുന്നു. അവൻ (പിശാച്) പറഞ്ഞിട്ടുണ്ട്. 'നിന്റെ ദാസന്മാരിൽ നിന്ന് ഒരു നിശ്ചിത വിഭാഗം ഞാൻ സ്വായത്തമാക്കുകതന്നെ ചെയ്യും. തീർച്ചയായും ഞാൻ അവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ് അപ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറും. പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവൻ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ പിശാചിനെ മാത്രമായി സ്വീകരിക്കുന്നുവോ

**കുറിപ്പുകൾ**

**മുസാഫിർ**

# ആഗോളവത്കരണത്തിനെതിരെ മറ്റൊരു ലോകം സാധ്യമാണ്

മഹാത്മാക്കൾ വിശ്വമാനവികതയെക്കുറിച്ചും അന്തർദേശീയതയെക്കുറിച്ചും സ്വപ്നം കണ്ടിരുന്നു. ഇങ്ങനെ ചിന്തിച്ചവരിൽ ലോകം ആദരിക്കുന്ന ഒരു മഹാനാണ് 1940 ൽ അമേരിക്കൻ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച വെൽഡൻ വിൽക്കി. ഏകലോകത്തിന്റെ ശക്തനായ വാക്താവ് എന്ന നിലക്കാണ് വിൽക്കി അറിയപ്പെടുന്നത്. രണ്ടാം ലോക മഹായുദ്ധകാലത്ത് വിൽക്കി ഒരു ലോക പര്യടനം നടത്തുകയുണ്ടായി. അധീനരാജ്യങ്ങളിലെ സാമ്രാജ്യത്വത്തിനും കോളനിവത്കരണത്തിനുമെതിരായ ഉണർവ് അദ്ദേഹത്തിനു ബോദ്ധ്യമായി. വിപ്ലവാനന്തര റഷ്യയെകുറിച്ച് അദ്ദേഹത്തിന് നേരിട്ട് ബോദ്ധ്യം വന്നു. ഒരു കമ്മ്യൂണിസ്റ്റിതരനായിക്കൊണ്ട് തന്നെ റഷ്യയുടെ പുരോഗതിയെ അദ്ദേഹം വാഴ്ത്തി. ലോകത്തെമ്പാടുമുള്ള രാഷ്ട്രനായകന്മാർ, മതനേതാക്കൾ, ബുദ്ധിജീവികൾ, തൊഴിലാളികൾ, കലാകാരന്മാർ എന്നിവരുമായി ബന്ധം പുലർത്തിയ വിൽക്കി അവസാനം പറഞ്ഞു, മനുഷ്യന് 'ഏകലോകം സാധ്യമാണ്'. 1943ൽ അദ്ദേഹം One world (ഏകലോകം) എന്ന പുസ്തകമെഴുതി. ഈ ആശയത്തിന്റെ പ്രചാരകനായി മാറി. വിൽക്കിയുടെ 'ഏകലോകം' പ്രസിദ്ധീകരിക്കുന്നതിന് ഒരുവർഷം മുമ്പാണ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് New world order എന്ന പുസ്തകത്തിൽ ധാർമ്മിക ബദ്ധവും പ്രായോഗികവുമായ ഒരു ലോകക്രമത്തിന്റെ രൂപരേഖ മുന്നോട്ടു വെച്ചത്. വിൽക്കിയുടേത് ആദർശസ്വപ്നങ്ങളായിരുന്നുവെങ്കിൽ അഹ്മദിയ്യാ ഖലീഫയുടേത് പ്രായോഗികമായ ജീവൽ പദ്ധതികളായിരുന്നു. അഹ്മദിയ്യാ ജമാഅത്തിലൂടെ ബലവത്തായ ആ ലോകക്രമം പതുക്കെ പതുക്കെ പുരോഗമിച്ചുവരികയാണ്. ആത്മസുരഭിലമായ അതിന്റെ ലക്ഷ്യവും രീതിയുമാണ് വാസ്തവത്തിൽ സുസ്ഥിരമായ വികസനവും (Sustainable Develepment) മനുഷ്യക്ഷേമവും കൊണ്ടുവരിക.

ഏകലോകം സ്വപ്നംകണ്ട വിൽക്കിയുടെ അമേരിക്കയിലേക്ക് തന്നെ മടങ്ങാം. 'ഏകലോകത്തിനു' പകരം അമേരിക്ക ഇന്ന് ഗ്ലോബലൈസേഷന്റെ വാക്താവാണ്. സാർവ്വദേശീയത (Internationalism), വിശ്വപൗരൻ, ലോകഭാഷ എന്നീ വിഷയങ്ങൾ ലോകത്തിലെ നല്ല മനുഷ്യരുടെ സ്വപ്നങ്ങളും പ്രചോദനങ്ങളുമായിരുന്നു. ഗതാഗതത്തിന്റെ വേഗം, വാർത്താ വിനിമയങ്ങളുടെ വളർച്ച, വിജ്ഞാനങ്ങളുടെ ഏകോപനം മുതലായ ആധുനിക ശാസ്ത്രത്തിന്റെ സാങ്കേതികത്തറയിൽ ഏകലോകം പിറന്നിരിക്കുന്നു. പക്ഷേ, അത് വിൽക്കി കണ്ട ഏകലോകമല്ല. സാർവ്വദേശീയ വാദത്തിന്റെ എല്ലാ ധാർമ്മിക മൂല്യങ്ങൾക്കും കടകവിരുദ്ധമായ ബഹുരാഷ്ട്ര കുത്തകകളുടെ കോർപറേറ്റ് മൂലധനമുപയോഗിച്ചുള്ള മൂന്നാം ലോക ചൂഷണമാണ് ഗ്ലോബലൈസേഷൻ അഥവാ ആഗോളവത്കരണം. സോവിയറ്റ് യൂനിയന്റെ നേതൃത്വത്തിന്റെ സോഷ്യലിസ്റ്റ് ബ്ലോക്കിന്റെ ശക്തിക്ഷയത്തിന്ന് ശേഷം Neo Liberalism (നവ ഉദാരവാദം) എന്ന പേരിൽ ഇരമ്പിക്കയറുന്ന കോർപറേറ്റ് മുതലാളിത്വം ധാർമ്മികശൂന്യവും നഗ്നവുമായ സാമ്പത്തിക ചൂഷണമാണ് നടത്തുന്നത്. രക്തച്ചൊരിച്ചിലും പട്ടാളവും ഉദ്യോഗസ്ഥവൃന്ദവുമില്ലാതെ മൂലധനമുപയോഗിച്ച് മൂന്നാംലോകത്തെ കോളനിവത്കരിക്കുക എന്നതാണ് ആഗോളവത്കരണത്തിന്റെ സാരാംശം. ■

---

അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു. അവൻ (ആ പിശാച്) അവരോട് വാഗ്ദാനം ചെയ്യുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും ചെയ്യുന്നു. വഞ്ചനാപരമായിട്ടല്ലാതെ പിശാച് അവരോട് (യാതൊന്നും) വാഗ്ദാനം ചെയ്യുന്നില്ല (അന്നിസാഅ് 4:119-121).

**പിൻകുറി:**

യൂറോപ്പിൽ ജനനനിരക്ക് ഭയജനകമാംവിധം കുറഞ്ഞുവരുന്നതായി യൂറോപ്യൻ കമ്മീഷൻ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. നവജാത ശിശുക്കൾ പെരുകുന്നില്ല. പകരം വൃദ്ധജനങ്ങൾ അധികരിക്കുകയാണ്. ഈ വൃദ്ധ ജനസംഖ്യാ സ്ഫോടനം മൂലം സമീപഭാവിയിൽ രാഷ്ട്രത്തിന്ന് തൊഴിലാളികളായ യുവാക്കളിൽ നിന്ന് ലഭിക്കുന്ന നികുതിയേക്കാൾ കൂടുതൽ പെൻഷൻ ഇനത്തിൽ ചെലവ് ചെയ്യേണ്ടിവരുമെന്ന് കമ്മീഷൻ ഭയക്കുന്നു. സംഘർഷഭരിതമായ ദാമ്പത്യവും കുടുംബതകർച്ചയും ഭർത്താവിനു കീഴടങ്ങാതെയുള്ള വഴിവിട്ട സ്വതന്ത്ര ജീവിതവും കൊണ്ടാണ് യൂറോപ്പിലെ സ്ത്രീകൾ പ്രസവിക്കാൻ മടിക്കുന്നത്. ജനനനിരക്ക് അത്യധികം താഴ്ന്നുപോയാൽ യൂറോപ് ക്ലോണിംഗിനെ അഭയം പ്രാപിക്കുമോ? ഭർത്താവെന്ന ശല്യം സഹിക്കാതെ കുഞ്ഞിനെ ലഭിക്കാമെങ്കിൽ യൂറോപ്യൻ ഫെമിനിസം അതിന്റെ നിയമസാധുതക്കുവേണ്ടി പ്രക്ഷോഭം സംഘടിപ്പിച്ചുകൂടെന്നില്ല! ■

തദ്ദേശീയ സമ്പദ്ഘടനയുടെ നാശം, തൊഴിലില്ലായ്മ, യുദ്ധങ്ങൾ, ദാരിദ്ര്യം, പരിസ്ഥിതിനാശം, ജനിതക ഭേദം വരുത്തിയ കാർഷികവിളകളുടെ വിപണനം, പാറ്റന്റിംങ്ങ് നിയമങ്ങളുപ യോഗിച്ച് ബൗദ്ധിക സ്വത്തവകാശ ങ്ങളുടെ കുത്തകവത്കരണം, നഗര വത്കരണം, ദേശീയ സംസ്കാരങ്ങ ളുടെ നാശം, മുതലായ നിരവധി ദുര ന്തങ്ങൾ വിതച്ചുകൊണ്ട് കുതിക്കു ന്ന ആഗോളവത്കരണത്തിനെതിരെയുള്ള ജനകീയ പ്രക്ഷോഭണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. യൂറോപ്പിൽ ഉടലെടുത്ത വേൾഡ് സോഷ്യൽ ഫോറമാണ് (ലോ കസാമൂഹ്യവേദി) ആഗോളവത്കരണ ത്തിന്നെതിരെ 'Another world is possible' (മറ്റൊരു ലോകം സാധ്യമാണ്) എന്ന മുദ്രാവാക്യവുമായി രംഗ പ്രവേ ശനം ചെയ്തിരിക്കുന്നത്.

സമാധാനവാദികൾ, മനുഷ്യാവ കാശ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ മുതലായ മാനുഷിക മൂല്യ ങ്ങളിൽ വിശ്വസിക്കുന്ന സാമൂഹിക പ്രതിബദ്ധതയുള്ള യുവാക്കളാണ് വേൾഡ് സോഷ്യൽ ഫോറത്തിന്റെ പ്രവർത്തകർ. പഴയ കമ്മ്യൂണിസ്റ്റുകൾ ഈ പ്രസ്ഥാനത്തെ നിഴൽപോലെ പിന്തുടരുന്നു. അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്ന അവർ ഇറ്റലിയിലെ ഫ്ളോറൻസിൽ കഴിഞ്ഞ നവംബറിൽ നടത്തിയ ത്രിദിന സമ്മേളനത്തിൽ ആഗോളവത്കരണത്തിന്റെ വിവിധതര ത്തിലുള്ള പ്രത്യാഘാതങ്ങളെപറ്റി 143 സെമിനാറുകളിലായി ചർച്ച ചെയ്തു. നവംബർ 10ന്ന് അമേരിക്കയുടെ ഇറാ ക്കിന്നെതിരെയുള്ള യുദ്ധസന്നാഹ ങ്ങൾക്കെതിരെ വേൾഡ് സോഷ്യൻ ഫോറം പ്രവർത്തകർ (യൂറോപ്യൻ സോഷ്യൽ ഫോറം ഘടകം) നടത്തിയ ഐതിഹാസികമായ പ്രകടനം യൂറോപ്പ് കണ്ട ഏറ്റവും വലിയ പ്രകടനങ്ങളിലൊ ന്നായിരുന്നു. അഞ്ച് ലക്ഷത്തോളം ആളുകൾ അതിൽ പങ്കെടുത്തു. വേൾഡ് സോഷ്യൽ ഫോറത്തിന്റെ ഏഷ്യൻ സമ്മേളനം കഴിഞ്ഞ ജനുവരി തുടക്കത്തിൽ ഹൈദരാബാദിലും നട ക്കുകയുണ്ടായി. ഇന്ത്യൻ സോഷ്യൽ ഫോറത്തിന്റെ കേരള ചാപ്റ്ററിന്റെ സംഗമം ജനുവരി അവസാനത്തിൽ തിരുവനന്തപുരത്ത് നടന്നത് ശ്രദ്ധേയ മായി. അഭൂതപൂർവ്വമായ രീതിയിൽ ആഗോളവത്കരണത്തിനെതിരെയുള്ള പ്രതിഷേധങ്ങളാണ് വേൾഡ് സോഷ്യൽ ഫോറത്തിന്റെ വേദികളിൽ നിന്നും ഉയർന്ന് കേൾക്കുന്നത്. ദ്രുതഗ തിയിൽ വളരുന്ന ഈ പ്രസ്ഥാനം ഭര ണകൂടങ്ങൾ പിടിച്ചടക്കുകയാണെങ്കിൽ ലോകത്ത് വ്യക്തമായ ശാക്തിക ചേരി കൾ രൂപപ്പെടാൻ സാധ്യതയുണ്ട്. സോഷ്യൽഫോറങ്ങളുടെ പ്രത്യയ ശാസ്ത്രപരമായ നിറം എന്താണെന്ന് ഇതുവരെ വ്യക്തമായിട്ടില്ല. ഒരു കാര്യം തീർച്ച. അഹ്മദിയ്യാ മുസ്ലിം ജമാ അത്ത് വിഭാവനം ചെയ്യുന്ന കേവല മാനുഷികനീതിയിലധിഷ്ഠിതമായ ഒരു ലോകക്രമത്തിൽ മാത്രമേ നീതിപൂർണ്ണ മായ മറ്റൊരു ലോകം സാധ്യമാവുകയു ള്ളൂ. ബഹുസ്വരതയുടെ രമ്യമനോഹര മായ സാമഞ്ജസ്യം അഹ്മദിയ്യാ ലോക്രമത്തിൽ സാധ്യമാണ് എന്ന് ഉണർത്തട്ടെ.

പതിനാറാം നൂറ്റാണ്ടുമുതൽ യൂറോ പ്പിൽ പരസ്പരം മത്സരിച്ചിരുന്ന ശാക്തിക ചേരികളുണ്ടായിരുന്നു. സ്പാനിഷ് പോർട്ടുഗീസ് സഖ്യം ഡച്ചു കാർക്കെതിരെയും, ബ്രിട്ടീഷുകാർ ഫ്രഞ്ചുകാർക്കെതിരെയും, ജർമ്മനി, ജപ്പാൻ മറ്റുള്ളവർക്കെതിരെയും സാമ്പ ത്തിക രാഷ്ട്രീയകിടമത്സരങ്ങളി ലേർപ്പെട്ടു. യൂറോപ്പ്യൻ നാടുകളെ കേന്ദ്രീകരിച്ച് സംഭവിച്ച ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്ക് ശേഷം ആ നാടുകൾ ഏറെക്കുറെ പൂർണ്ണമായും നശിച്ചൊടുങ്ങി. ഈ പശ്ചാത്തലത്തിൽ അമേരിക്കയിലെ ബ്രട്ടൻവുഡ് എന്ന സ്ഥലത്ത് വിശ്രുത സാമ്പത്തിക പണ്ഡിതൻ ജെ.യം. കെയ്ൻസ് പ്രഭു വിന്റെ നേതൃത്വത്തിൽ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും സമ്മേളിക്കു കയും യൂറോപ്പിന്റെ വികസനത്തിനും പുനർനിർമ്മാണത്തിനും വേണ്ടി ഒരു സാമ്പത്തിക നിധിയും (International Bank for Reconstruction and Development-IBRD-ഇതാണ് പിന്നീട് ലോകബാങ്ക് ആയി മാറിയത്) അതിന്റെ പ്രവർത്തനത്തിന് ഒരു സാമ്പ ത്തിക കാര്യ ഏജൻസിയും ഇന്റർ നാഷനൽ മോണിറ്ററി ഫണ്ടും (IMF) രൂപവത്കരിക്കുകയുണ്ടായി. അതോ ടൊപ്പം തന്നെ അന്തർദേശീയ വ്യാപാ രത്തിന്നായുള്ള ഒരു ആഗോള വ്യാപാര സംഘടനക്കും രൂപരേഖ തയ്യാറാക്കിയി രുന്നു. അമേരിക്കയാണ് ലോകബേ ങ്കിന്റെ മുഖ്യ മൂലധന നിക്ഷേപകൻ. അറുപതുകളുടെ പകുതിയായപ്പോ ഴേക്കും യുദ്ധത്തിൽ തകർന്ന യൂറോ പ്യൻ രാജ്യങ്ങളുടെ വികസന പ്രശ്ന ങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെട്ടു. മറ്റൊരർത്ഥത്തിൽ ലോകബാങ്കും, IMF ഉം നിർദ്ദിഷ്ടലക്ഷ്യം കൈവരിക്കുകയു ണ്ടായി. അവരുടെ സാമ്പത്തികനില ഭദ്ര മായതിന് ശേഷം ലോകബേങ്കിന്റെ മൂല ധനമുപയോഗിച്ച് പഴയ കോളനികളായ മൂന്നാംലോക ദരിദ്രരാജ്യങ്ങൾക്ക് പലിശ വ്യവസ്ഥയിൽ പണം കടം കൊടുത്തും പകരം വ്യവസ്ഥകളും കരാറുകളും അടിച്ചേൽപ്പിച്ചുകൊണ്ട് നവ കൊളോണിയലിസത്തിന്ന് സമ്പ ന്നരാഷ്ട്രങ്ങൾ ഇറങ്ങിതിരിച്ചിരിക്കുക യാണ്. ലോകബേങ്ക് എന്നത് ഐക്യ രാഷ്ട്രസഭയുടെ കീഴിൽ പാവപ്പെട്ട രാജ്യങ്ങളെ സഹായിക്കാനുള്ള ഒരു സാമ്പത്തിക സ്ഥാപനമൊന്നുമല്ല. അതിസമ്പന്ന രാജ്യങ്ങളുടെ സാമ്പ ത്തിക താത്പര്യങ്ങൾക്ക് മുൻതൂക്കമു ള്ളതും അവർ നിയന്ത്രിക്കുന്നതുമായ ഒരു ധനകാര്യസ്ഥാപനം മാത്രമാണത്.

പഴയകാലത്ത് ശാക്തിക മത്സരങ്ങ ളിലേർപ്പെട്ട പശ്ചിമ യൂറോപ്പ്യൻ രാജ്യ ങ്ങൾ രണ്ടാം ലോക മഹായുദ്ധത്തിന്ന് ശേഷം അവരുടെ പഴയ രാഷ്ട്രീയ കിട മത്സരങ്ങളിലേക്ക് തിരിച്ചുപോയില്ല. പകരം സോവിയറ്റ് റഷ്യയെയും അനു ബന്ധരാജ്യങ്ങളേയും മുഖ്യ പ്രതിയോ ഗികളാക്കി ഒരു ശാക്തിക കിടമത്സര ത്തിൽ ഒന്നിച്ചു കക്ഷിചേർക്കുകയാണു ണ്ടായത്. സോവിയറ്റ് യൂനിയന്റെ തകർച്ചക്ക് ശേഷവും അവർ ഭിന്നിച്ചി ല്ല. അതിസമ്പന്ന രാജ്യങ്ങളുടെ ജി-7 സഖ്യം, വേൾഡ് ബേങ്ക്, IMF, വേൾഡ് ട്രെയ്ഡ് ഓർഗനേസേഷൻ നാറ്റോ സൈനിക സഖ്യം എന്നീ ചൂഷണ ത്തിന് അനുകൂലമായ ഘടകങ്ങൾ അവരെ ഒന്നിച്ചുനിർത്തി. അതോടൊപ്പം

തന്നെ ചൂഷക മുതലാളിത്വത്തിന്റെ സഹജഗുണമായ കിടമത്സരങ്ങളും അവരിൽ പ്രകടമാണ്. പശ്ചിമ യൂറോപ്യൻ രാജ്യങ്ങളുടെ യൂറോ സഖ്യം അമേരിക്കൻ മേധാവിത്വത്തിൽ നിന്നു വേറിട്ട ഒരു ശാക്തിക മത്സരത്തിന്ന് സാധ്യതയുള്ള വേദിയാണല്ലോ. എങ്കിലും ആ ഗോളവത്കരണത്തിലും ഇറാഖ് പ്രശ്നത്തിലും യൂറോപ്യൻ ഭരണാധികാരികൾക്ക് ഏറെക്കുറെ ഒരേ സ്വരം തന്നെയാണുള്ളത്.

സ്വച്ഛന്ദസ്വാതന്ത്ര്യം (Laissez faire) എന്ന മുതലാളിത്ത തത്വത്തിന്റെ പ്രചാരകരാണ് ആഗോളവത്കരണക്കാർ. അതിസമ്പന്ന രാജ്യങ്ങളും കോർപ്പറേറ്റ് ഭീമൻമാരുമായി മത്സരിക്കാൻ ആസൂത്രണ സമ്പദ്ഘടനയുള്ള ദരിദ്രരാജ്യങ്ങൾക്കും തദ്ദേശീയ ചെറുകിട കമ്പനികൾക്കും സാധ്യമല്ലാതെ വരുന്നു എന്നതാണ് യാഥാർത്ഥ്യം. സേവനമേഖലകളിൽനിന്നുപോലും സർക്കാറുകളെ പിൻവലിപ്പിച്ചുകൊണ്ട് ചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്ത താത്പര്യങ്ങൾ നിയന്ത്രണമേറ്റെടുക്കുമ്പോൾ ദരിദ്രകോടികൾക്ക് ജീവിതം ദുസ്സഹമായിത്തീരുന്നു.

പത്തു വർഷം മുമ്പ് ത്വരിതവേഗം കൈവന്ന ആഗോളവത്കരണത്തിലെ കടംവാങ്ങൽ ഭ്രമം ഇപ്പോൾ കേരളത്തെയും ഗ്രസിച്ചിരിക്കുന്നു. പലിശ നൽകിയും പരിസ്ഥിതിയെ അപകടപ്പെടുത്തുന്ന കരാറുകളിൽ ഒപ്പിട്ടും ആവുന്നത്ര വിദേശമൂലധനം കടംവാങ്ങാനുള്ള മിടുക്കാണ് വികസനമെന്ന് തെറ്റിദ്ധരിച്ചിരിക്കുകയാണ് നമ്മുടെ ഭരണാധികാരികൾ. സ്വന്തം ദേശത്തെ വിഭവങ്ങൾ മനുഷ്യശേഷി ഉപയോഗിച്ച് പരിസ്ഥിതിക്ക് നാശം വരുത്താതെ വിവേചനപൂർവ്വം സുസ്ഥിര വികസനത്തിന് ഉപയോഗിക്കുകയാണ് ഭരണാധികാരികൾ ചെയ്യേണ്ടത്. ആഗോളവത്കരണയുഗത്തിലെ കടംവാങ്ങിയുള്ള വികസന മുദ്രാവാക്യങ്ങൾ അപകടകരമാണെന്ന് തിരിച്ചറിവ് നമ്മുടെ ഭരണാധികാരികൾക്ക് എന്നാണ് കൈവരുക.

ഭൗതിക സമ്പത്ത് വെട്ടിപ്പിടിക്കാൻ ആഗോളവത്കരണം എന്ന പേരിൽ ലോകംമുഴുവൻ ചൂഷണതന്ത്രം മെനയുന്നവർ വിനാശത്തിലേക്കും മഹായുദ്ധങ്ങളുടെ നരകാഗ്നിയിലേക്കും തള്ളപ്പെടുമെന്ന് ഖുർആൻ പറയുന്നു. "(ഭൗതികനേട്ടങ്ങളുടെ) വർദ്ധനവിനു വേണ്ടിയുള്ള കിടമത്സരങ്ങൾ നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ (സർവ്വനാശം) സന്ദർശിക്കുവോളം തീർച്ചയായും നിങ്ങൾ നരകത്തെ കാണും" (102:2-7). പാശ്ചാത്യ കൊളോണിയൽ ശക്തികളായ യഅ്ജൂജ് മഅ്ജൂജ് അതിന്റെ ആഗോളസഞ്ചാരത്തിന് ശീഘ്രഗതി വരുന്നതിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു. "അന്ന് അവരിൽ ചിലരെ മറ്റുചിലർക്കെതിരിൽ തിരമാലകൾ കണക്കെ ഇരമ്പിക്കയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെ എല്ലാവരെയും ഒരുമിച്ചുകൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുമ്പിൽ നരകത്തെ ശരിയാംവണ്ണം നാം പ്രദർശിപ്പിക്കും."

ആഗോളവത്കരണത്തിനെതിരെ മറ്റൊരു ലോകം സാദ്ധ്യമാണോ? വേൾഡ് സോഷ്യൽ ഫോറം അങ്ങനെയൊരു സാധ്യത ആരായുകയാണ്. ഒരു കാര്യം ഉണർത്തട്ടെ പ്രകൃതിയും മാനവീകതയുമായി തദാത്മ്യം പ്രാപിച്ച അഹ്മദിയ്യാ ജമാഅത്തിലൂടെ അത് സാധ്യമാണ്. ധാർമ്മിക വിശുദ്ധിയുള്ള ഒരു ലോകക്രമത്തിന്നേ സുസ്ഥിരക്ഷേമം പ്രധാനം ചെയ്യാൻ കഴിയും എന്ന് മനുഷ്യസ്നേഹികൾ അറിയേണ്ടിയിരിക്കുന്നു. ■

---

***പേജ് ഒമ്പതിൽ നിന്ന്***

മസ്ജിദുന്നബ്വിയും പുണ്യാത്മാക്കളുടെ കബറുകളും അവിടെ ഉള്ളത്കൊണ്ടാണ് എന്നതിൽ യാതൊരു സംശയവുമില്ല. സഊദി ഭരണകൂടം 800 മില്ല്യൻ സഊദി റിയാൽ ചെലവഴിച്ചാണ് പരിശുദ്ധ കഅ്ബയെ ഇത്രയും വിപുലീകരിച്ചത്. ഇന്നിപ്പോൾ 6,05,000 പേർക്ക് ഒരേ സമയത്ത് നമസ്കരിക്കാനുള്ള സൗകര്യവും അല്ലാഹുവിന്റെ പ്രഥമ ഭവനത്തിലുണ്ട്. ലോകത്തിന്റെ നാനാഭാഗത്ത് നിന്നും കോടിക്കണക്കായ മുസ്‌ലിംകൾ ഈ പരിശുദ്ധ ഭവനത്തിന്റെ നേർക്ക് നിന്ന് കൊണ്ടാണ് തങ്ങളുടെ ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുന്നത്.

ലോകത്തുള്ള ഒരു മുസൽമാനും പരിശുദ്ധ കഅ്ബയെ ആരാധിക്കുകയോ ഹജ്‌റുൽ അസ്‌വദിനോട് തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുകയോ ചെയ്യുന്നില്ല. അവിടങ്ങളിൽ ചെയ്യപ്പെടുന്ന ത്വവാഫും അനുഷ്ഠാന കർമ്മങ്ങളുമെല്ലാം തന്നെ സർവ്വശക്തനായ അല്ലാഹുവിനോട് ചെയ്യപ്പെടുന്ന സ്നേഹപ്രകടനങ്ങൾ മാത്രമാണ്. ലക്ഷക്കണക്കിനാളുകൾ ഓരോ വർഷവും അല്ലാഹുവിന്റെ ഈ പരിശുദ്ധ ഭവനത്തെ ത്വവാഫ് ചെയ്തുകൊണ്ട് ഇസ്‌ലാമിലെ നിർബന്ധ കർമ്മമായ ഹജ്ജ് നിർവഹിക്കുകയും ചെയ്യുന്നു.

ഹസ്റത്ത് മസീഹ് മഊദ് (അ) അരുൾ ചെയ്യുന്നു: "ഭൂമിയിൽ ഒരു ബൈത്തുല്ലാ ഉള്ളത്പോലെ തന്നെ ഉപരിലോകത്തും ഒരു ബൈത്തുല്ലാ ഉണ്ട്. ഏതുവരെ മനുഷ്യൻ ഇവിടത്തെ ബൈത്തുല്ലായെ ത്വവാഫ് ചെയ്യുന്നില്ലയോ അതുവരെ അവിടെയും (ഉപരിലോകത്തെ ബൈത്തുല്ലായുടെയും) ത്വവാഫ് അസാദ്ധ്യമാകുന്നു. അല്ലാഹുവിനോടുള്ള സ്നേഹപ്രകടനമെന്നോണമാണ് മനുഷ്യൻ ബാഹ്യമായിട്ട് പരിശുദ്ധ കഅ്ബയെ ചുറ്റുന്നത്. വാസ്തവത്തിൽ ഇത് സ്നേഹപ്രകടനത്തിന്റെ ഒരു മാതൃകയാണ്. അല്ലാഹു പറയുന്നു: "നോക്കുക! ഇതെന്റെ ഭവനമാണ്. ഈ ഹജ്‌റുൽ അസ്‌വദ് എന്റെ മടിയിലെ കല്ലാണ്!"

പ്രസ്തുത കൽപ്പന പ്രകാരമാണ് ഹജ്ജ് ചെയ്യുന്നവർ അല്ലാഹുവിനോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിച്ചുകൊണ്ട് ബാഹ്യമായി അല്ലാഹുവിന്റെ ഭവനത്തെ വലയം ചെയ്യുന്നതും (ത്വവാഫ്) ഹജ്‌റുൽ അസ്‌വദിനെ അല്ലാഹുവിന്റെ മടിയിലെ കല്ലാണെന്ന് സങ്കൽപ്പിച്ചുകൊണ്ട് ഉമ്മവെക്കുന്നതും. ഈ ഒരു ബാഹ്യമായ ആവേശം മുഖേന ആത്മീയമായ അനുഭൂതിയും സ്നേഹവും സംജാതമാകുന്നു." ■

(ചശ്മയെ മഅ്രിഫഃ പേ: 91-93)

അല്ലാഹുവിന്റെ റസാഖ്


# ഇറാഖിന് ഏതാനും ദിവസങ്ങൾ മാത്രം

അഞ്ചു നൂറ്റാണ്ടുകളോളം ഇസ്‌ലാമിലെ അബ്ബാസിയ ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്ന ബാഗ്ദാദ് ലോകനാഗരികതയുടെ അരങ്ങേറ്റ ഭൂമികൂടിയാണ്. യൂഫ്രട്ടീസ് ടൈഗ്രീസ് നദികൾക്കിടയിലെ മെസപ്പൊട്ടോമിയ ഇറാഖ് ഭൂമിയിലാണ് നിലകൊള്ളുന്നത്. ചരിത്രവും സംസ്ക്കാരവും സമ്മേളിക്കുന്ന ഇറാഖ് ഭൂമിയിൽ അമേരിക്കയുടെ പൈശാചിക അക്രമണത്തിന് ഇനി ഏതാനും നാളുകൾ മാത്രം. ഇന്ന് ജീവിച്ചിരിക്കുന്ന ഒരു പിഞ്ചുകുഞ്ഞുപോലും അമേരിക്ക ഇറാഖിനെതിരെ നടത്തുന്ന പടയൊരുക്കം തികഞ്ഞ അനീതിയാണെന്ന് പറയും. ലോകനേതാക്കന്മാരെല്ലാം അരുത് എന്ന് അഭ്യർത്ഥിച്ചിട്ടും കിരാതനായ രക്തരക്ഷസ്സിനെപ്പോല ഇറാഖിന്റെ രക്തവും എണ്ണയും ഊറ്റിക്കുടിക്കാൻ അമേരിക്ക യാതൊരു കൂസലുമില്ലാതെ അടിവെച്ചടുക്കുകയാണ്. ക്രിസ്തുമതം എന്ന ഒരു മതം ജീവിച്ചിരിപ്പുണ്ടെങ്കിൽ നിരപരാധികളായ ഒരു ജനതക്കെതിരെ കൊലക്കത്തിയുമായി പാഞ്ഞടുക്കുന്ന ഈ ക്രിസ്തീയ രാജ്യത്തെ തടഞ്ഞുവെക്കാനുള്ള ധാർമ്മികബലം സഭക്കില്ലേ? ജോർജ് ബുഷ് ആണെങ്കിൽ കറകളഞ്ഞ ഒരു സത്യക്രിസ്ത്യാനിയുമാണ്. ചരിത്രത്തിൽ ഇങ്ങനെ ക്രിസ്ത്യാനികൾ കൂട്ടക്കൊലയും കശാപ്പും നടത്തുമ്പോഴെല്ലാം നിസ്സംഗനായി നോക്കിനിൽക്കുകയും ചിലപ്പോൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവന്നിരുന്ന പേപ്പസിയുടെ മൗനം കുറ്റകരമാണെന്നുകൂടി ഓർമ്മിപ്പിക്കട്ടെ.

യു.എൻ. ആയുധപരിശോധകൻ ആൻസ് ബ്ലിക്സും ആണവോർജ്ജ ഏജൻസി തലവൻ മുഹമ്മദ് അൽ ബറാതിയും ഇറാഖിൽ കൂട്ടനശീകരണ ആയുധങ്ങൾ ഉണ്ടോ എന്ന് അരിച്ചുപെറുക്കുമ്പോൾ ഇറാഖിനെ അക്രമിക്കാനുള്ള പിന്തുണക്കായി രാജ്യതലസ്ഥാനങ്ങളിലേക്ക് ദൂതന്മാരെ അയയ്ക്കുന്ന അമേരിക്കക്ക് ആയുധ പരിശോധനാ റിപ്പോർട്ട് അനുകൂലമാണെങ്കിലും അല്ലെങ്കിലും ഇറാഖിനെ അക്രമിക്കാതിരിക്കാൻ അതൊരു കാരണമായില്ല. ബ്ലിക്സിന്റെ റിപ്പോർട്ട് അൽപ്പം അനുകൂലമായപ്പോൾ അമേരിക്കക്ക് ചോര നുണയുന്ന ദംഷ്ട്രം വെളിവാക്കി ആഹ്ലാദിക്കുമെന്നു മാത്രം. ബ്ലിക്സിന്റെ റിപ്പോർട്ടിൽ ഇറാഖ് യു എന്നിന് സമർപ്പിച്ച 12000 പേജുവരുന്ന അവരുടെ രാജ്യത്തിന്റെ ആയുധത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ പൂർണ്ണമായും ഇറാഖ് നീതി പുലർത്തിയിട്ടില്ല എന്ന അഭിപ്രായപ്രകടനമാണ് നടത്തിയത്. ആയുധ പരിശോധനയോട് ഇറാഖ് പൂർണ്ണമായും സഹകരിച്ചിട്ടുണ്ടെന്നും ബ്ലിക്സ് പറഞ്ഞിട്ടുണ്ട്. മാരകായുധങ്ങൾ ഉണ്ടെന്നോ ഇല്ലെന്നോ തീർത്ത് പറയാൻ സാദ്ധ്യമല്ല എന്ന് അദ്ദേഹം പറയുന്നു. അമേരിക്കക്ക് അക്രമണത്തിനുള്ള ന്യായീകരണമായി ഇത് ധാരാളം. അതേസമയം ആണവോർജ്ജ ഏജൻസി തലവൻ മുഹമ്മദ് അൽബറാദിയുടെ റിപ്പോർട്ടിൽ ഇറാഖ് ആണവായുധങ്ങളെ വികസിപ്പിച്ചെടുത്തതിന് ഇതുവരെ യാതൊരു തെളിവും ലഭിച്ചിട്ടില്ലെന്ന് തീർത്തു പറയുന്നു.

ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം ബ്രിട്ടന്റെ മാൻഡേറ്ററി ഭരണത്തിന് കീഴിലായിരുന്ന ഇറാഖ് (1921ൽ) ഫൈസൽ ഒന്നാമനെ ആദ്യത്തെ ആശ്മിയ രാജാവ് ഭരണാധികാരിയായി വാഴിക്കപ്പെട്ടു. ആഭ്യന്തരസമരത്തിലൂടെയും നിരന്തര ചർച്ചയിലൂടെയും 1932ൽ സ്വാതന്ത്ര്യം ലഭിച്ച ഇറാഖ് 1958ൽ അറഫ് ഫെഡറേഷൻ ജോർദ്ദാനുമായി ചേരുകയാണുണ്ടായത്. 1958 ജൂലായ് 14 ഒരു സൈനിക വിപ്ലവത്തിലൂടെ റിപ്പബ്ലിക് ആയി മാറിയ ഇറാഖിൽ പത്തുവർഷത്തിനുശേഷം 1968ൽ സദ്ദാം ഹുസൈന്റെ ബഅസ് സോഷ്യലിസ്റ്റ് പാർട്ടി അധികാരം ഏറ്റെടുക്കുകയാണുണ്ടായത്. പേർഷ്യൻ ഗൾഫിലെ ശത്തുൽ അറബ് ജലപാതയുടെ ആധിപത്യത്തിനുവേണ്ടി ഇറാനുമായി ദീർഘയുദ്ധം നടത്തിയ സദ്ദാം അമേരിക്കയുടെയും അറബ് ലോകത്തിന്റെയും കണ്ണിലുണ്ണിയായിരുന്നു. 1999ലാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണമായ കുവൈത്ത് അക്രമണം നടത്തിയത്. ശക്തവും സമ്പന്നവുമായിരുന്ന ഇറാഖ് ഒരു തന്ത്രപ്രധാനമായ ഒരു ഭൂമി ശാസ്ത്രമേഖലയാണ്. ന്യായവിരുദ്ധമായി സ്ഥാപിക്കപ്പെട്ട ഇസ്റയേൽ ശക്തമായ മുസ്‌ലിം രാജ്യങ്ങളെ ഒരു ഭീഷണിയായി കാണുന്നു. പോരെങ്കിൽ ലോകത്തിൽവെച്ച് ഏറ്റവും സമ്പന്നമായ എണ്ണ ശേഖരം ഇറാഖിലാണുള്ളത്. ഈ രണ്ടു ഘടകങ്ങളാണ് ഇറാഖിനെതിരെയുള്ള ഗൂഡാലോചനക്ക് നിദാനം. രാഷ്ട്രീയമായ നൈതികതയിൽ ധാർമ്മികവും ബോധവും കാറ്റിൽ പറത്തി വൻകൊള്ളക്കൊരുങ്ങുന്ന അമേരിക്ക ഇത്രതരം താഴ്ന്നത് ജൂതകൂട്ടുകെട്ടുകൊണ്ടാണെന്ന് വ്യക്തം. തീർച്ചയായും അമേരിക്ക ചരിത്രത്തിന്റെ ഒരു ബാദ്ധ്യതയായി മാറുകയാണ്. ലോകരാഷ്ട്രീയ സദാചാരം ഇത്രയും മാരകമായി മലിനീകരിക്കപ്പെടുമ്പോൾ വരാനിരിക്കുന്ന നാളുകൾ ആഗോളസംഘർഷങ്ങളും യുദ്ധങ്ങളും നിറഞ്ഞതായി മാറും. അതിന്റെ ഉത്തരവാദിത്വം അമേരിക്കക്കും യഹൂദികൾക്കുമായിരിക്കും. ■

# മലിക് സലാഹുദ്ധീൻ സാഹിബ്



സുപ്രസിദ്ധ അഹ്മദിയ്യാ ചരിത്രകാരനും സമുന്നത പണ്ഡിതനുമായ ജനാബ് മലിക് സലാഹുദ്ധീൻ സാഹിബ് എം.എ. വാർദ്ധക്യ സഹജമായ രോഗത്താൽ ഫെബ്രുവരി രണ്ടാംതിയ്യതി രാവിലെ ഖാദിയാനിൽ വഫാത്തായി. ഇന്നാലില്ലാഹി ....


വാഗ്ദത്ത മസീഹിന്റെ അറുപതിൽപ്പരം സഹാബാക്കളുടെ ജീവചരിത്രങ്ങൾ അടങ്ങിയ "അസ്ഹാബെ അഹ്മദ്" എന്ന ഗ്രന്ഥസമുച്ചയം അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതിയാണ്. അഹ്മദിയ്യാ ജമാഅത്ത് ഭാരതിന്റെ പല വകുപ്പുകളുടെയും ഉന്നതമേധാവിയായി പ്രവർത്തിച്ച പരേതൻ ഇന്ത്യാ വിഭജനത്തിനുമുമ്പ് രണ്ടാം ഖലീഫ ഹസ്റത്ത് മുസ്ലിഹ്മൗഊദിന്റെ (റ) പ്രൈവറ്റ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മലിക് സലാഹുദ്ദീൻ സാഹിബിന്റെ നിര്യാണത്തിൽ അഹ്മദിയ്യാ ജമാഅത്ത് സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് അനുശോചനം രേഖപ്പെടുത്തി. പരേതന്റെ സന്തപ്ത കുടുംബങ്ങൾക്ക് അദ്ദേഹം അനുശോചനം അറിയിക്കുകയും ചെയ്തു.

# എൻ. ഇബ്റാഹിം സാഹിബ്




നടുവിലകത്ത് ഇബ്റാഹിം സാഹിബ് ജനുവരി 25ന് ചരമം പ്രാപിച്ചു. ഇന്നാലില്ലാഹി.... ഹൃദയസ്തംഭനം മൂലം സ്വകാര്യ ആശുപത്രിയിലാണ് അന്ത്യമുണ്ടായത്. 73 വയസ്സായിരുന്നു.

കണ്ണൂരിലെ ആദ്യകാല അഹ്മദിയ്യാ ചരിത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന മർഹൂം ഇ. മുഹമ്മദ് കുഞ്ഞി സാഹിബിന്റെ കനിഷ്ഠപുത്രനാണ് ഇബ്റാഹിം സാഹിബ്. ഭാര്യ എൻ. ഹാമിദ് സാഹിബിന്റെ സീമന്ത പുത്രി എടപ്പകത്ത് സുബൈദയാണ്. സാജിദ, റാശിദ, മുബശ്ശിറ എന്നിവർ പുത്രിമാരും, കെ. മുഹമ്മദ് സലിം (മദ്രാസ്), ഇ.വി. ഹാരിസ്, എൻ. ഇഅ്ജാസുൽ ഹഖ് (ദുബായ്) എന്നിവർ ജാമാതാക്കളുമാണ്. സത്യദൂതൻ മുൻ പത്രാധിപർ എൻ. അബ്ദുർറഹീം സാഹിബ് പരേതന്റെ പിതൃസഹോദരന്റെയും മാതൃസഹോദരിയുടെയും പുത്രനാണ്. പരേതന് അല്ലാഹു മഗ്ഫിറത്തും പരലോക സൗഭാഗ്യങ്ങളും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)



*ഖുദ്ദാമുൽ അഹ്മദിയ്യ (അഹ്മദിയ്യ യുവജനവിഭാഗം) ഈദുൽഫിത്ർ ദിനത്തിൽ കണ്ണൂർ ചൊവ്വയിലെ 'പ്രത്യാശാഭവൻ' എന്ന അഗതിമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് അരിയും വസ്ത്രവും മറ്റു ഭക്ഷണപദാർത്ഥങ്ങളും നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്യുന്നു*



## വഖ്ഫെ നൗ സെക്രട്ടറി

വഖ്ഫെ നൗ സംസ്ഥാന സെക്രട്ടറിയായി സജിദ് സാഹിബ് പടിയത്തിനെ കേരള അമീർ സാഹിബ് നിയമിച്ചത് കേന്ദ്രവഖഫ് നൗ സെക്രട്ടറി അംഗീകരിച്ചിരിക്കുന്നു.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

2002 വർഷത്തെ സത്യദൂതൻ വരിസംഖ്യ കുടിശ്ശികയുള്ള വരിക്കാർ കുടിശ്ശികയും 2003 വർഷത്തേക്കുള്ള വരിസംഖ്യയും ഉടൻതന്നെ താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരുവാൻ അപേക്ഷിക്കുന്നു. ഇനിയും വരിസംഖ്യ പുതുക്കാത്ത വരിക്കാർ ദയവ്ചെയ്ത് ഉടൻ തന്നെ അവരുടെ വരിസംഖ്യ അയച്ചുതരുവാൻ അപേക്ഷിക്കുന്നു. വരിസംഖ്യ ഒരു വർഷത്തേയ്ക്ക് 100 രൂപ.

*വിലാസം:*

**മാനേജർ, സത്യദൂതൻ**
**G.H. റോഡ്, കോഴിക്കോട് – 1**

## *തിരുത്ത്*

ജനുവരി ലക്കം സത്യദൂതനിൽ മാസപ്പിറവി അറിയിപ്പ് –2003 എന്ന പ്രസ്താവനയിൽ '2–2–2003 ഉച്ചക്ക് ശേഷം 4–18നാണ് അമാവാസി സംഭവിക്കുക.' എന്നത് 1–2–2003 ഉച്ചക്ക് ശേഷം 4–18നാണ് അമാവാസി സംഭവിക്കുക എന്ന് തിരുത്തി വായിക്കുക. അച്ചടിയിൽ വന്ന ഈ പിശകിൽ ഖേദം പ്രകടിപ്പിക്കുന്നു.

**–പത്രാധിപർ**